VEDAPRACHARA
MADHYASTHAN
വാല്യം 97
ലക്കം 03
2024 സെപ്റ്റംബർ

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



The official organ of
the Archeparchy of Changanacherry

2024
സെപ്റ്റംബർ

# ആശംസകൾ



അതിരൂപതയുടെ നിയുക്തമെത്രാപ്പോലീത്താ

**അഭി. മാർ തോമസ് തറയിൽപിതാവിന്**

അതിരൂപതാകുടുംബത്തിന്റെ

പ്രാർഥനാശംസകൾ

# നന്ദിയോടെ...



മെത്രാപ്പോലീത്തായായി അതിരൂപതയെ 17 വർഷം നയിച്ച

## അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന്

### അതിരൂപതാകുടുംബത്തിന്റെ
### നന്ദിയുടെ നറുമലരുകൾ

(19 മാർച്ച് 2007 - 30 ഓഗസ്റ്റ് 2024)

## മെത്രാപ്പോലീത്താ പ്രഖ്യാപനം
### മൗണ്ട് സെന്റ് തോമസ്, കാക്കനാട്
### (30 ഓഗസ്റ്റ് 2024)





'നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ'
(ഉൽപത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


## ചങ്ങനാശ്ശേരി അതിരൂപത

സ്ഥാപിതം: 20 മെയ് 1887

വാല്യം 97 ● ലക്കം 03 ● സെപ്റ്റംബർ 2024

# ഉള്ളടക്കം


ഇടയലേഖനം- ആരാധനാകർമങ്ങളും ഭക്തികളും ക്രൈസ്തവ ജീവിതത്തിൽ (24 PL. 42-391) ............ 07
സർക്കുലർ- വയനാട് ദുരിതാശ്വാസനിധി (24 Ch. 307-390) ........... 13
മേജർ ആർക്കി എപ്പിസ്കോപ്പൽ ലെറ്റർ ഓഫ് കാനോനിക്കൽ പ്രൊവിഷൻ ............ 16
കച്ചേരിക്കാര്യം ............ 18
വയനാട് ദുരിതാശ്വാസനിധി റിപ്പോർട്ട് ............ 19
അനുസ്മരണം- ഫാ. തോമസ് ആലുംപറമ്പിൽ ............ 23
പബ്ലിക് റിലേഷൻസ്- ജാഗ്രതാസമിതി ............ 25
സന്ദേശനിലയം ............ 27
ചെറുപുഷ്പ മിഷൻലീഗ് ............ 30
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ ............ 32
ഫാമിലി അപ്പോസ്തലേറ്റ് ............ 36
യുവദീപ്തി- എസ്.എം.വൈ.എം. ............ 40
കെ.സി.എസ്.എൽ. ............ 41
സീയോൻ ധ്യാനകേന്ദ്രം ............ 43
കാർപ് ............ 44
ചാസ്സ് ............ 45
ചാസ്സ്- ഖാദി ............ 55
ക്രിസ്സ് ............ 56
ജീവകാരുണ്യനിധി ട്രസ്റ്റ് ............ 57
ആതുരശുശ്രൂഷാമേഖല ............ 58
പ്രവാസി അപ്പോസ്തലേറ്റ് ............ 61
കത്തോലിക്കാകോൺഗ്രസ് ............ 62
കെ.എൽ.എം. ............ 66
ആത്മതാകേന്ദ്രം ............ 68
ഡി.സി.എം.എസ്. ............ 69
ഫ്രാൻസിസ്കൻ അല്മായസഭ ............ 71
വിൻസെൻഷ്യൻ വേദി ............ 72
കരിസ്മാറ്റിക് നവീകരണം ............ 74
പൗരോഹിത്യ ആധ്യാത്മികത ............ 75
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ............ 81
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് ............ 89
ഐക്കൺവിവരണം ............ 92



വേദപ്രചാര മദ്ധ്യസ്ഥൻ
ചങ്ങനാശ്ശേരി അതിരൂപതാ മുഖപത്രം



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com



**ANNUAL SUBSCRIPTION: ₹ 300/-**

24 PL. 42-391

# ഇടയലേഖനം

**കർത്താവിന്റെ ദാസനും ദൈവനിശ്ചയത്താൽ**
**ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായ**
**ജോസഫ് പെരുന്തോട്ടം**
**തന്റെ അതിരൂപതയിലെ വൈദികർക്കും**
**സമർപ്പിതസമൂഹങ്ങൾക്കും**
**ദൈവജനം മുഴുവനുമായി എഴുതുന്നത്**

## ആരാധനാകർമങ്ങളും ഭക്തികളും ക്രൈസ്തവജീവിതത്തിൽ

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ

ജീവിതം ഒരു യാത്രയാണ്; ഒരു നിശ്ചിതലക്ഷ്യത്തിലേക്കുള്ള യാത്ര. ഈശോമ്ശിഹായെ അനുധാവനം ചെയ്യുന്ന യാത്രയാണു ക്രൈസ്തവ ജീവിതം. മനുഷ്യന് അവന്റെ ജീവിതലക്ഷ്യത്തിലെത്തിച്ചേരാനുള്ള മാർഗം ഈശോമ്ശിഹായാണെന്നു ദൈവികവെളിപാടിൽനിന്നു നാം മനസിലാക്കുന്നു. ഈ വെളിപാടിൽ വിശ്വസിച്ച് ഈശോയെ അനുഗമിക്കുന്നവരാണു ക്രൈസ്തവർ.

ദൈവത്തിൽ വിശ്വസിക്കുന്ന ഏതൊരാളിന്റെയും പരമമായ ജീവിത ലക്ഷ്യം ദൈവസന്നിധിയിലെത്തുക എന്നതാണ്. സ്വർഗം, മോക്ഷം എന്നൊക്കെ പറയുന്നത് അതാണർഥമാക്കുന്നത്. ദൈവത്തെ തന്റെ പിതാവായിട്ടാണ് ഈശോ നമുക്കു വെളിപ്പെടുത്തിത്തന്നത്. ഈശോയുടെ പിതാവായ ദൈവത്തെ നമ്മളും നമ്മുടെ പിതാവായിക്കാണണമെന്ന് 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന പ്രാർഥനയിലൂടെ ഈശോ പഠിപ്പിച്ചു. അങ്ങനെ ദൈവവുമായി നമുക്കുണ്ടായിരിക്കേണ്ടത് ഒരു പിതൃപുത്രബന്ധമാണെന്നും ഈശോ പഠിപ്പിച്ചു.

നമ്മുടെ പിതാവായ ദൈവത്തിന്റെ പക്കലെത്തുകയും ആ പിതൃസ്നേഹത്തിൽ നിത്യകാലമായിരിക്കുകയും ചെയ്യുന്നതാണ് ഈശോ

നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യജീവൻ. അതു സ്വായത്ത മാക്കാനുള്ള യാത്രയാണു നമ്മുടെ ജീവിതം. അത് ഈശോയാകുന്ന വഴിയിലൂടെയുള്ള യാത്രയാണെന്നും ഈശോയുടെതന്നെ വാക്കുക ളിലൂടെ നമ്മളറിയുന്നു. 'വഴിയും സത്യവും ജീവനും ഞാനാകുന്നു, എന്നിലൂടെയല്ലാതെ ഒരുവനും എന്റെ പിതാവിന്റെ അടുക്കലേക്കു വരു ന്നില്ല' *(യോഹ. 14:6)*.

ഈശോയാകുന്ന വഴിയിലൂടെ പിതാവിന്റെ പക്കലെത്തുകയെന്നാൽ ഈശോയുടെ ജീവിതത്തിൽ പങ്കാളിയാവുക എന്നാണർഥം. സ്വന്തം കുരിശുമെടുത്തു തന്നെ അനുഗമിക്കുന്നതിലാണ് ഈ പങ്കാളിത്തം അർഥവത്താകുന്നതെന്നും ഈശോ വ്യക്തമാക്കി. 'എന്റെ പിന്നാലെ വരാൻ മനസുള്ളവൻ തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശുമെടു ത്തുകൊണ്ട് എന്റെ പിന്നാലെ വരട്ടെ' *(മത്താ. 16:24)*.

സ്വന്തം താത്പര്യങ്ങൾ മാറ്റിവെച്ചു ദൈവത്തിന്റെ ഹിതമനുസ രിച്ചുള്ള ജീവിതംതന്നെയാണ് ഓരോരുത്തരും വഹിക്കേണ്ട കുരിശ്. ഈശോ വഹിച്ച കുരിശും അതുതന്നെയായിരുന്നു. പിതാവായ ദൈവ ത്തിന്റെ ഹിതം പൂർണമായി നിറവേറ്റിയത് ഈശോമ്ശിഹാ മാത്രമാണ്. ഈശോയിൽ ദൈവം പ്രസാദിക്കാൻ കാരണവും അതുതന്നെയാണ്. ഈശോയുടെ മാമോദീസായുടെ അവസരത്തിൽ അതു വെളിപ്പെടുത്ത പ്പെടുകയും ചെയ്തു. 'നീ എന്റെ പ്രിയപുത്രനാകുന്നു, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു' *(മർക്കോ. 1:11)* എന്ന സ്വർഗത്തിൽനിന്നുള്ള സ്വരം പിതാവിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു.

ഈശോയിലെന്നപോലെ നമ്മിലും ദൈവം പ്രസാദിക്കുന്നതിനു മാമോദീസായിലൂടെ നമ്മൾ മ്ശിഹായുടെ ശരീരമായ സഭയിലേക്കു ചേർക്കപ്പെടുന്നു, ഈശോയോട് ഒട്ടിച്ചേർക്കപ്പെടുന്നു. അങ്ങനെ മ്ശിഹാ യിലുള്ള നമ്മുടെ ജീവിതം ആരംഭിക്കുന്നു. ഈ ജീവിതം നിലനിർത്തു കയും വളർത്തുകയും ഫലദായമാക്കുകയും ചെയ്യുന്നതു തിരുസഭയുടെ ആരാധനക്രമമാണ്. ആരാധനക്രമത്തെക്കുറിച്ചു രണ്ടാം വത്തിക്കാൻ കൗൺസിൽ ഇപ്രകാരം പഠിപ്പിക്കുന്നു:

> 'ആരാധനക്രമത്തിലെ ഓരോ തിരുക്കർമവും പുരോഹി തനായ മ്ശിഹായുടെയും അവിടുത്തെ ശരീരമായ സഭ യുടെയും പ്രവൃത്തിയാകയാൽ വിശുദ്ധവും ഉത്കൃഷ്ടവുമാ ണെന്നുവരുന്നു. സഭയുടെ മറ്റു യാതൊരുപ്രവർത്തനവും വൈശിഷ്ട്യത്തിലും ഫലദായകത്വത്തിലും ഇവയെ പിന്നി ലാക്കാൻ പോരുന്നതല്ലതന്നെ' (ആരാധനക്രമം 7).

## ആരാധനക്രമം മ്ശിഹായുടെയും സഭയുടെയും പ്രവൃത്തി

യഥാർഥയാരാധന നടക്കുന്നതു സ്വർഗീയോറെശ്ലെമിലാണെന്നും അതിന്റെ ആചാര്യൻ മ്ശിഹായാണെന്നും ഈ ആരാധനയിൽ എല്ലാ സ്വർഗവാസികളും പങ്കുചേർന്നു നാഥനു സ്തുതികീർത്തനങ്ങൾ ആലപിക്കുന്നു എന്നും അവിടെയെത്തി സ്വർഗീയാരാധനയിൽ നേരിട്ടു പങ്കുചേരുകയെന്നതാണു നാമെല്ലാവരുടെയും ജീവിതലക്ഷ്യമെന്നും ഭൂമിയിലായിരിക്കുമ്പോൾ ഈ സ്വർഗീയാരാധനയുടെ ഒരു മുന്നാസ്വാദനമാണു സഭയുടെ ആരാധനക്രമത്തിലൂടെ നമുക്കു ലഭിക്കുന്നതെന്നും വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (ആരാധനക്രമം 8).

എല്ലാ സഭാപ്രവർത്തനങ്ങളുടെയും അത്യുച്ചസ്ഥാനം ആരാധനക്രമമാണെന്നും സഭയുടെ ശക്തി മുഴുവൻ നിർഗളിക്കുന്നത് അവിടെനിന്നാണെന്നും സഭയുടെ പ്രേഷിതവേലയുടെ ലക്ഷ്യം എല്ലാവരും വിശ്വാസവും മാമോദീസായുംവഴി ദൈവമക്കളായിത്തീർന്നു സഭയിൽ ഏകസമൂഹമായി വിശുദ്ധ ബലിയിലും കർത്താവിന്റെ അത്താഴത്തിലും പങ്കുചേർന്നു ദൈവത്തെ സ്തുതിക്കുക എന്നതാണെന്നും സഭ ഉദ്ബോധിപ്പിക്കുന്നു. മാത്രമല്ല, ആരാധനക്രമത്തിൽനിന്ന്, പ്രത്യേകിച്ചു പരിശുദ്ധ കുർബാനയിൽനിന്ന് ഒരു നീരുറവയിൽനിന്നെന്നപോലെ നമ്മിലേക്കു കൃപാവരം പ്രവഹിക്കുകയും ഏറ്റവും ഫലവത്തായി മ്ശിഹായിലുള്ള മനുഷ്യരുടെ വിശുദ്ധീകരണവും ദൈവമഹത്വവും ലഭ്യമാക്കുകയും ചെയ്യുന്നു (ആരാധനക്രമം 10).

മുകളിൽപറഞ്ഞിരിക്കുന്ന സഭാപ്രബോധനങ്ങളിൽനിന്നു വ്യക്തമാകുന്നത്, സഭാമക്കളുടെ ആധ്യാത്മികജീവിതത്തിൽ ആരാധനക്രമത്തിനുള്ള അതുല്യപ്രാധാന്യമാണ്. ഈ പ്രാധാന്യത്തിനു കാരണം, ആരാധനക്രമത്തിലെ ഓരോ തിരുക്കർമവും മ്ശിഹായുടെയും അവന്റെ ശരീരമായ സഭയുടെയും പ്രവൃത്തിയാണെന്നുള്ളതാണ്. ലിറ്റർജിയെക്കുറിച്ചുള്ള പ്രമാണരേഖയിൽ അതിപ്രകാരമാണു വിശദീകരിക്കുന്നത്:

> 'ഒരാൾ മാമോദീസാ നൽകുമ്പോൾ മ്ശിഹാതന്നെയാണു മാമോദീസാ നൽകുന്നത് എന്നതുപോലെ, അവിടുന്നു സ്വശക്തിയാൽ കൂദാശകളിലെല്ലാം സന്നിഹിതനാകുന്നു. സഭയിൽ വിശുദ്ധ ലിഖിതങ്ങൾ വായിക്കപ്പെടുമ്പോൾ മ്ശിഹാ തന്നെ സംസാരിക്കുന്നു എന്നവിധം അവിടുന്നു തന്റെ വചനത്തിൽ സന്നിഹിതനാകുന്നു' (ആരാധനക്രമം 7).

മ്ശിഹായുടെ ഈ പ്രവൃത്തി സഭയുടെയും പ്രവൃത്തിയാകത്തക്കവിധം സഭയെ തന്റെ ശരീരമെന്നപോലെ മ്ശിഹാ തന്നോടു കൂട്ടിച്ചേർത്തു. അങ്ങനെ ശിരസായ മ്ശിഹായും ശരീരമാകുന്ന സഭയും ഒന്നുചേർന്നുള്ള

പ്രവൃത്തിയാണ് ആരാധനക്രമം. മ്ശിഹായും തിരുസഭയും തമ്മിലുള്ള ഈ ബന്ധം രൂപപ്പെടുന്നതും നിലനിൽക്കുന്നതും ദൃഢമാക്കപ്പെടുന്നതും ആരാധനക്രമാഘോഷത്തിലാണ്. വിശ്വാസികൾ തങ്ങളുടെ സ്വന്തം സഭയുടെ ആരാധനക്രമാഘോഷത്തിൽ സജീവമായി പങ്കുചേർന്നും ആ ചൈതന്യത്തിൽ ജീവിച്ചുമാണ് ഇതു സാധ്യമാക്കുന്നത്. സഭയിൽ അംഗീകരിക്കപ്പെട്ടിരിക്കുന്ന എല്ലാ റീത്തുകൾക്കും ആരാധനക്രമങ്ങൾക്കും തുല്യപ്രാധാന്യമാണുള്ളത്. അവയെല്ലാം ശരിയായ പാരമ്പര്യത്തിനനുസരിച്ചു സംരക്ഷിക്കപ്പെടുകയും പരിപോഷിപ്പിക്കപ്പെടുകയും ചെയ്യണമെന്നുള്ളതാണു സഭയുടെ ആഗ്രഹം (ആരാധനക്രമം 4).

## ആരാധനക്രമവും ഭക്താനുഷ്ഠാനങ്ങളും

രണ്ടാം വത്തിക്കാൻ കൗൺസിൽ ആരാധനക്രമത്തെക്കുറിച്ചും പൗരസ്ത്യസഭകളെക്കുറിച്ചുമുള്ള പ്രമാണരേഖകളിലൂടെ ഇക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. സഭയുടെ ആരാധനക്രമം എന്നതുകൊണ്ട് അർഥമാക്കുന്നതു പ്രധാനമായും കൂദാശകൾ, കൂദാശാനുകരണങ്ങൾ, യാമപ്രാർഥനകൾ എന്നിവയാണ്. ഇവകൂടാതെ മറ്റു പല ആത്മീയാനുഷ്ഠാനങ്ങളും നമ്മുടെ പ്രാർഥനാജീവിതത്തിൽ ഉൾപ്പെടുന്നു. പലവിധത്തിലുള്ള ഭക്താനുഷ്ഠാനങ്ങൾ അവയിൽപ്പെടുന്നു. എന്നാൽ, ആരാധനക്രമത്തെക്കാൾ പ്രാധാന്യമോ ഫലദായകത്വമോ മറ്റ് അനുഷ്ഠാനങ്ങൾക്കില്ലെന്നും അതിനാൽ അവയ്ക്ക് അമിതപ്രാധാന്യം നൽകരുതെന്നും തിരുസഭ പഠിപ്പിക്കുന്നു. ഈ ഭക്താഭ്യാസങ്ങൾ സഭയുടെ നിയമങ്ങളോടും ചട്ടങ്ങളോടും പൊരുത്തപ്പെടുന്നവയായിരിക്കണം. അവ 'ആരാധനക്രമകാലഘട്ടങ്ങൾക്കനുരൂപമായും വിശുദ്ധ ആരാധനക്രമങ്ങളോട് അനുരൂപപ്പെടുത്തിയും അവയിൽനിന്നുതന്നെ ഏതെങ്കിലുംവിധത്തിൽ രൂപംകൊടുത്തും സ്വഭാവത്താലെ അവയെ ബഹുദൂരം അതിശയിക്കുന്ന ആരാധനക്രമത്തിലേക്കു ജനങ്ങളെ നയിക്കത്തക്കവിധം ക്രമവത്കരിക്കേണ്ടതാണ്' (ആരാധനക്രമം 13).

ആരാധനക്രമം, പ്രാർഥനാജീവിതം എന്നിവയെക്കുറിച്ചുള്ള തിരുസഭയുടെ മാർഗനിർദേശങ്ങളും ക്രമീകരണങ്ങളും വ്യക്തമായി മനസിലാക്കി ശരിയായ ഒരു ആധ്യാത്മികത വളർത്തിയെടുക്കാൻ നമ്മൾ ശ്രദ്ധിക്കണം. ആരാധനക്രമമാണു മറ്റേതൊരു പ്രാർഥനാരൂപത്തെക്കാളും ശ്രേഷ്ഠമായത്. മ്ശിഹായിലുള്ള ജീവിതത്തിനു കൂദാശകൾ അനിവാര്യമാണ്. എന്നാൽ മറ്റു പൊതുവായുള്ള ഭക്താനുഷ്ഠാനങ്ങൾ ഐച്ഛികമാണ്. അവയൊന്നും ആരാധനക്രമാനുഷ്ഠാനങ്ങൾക്കു പകരമല്ല.

ഓരോ വ്യക്തിസഭയ്ക്കും തനതായ ആരാധനക്രമമുണ്ട്. അതതു സഭയുടെ ആരാധനാവത്സരഘടനക്കും ചൈതന്യത്തിനും ചേർന്നവിധ

മാണ് ആരാധനക്രമം രൂപപ്പെട്ടിരിക്കുന്നത്. ഈശോമ്ശിഹായിൽ കേന്ദ്രീകൃതമായ രക്ഷാകരചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങളും സംഭവങ്ങളുമാണ് ആരാധനക്രമവത്സരത്തിലൂടെ അനാവരണം ചെയ്യപ്പെടുന്നത്. സീറോമലബാർസഭയുടെ പൗരസ്ത്യസുറിയാനി ആരാധനക്രമമനുസരിച്ച് ഒമ്പതു കാലഘട്ടങ്ങളായിട്ടാണ് ആരാധനാവത്സരം ക്രമീകരിച്ചിരിക്കുന്നത്. ഈ കാലഘട്ടങ്ങളുടെ ചൈതന്യത്തിനനുസരിച്ചു രക്ഷാകര സംഭവങ്ങളുടെയും തിരുനാളുകളുടെയും ആഘോഷങ്ങൾ അവയുടെ പ്രാധാന്യമനുസരിച്ചു നടക്കുന്നു.

തിരുസഭയുടെ ഔദ്യോഗികമായ ദൈവാരാധനാസംവിധാനത്തെ വേണ്ടത്ര മനസിലാക്കാതെയോ അതിൽ പരിശീലനം ലഭിക്കാതെയോ അതിൽ സജീവമായി പങ്കെടുക്കാതെ, അതിനോടു ചേർന്നുപോകാത്ത ഇതരഭക്താനുഷ്ഠാനങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നതു ശരിയല്ല. അതിനുദാഹരണമാണ് ആരാധനാവത്സരത്തിലെ വിവിധ കാലഘട്ടങ്ങളെ അവഗണിച്ചും അവയുടെ ചൈതന്യം ഉൾക്കൊള്ളാതെയും മാസവണക്കങ്ങൾക്കു പ്രാധാന്യം കൊടുക്കുന്നത്. അതേപോലെതന്നെയാണു ചില വ്യക്തികളുടെ താത്പര്യപ്രകാരം ചില ഭക്തികൾ രൂപം കൊള്ളുന്നതും അവയിലേക്കു ഭക്തജനങ്ങളെ ആകർഷിക്കാൻ ശ്രമിക്കുന്നതും. വളരെപ്പേർ ഇത്തരം കേന്ദ്രങ്ങളിൽ ഉത്സാഹത്തോടെ എത്തുകയും ചെയ്യുന്നു. ഞായറാഴ്ചയാചരണത്തിനു കോട്ടം വരുത്തുന്ന വിധമുള്ള ഇതര ആഘോഷങ്ങളും ആരാധനാവത്സരഘടനയെ ബാധിക്കുന്ന വിധം തിരുനാളാഘോഷദിനങ്ങളുടെ എണ്ണം വർധിപ്പിക്കുന്നതും ഒഴിവാക്കേണ്ടതാണ്. സഭാത്മകവും ആരാധനക്രമപരവുമായ ആഴമുള്ള ആധ്യാത്മികതയിൽ സഭാമക്കൾ വളരുന്നതിന് ഇവയൊക്കെ തടസം സൃഷ്ടിക്കുന്നു.

## ആരാധനക്രമപരിശീലനം

ദൈവജനത്തിന് അവരുടെ മാതൃസഭയുടെ ആരാധനക്രമത്തിനനുസരിച്ചു പരിശീലനം നൽകാനും സഭാത്മകവും ആരാധനക്രമാധിഷ്ഠിതവുമായ ജീവിതം നയിക്കാൻ എല്ലാവിധത്തിലും അവരെ സഹായിക്കാനും അജപാലകരായ വൈദികർക്കു ചുമതലയുണ്ട്. റീത്തുകളെക്കുറിച്ച് എല്ലാവർക്കും പരിശീലനം നൽകണമെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ ഉദ്ബോധിപ്പിക്കുന്നു:

> ‘എല്ലാ വൈദികരും വൈദികാർഥികളും റീത്തുകളെപ്പറ്റി.... ശരിയായി പരിശീലിപ്പിക്കപ്പെടണം. മാത്രമല്ല അല്മായരും മതപാഠപരിശീലനത്തിൽ റീത്തുകളെപ്പറ്റിയും അവയുടെ നിയമങ്ങളെപ്പറ്റിയും പഠിപ്പിക്കപ്പെടണം. എല്ലാ കത്തോലിക്കരും ലോകത്തിലെവിടെയായാലും സ്വന്തം റീത്തു നില

നിർത്തുകയും സംരക്ഷിക്കുകയും കഴിവിനൊത്തു പാലിക്കുകയും ചെയ്യണം' (പൗരസ്ത്യസഭകൾ 4).


ദൈവാരാധനയുടെ ഒരു മുഖ്യഘടകമായ യാമപ്രാർഥനകൾ ചൊല്ലുന്നതിനെക്കുറിച്ചും കൗൺസിൽ പറയുന്നു:

> 'പൗരസ്ത്യവൈദികരും സന്യാസികളും പുരാതനകാലം മുതലേ എല്ലാ പൗരസ്ത്യസഭകളിലും അത്യന്തം ബഹുമാന്യമായി കരുതപ്പെട്ടിരുന്ന സ്വന്തം റീത്തിലെ നിർദേശങ്ങൾക്കും പാരമ്പര്യങ്ങൾക്കും അനുസൃതമായി യാമപ്രാർഥനകൾ ആഘോഷിക്കേണ്ടതാണ്. വിശ്വാസികളും പൂർവികരുടെ പാരമ്പര്യമനുസരിച്ചു കഴിവിനൊത്തു ഭക്തിപൂർവം യാമപ്രാർഥനകളിൽ പങ്കുകൊള്ളണം' (പൗരസ്ത്യസഭകൾ 22).

തിരുസഭയുടെ ഈ പ്രബോധനങ്ങളും മാർഗനിർദേശങ്ങളും വ്യക്തമാക്കുന്നത്, ഓരോ സഭയും ആരാധനക്രമാനുഷ്ഠാനത്തിൽ സ്വന്തം റീത്തിന്റെ തനിമയും പാരമ്പര്യങ്ങളും പാലിക്കണമെന്നാണ്. വിവിധ റീത്തുകളിൽപ്പെട്ടവർ ഇടകലർന്നുവസിക്കുന്ന സാഹചര്യങ്ങളിലും സ്വന്തം റീത്തിന്റെ തനിമ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. 'സഭ സഭകളുടെ കൂട്ടായ്മയാണെന്നുള്ള' യാഥാർഥ്യത്തിന്റെ പ്രകാശനവും 'നാനാത്വത്തിലെ ഏകത്വം' എന്നുള്ള തിരുസഭയുടെ മനോഹാരിതയുമാണ് ഇവിടെ അന്വർഥമാകുന്നത്. ഈ ബോധ്യത്തോടെ ആരാധനാജീവിതം നയിക്കാൻ നമുക്കു പരിശ്രമിക്കാം.

കർത്താവായ മ്ശിഹായുടെ കൃപ നിങ്ങളെല്ലാവരോടുംകൂടെയുണ്ടായിരിക്കട്ടെ.

സ്നേഹപൂർവം,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

മാർത്ത് മറിയത്തിന്റെ സ്വർഗാരോപണതിരുനാൾ
(കൈത്താക്കാലം ആറാം വ്യാഴം)
15.08.2024

---

**NB:** ***2024 ഓഗസ്റ്റ് 25 ഞായറാഴ്ച*** *പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട ഇടയലേഖനം.*

# സർക്കുലർ

**24 Ch. 307-390**

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ

ഇക്കഴിഞ്ഞ ജൂലൈ 30 പാതിരാത്രിക്കുശേഷം വയനാട്ടിലുണ്ടായ പ്രകൃതിദുരന്തം ഏതൊരാളിന്റെയും കരളലിയിക്കുന്നതാണ്. മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലുകൾ ആ പ്രദേശങ്ങളെ ഇല്ലാതാക്കുക തന്നെയായിരുന്നു. ഉരുളുപൊട്ടി ആർത്തിരമ്പിയൊഴുകിയ വെള്ളത്തിൽ വീടുകളും വൃക്ഷങ്ങളും ആളുകളും ആടുമാടുകളുമെല്ലാം അപ്രത്യക്ഷമായി. വീടുകളിരുന്ന സ്ഥലങ്ങളിൽ കല്ലും മണ്ണും പാറക്കെട്ടുകളും തടികളും വന്നുനിറഞ്ഞു. ഒഴുകിപ്പോകുന്ന മൃതദേഹങ്ങൾ, അംഗഭംഗപ്പെട്ട ശരീരഭാഗങ്ങൾ, വീടുകളിരുന്നതെവിടെയെന്നു തിരിച്ചറിയാൻപോലും സാധിക്കാത്തവിധം ഭൂമി അപ്രത്യക്ഷമായതെല്ലാം ഹൃദയഭേദകമായ കാഴ്ചകളാണ്. വഴികളും പാലങ്ങളുമെല്ലാം തുടച്ചുമാറ്റപ്പെട്ടതു യാത്രാബന്ധങ്ങൾ അസാധ്യമാക്കി. പുതിയ തോടുകൾ രൂപംകൊണ്ടു. പരശതം ആളുകളുടെ ജീവൻ പൊലിഞ്ഞു. നൂറുകണക്കിനു മൃതദേഹങ്ങൾ കണ്ടെടുത്തു. കാണാതായവർ നിരവധി. മണ്ണിനടിയിൽ എത്രപേർ, എവിടെയെല്ലാമെന്നു നിശ്ചയമില്ല. ശക്തിയായി തുടരുന്ന മഴമൂലം രക്ഷാപ്രവർത്തനങ്ങൾക്കും അന്വേഷണത്തിനും തടസം നേരിടുന്നു. ചില കുടുംബങ്ങളിൽ ആരുംതന്നെ അവശേഷിക്കാതെ എല്ലാവരെയും ദുരിതം വിഴുങ്ങി. ഉറ്റവരെല്ലാം നഷ്ടപ്പെട്ട് ഒറ്റപ്പെട്ടവരായവർ അനേകർ. രക്ഷപെട്ടെങ്കിലും ജീവിതത്തിൽ സമ്പാദിച്ചതെല്ലാം നഷ്ടപ്പെട്ടു നിസഹായാവസ്ഥയിലായവർ നിരവധി. ശാരീരികമായി മുറിവേറ്റവരും മാനസികത്തകർച്ച നേരിടുന്നവരുമുണ്ട്.

ഇവയെല്ലാം കണക്കിലെടുക്കുമ്പോൾ കേരളം കണ്ട ഏറ്റവും ഭീകരമായ പ്രകൃതിദുരന്തങ്ങളിലൊന്നാണു വയനാട്ടിലുണ്ടായത്. താമരശ്ശേരി, കോഴിക്കോട്, മാനന്തവാടി, സുൽത്താൻ ബത്തേരി രൂപതകളുടെ ഭൂപ്രദേശങ്ങൾ ദുരന്തബാധിതമേഖലകളിൽ ഉൾപ്പെടുന്നു. ഈ രൂപതകളുമായി നമ്മൾ ബന്ധപ്പെടുന്നുണ്ട്. എല്ലാം നഷ്ടപ്പെട്ട

വരെയും മറ്റൊരു ആശ്രയമില്ലാത്തവരെയും ദുരിതാശ്വാസക്യാംപുകളിലാണ് ഇപ്പോൾ പാർപ്പിച്ചിരിക്കുന്നത്. ഇപ്പോഴത്തെ അടിയന്തരാവശ്യങ്ങൾക്കുപുറമെ അവരുടെ പുനരധിവാസമാണ് ഏറ്റവും പ്രധാനപ്പെട്ടത്. സർക്കാരുകളും മറ്റും സഹായങ്ങൾ ചെയ്യുമെങ്കിലും അവയൊന്നും മതിയാകുകയില്ല. അതിനാൽ കേരളസഭയും സഹായസഹകരണത്തിനായി ആഹ്വാനം ചെയ്തിട്ടുണ്ട്. കഴിവനുസരിച്ചു നമ്മുടെ അതിരൂപതയും സഹകരിക്കേണ്ടതുണ്ട്.

2018ലെ മഹാപ്രളയകാലത്തു കുട്ടനാട്ടിലെ ദുരിതബാധിതർക്കു സഹായമെത്തിച്ച മലബാറിലെ ജനങ്ങളെ നന്ദിയോടെ ഓർത്തുകൊണ്ട്, ഇപ്പോൾ അവർക്കുണ്ടായിരിക്കുന്ന ഈ മഹാദുരന്തത്തിൽ അവരെ സഹായിക്കാൻ നമുക്കും ഒത്തുചേരാം. നമ്മുടെ അതിരൂപതയുടെ സാമൂഹികസേവനവകുപ്പായ ചാസ്സിന്റെ നേതൃത്വത്തിൽ ഇക്കാര്യം ക്രമീകരിക്കാനാണ് അതിരൂപതയിൽനിന്നു നിർദേശിച്ചിരിക്കുന്നത്. താഴെപ്പറയുന്നരീതിയിൽ എല്ലാവരും സഹകരിക്കണമെന്നഭ്യർഥിക്കുന്നു.


ഓഗസ്റ്റ് 4 ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും പരിശുദ്ധ കുർബാനയർപ്പിക്കുന്ന ഇതരകപ്പേളകളിലും ഇക്കാര്യം അറിയിച്ചുകൊണ്ട് ഓഗസ്റ്റ് 11 ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ച ദുരിതാശ്വാസത്തിനായി സമാഹരിക്കേണ്ടതാണ്. ഇപ്രകാരം സമാഹരിക്കുന്ന തുക ഓഗസ്റ്റ് 18 ഞായറാഴ്ചയ്ക്കു മുമ്പായി അതിരൂപതാകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ്. ഇടവകതലത്തിൽ സമാഹരിക്കുന്ന സംഭാവനകൾക്കുപുറമെ, മറ്റുസ്ഥാപനങ്ങളോ സംഘടനകളോ വ്യക്തികളോ സഹായിക്കാൻ സന്മനസാകുമെങ്കിൽ അവരും ഇപ്രകാരം ചെയ്യേണ്ടതാണ്. ഇങ്ങനെ സമാഹരിക്കുന്ന തുക, ഉത്തരവാദിത്തപ്പെട്ടവരുമായി ബന്ധപ്പെട്ട് അവരുടെ നിർദേശപ്രകാരം അതിരൂപതയുടെ ദുരിതാശ്വാസസഹായമായി ഏല്പിക്കുന്നതാണ്.

കൂടാതെ, ഇടവകതലത്തിൽ ശേഖരിക്കുന്ന പുതിയ വീട്ടുപകരണങ്ങളും സാമഗ്രികളും ഫൊറോനയിലെയോ അതിരൂപതാകേന്ദ്രത്തിലെയോ കളക്ഷൻ സെന്ററുകളിൽ ഓഗസ്റ്റ് 15നു മുമ്പായി എത്തിക്കേണ്ടതും അങ്ങനെ സമാഹരിക്കുന്ന വസ്തുക്കൾ ദുരന്തബാധിതർക്ക് എത്രയും വേഗം എത്തിച്ചുകൊടുക്കുന്നതുമാണ്.

ഈ അടിയന്തരസാഹചര്യത്തിൽ നമ്മുടെ അതിരൂപത ഒറ്റക്കെട്ടായി ദുരിതബാധിതരെ സഹായിക്കുന്നതു സഹോദരസ്നേഹത്തിന്റെ ഒരുത്തമ സാക്ഷ്യമായിരിക്കും. അതിനായി നിങ്ങളോടു ഞാൻ സ്നേഹ

പൂർവം അഭ്യർഥിക്കുന്നു: ഉരുൾപൊട്ടലിൽ മുറിവേറ്റവർക്കും എല്ലാം നഷ്ടപ്പെട്ടവർക്കും ഒരു നല്ല അയൽക്കാരനാകാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹത്തോടെ,



**ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2024 ഓഗസ്റ്റ് 4 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേ വായിക്കാനായി നൽകപ്പെട്ട സർക്കുലർ.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0854/2024

## MAJOR ARCHIEPISCOPAL LETTER OF CANONICAL PROVISION

MAR RAPHAEL THATTIL, the Major Archbishop of the Syro-Malabar Church sends his paternal blessings to Your Excellency Bishop Mar Thomas Tharayil, until now Auxiliary Bishop of the Archeparchy of Changanacherry, whom the Synod of Bishops of the Syro-Malabar Church has elected the Metropolitan Archbishop of Changanacherry.

Upon acceptance of the letter of resignation submitted as per c. 210 §1 of the Code of Canons of the Eastern Churches, at the completion of 75 years of age by His Grace Archbishop Joseph Perumthottam, who shepherded the Archeparchy of Changanacherry with paternal care and the foresight of an able leader from 19 March 2007, for more than 17 years, as its eighth Bishop, there was the need to find a suitable successor to him. On the completion of the canonical process for the election of Bishops, the Synod of Bishops of the Syro-Malabar Church assembled in the III Session of the XXXII Synod held from 19 to 31 August 2024 has found in you the right person for the Office and elected you the Metropolitan Archbishop of Changanacherry. The Holy Father Pope Francis approved your election which was communicated by His Excellency Archbishop Leopoldo Girelli, the Apostolic Nuncio in India through his letter dated 27 August 2024 with Prot. N. 8173/24/IN.

Therefore, in virtue of c. 86 §1, 1$^{o}$ of the Code of Canons of the Eastern Churches and by the authority vested in me as the Major Archbishop of the Syro-Malabar Church to provide the people of God entrusted to my care with pastors and efficient systems of governance, and guided by the consideration of the good of the faithful of the Archeparchy of Changanacherry and of the entire Syro-Malabar Church, I, Mar Raphael Thattil, hereby appoint you Metropolitan Archbishop of Changanacherry.

You are to take canonical possession of your Office in accordance with c. 223 of the CCEO.

Commending you to Our Lord, the Master Shepherd and praying that you may, through the intercession of Mary our Mother, St. Thomas, our Apostle, and St. Joseph, the Patron Saint of the Archeparchy of Changanacherry, in close communion and collegiality with the Major Archbishop and the Synod of Bishops of the Syro-Malabar Church, and the entire clergy and the faithful of the Archeparchy of Changanacherry, fulfil the duties of your Office as “an example in speech and conduct, in love, in faith, in purity” (1Tim. 4:12), I extend to you, my hearty congratulations and prayerful good wishes.


All contrary dispositions notwithstanding.

Given from the Syro-Malabar Major Archiepiscopal Curia at Mount St. Thomas, Kakkanad, on 30th day of August, in the year of the Lord 2024, under my seal and signature.

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

The Syro-Malabar Major Archiepiscopal Curia

**Fr. Abraham Kavilpurayidathil**
Major Archiepiscopal Chancellor




## I

## പരിശുദ്ധ കുർബാനനിയോഗം

**2024 ഓഗസ്റ്റ് 24ന്** അതിരൂപതാകുടുംബത്തിൽനിന്നും നിത്യസമ്മാനത്തിനു യാത്രയായ *ആലുംപറമ്പിൽ ബഹു. തോമസ്* അച്ചനെ നമ്മുടെ പ്രാർഥനയിലോർക്കാം. എല്ലാ വൈദികരും ബഹു. അച്ചനുവേണ്ടി ഒരു പരിശുദ്ധ കുർബാനയർപ്പിക്കേണ്ടതാണ്.

❍

# വയനാട് ദുരിതാശ്വാസനിധി റിപ്പോർട്ട്

വ്യക്തികൾ വയനാട് ഉരുൾപൊട്ടൽ ദുരിതാശ്വാസനിധിയിലേക്കു
പള്ളികൾ, സ്ഥാപനങ്ങൾ എന്നിവയിലൂടെ 2024 ഓഗസ്റ്റ് 27 വരെ നൽകിയ തുകകൾ


| NO. | DATE | NAME OF THE PARISH | AMOUNT |
|---|---|---|---|
| 1 | 12.8.2024 | Little Flower, Punnavely | 30,000 |
| 2 | | St. Joseph's, Kandankary | 51,760 |
| 3 | | St. George, Cheeranchira | 82,801 |
| 4 | | Fathima Matha, Pandy | 30,000 |
| 5 | | St. Mary's, Pulickalkavala | 118,750 |
| 6 | 13.8.2024 | St. Antony's, Paral | 25,234 |
| 7 | | St. Joseph's, Ramankary | 119,250 |
| 8 | | St. Mary's, Koothrappally | 158,146 |
| 9 | | St. John the Baptist Forane, Nedumkunnam | 206,050 |
| 10 | | St. Mary's Forane, Pulincunnoo | 118,371 |
| 11 | 14.8.2024 | St. Xavier's, Mithrakary | 135,400 |
| 12 | | Marth Mariam Forane, Chengannur | 61,750 |
| 13 | 16.8.2024 | St. Antony's, Puthuppally-Poomattom | 155,300 |
| 14 | | St. Joseph's, Laikadu | 172,555 |
| 15 | | St. Joseph's, Arattuvazhy | 30,000 |
| 16 | | St. Joseph's, Champakara | 271,883 |
| 17 | | St. Xavier's, Veliyanadu South | 120,500 |
| 18 | | St. Jude's, Yudapuram | 47,052 |
| 19 | | Holy Family, Payattupakka | 25,650 |
| 20 | | St. Joseph's, Karuvatta | 25,000 |
| 21 | | St. Antony's, Cheepunkal | 38,284 |
| 22 | | St. John Nepumseanos, Kumarakom North | 35,500 |
| 23 | | Little Flower, Kulathoor | 100,000 |
| 24 | 17.8.2024 | St. Joseph's, Veroor | 392,621 |
| 25 | | St. Joseph's, Koduppunna | 118,928 |
| 26 | | St. Gregory’s, Veliyanadu North | 10,000 |
| 27 | | St. Mary's, Narikkal | 20,000 |
| 28 | | St. George, Venchempu | 23,500 |
| 29 | | Lourdes Matha, Paippadu | 130,419 |

| | | | |
|---|---|---|---|
| 30 | 17.8.2024 | St. Sebastian's, SL Puram | 30,000 |
| 31 | | St. Antony's, Paduvapuram | 32,455 |
| 32 | 19.8.2024 | Holy Family, Pullangady | 67,050 |
| 33 | | St. Mary's, Eravuchira | 127,853 |
| 34 | | St. John the Baptist, Kottangal | 65,000 |
| 35 | | St. Mary's, Nirmalapuram | 58,350 |
| 36 | | St. Paul's, Vezhapra | 104,090 |
| 37 | 20.8.2024 | St. Rita's, Kannady | 63,800 |
| 38 | | St. Francis De Sales, Vattiyoorkavu | 50,500 |
| 39 | | Ranigiri, Mannanthala | 26,590 |
| 40 | | St. Thomas, Muttar New | 70,000 |
| 41 | | St. Mary's, Vaipur Old | 30,000 |
| 42 | | St. Thomas, Puzhavathu | 70,255 |
| 43 | | St. George, Aickarachira | 50,000 |
| 44 | | St. Thomas, Kumaranalloor | 90,000 |
| 45 | | Lourdes Matha, Pacha-Chekkidikkadu | 158,422 |
| 46 | | St. Xavier's, Arpookara-Villoonni | 105,000 |
| 47 | | Mar Sleeva Forane, Alappuzha-Pazhavangadi | 510,000 |
| 48 | | Holy Magi Forane, Manimala | 140,000 |
| 49 | | Assumption, Kurumpanadom | 462,366 |
| 50 | | St. Antony's, Vettithuruthu | 9,305 |
| 51 | | St. George, Thottakkadu | 181,000 |
| 52 | | St. Joseph's, Kurichy | 111,360 |
| 53 | | Sacred Heart, Thazhathangady | 43,570 |
| 54 | | Mary Matha, Mariyapuram | 100,100 |
| 55 | | St. Joseph's, Vaipur New | 43,000 |
| 56 | | Sacred Heart, Pangada | 37,600 |
| 57 | | St. George, Vadakke Amichakary | 40,000 |
| 58 | | Fathima Matha, Pallikkoottumma | 80,000 |
| 59 | | St. Antony's, Thiruvalla-Muthoor | 71,200 |
| 60 | | Lourdes Matha, Mampuzhakary | 36,544 |
| 61 | | St. Sebastian's, Vettickalpurayidom | 11,800 |
| 62 | | Holy Family, Mudiyoorkara | 163,600 |
| 63 | | Little Flower, Chunkappara | 48,000 |

| | | | |
|---|---|---|---|
| 64 | 20.8.2024 | St. Thomas, Pallikkunnu | 30,000 |
| 65 | | St. Joseph's, Karumady | 20,000 |
| 66 | | St. Alphonsa, Chathanadu | 51,360 |
| 67 | | St. Mary's, Vallamchira | 33,201 |
| 68 | | Lourdes Hill, Peroorkada | 100,000 |
| 69 | | Lourdes Forane, Thiruvananthapuram | 363,680 |
| 70 | | Sacred Heart, karimpanakulam | 120,000 |
| 71 | | Sacred Heart, Thiruvallam-Kovalam | 32,600 |
| 72 | | Holy Family, Thirumala | 83,250 |
| 73 | | St. Thomas, Pallathuruthy | 43,030 |
| 74 | | St. Joseph's, Kunnamthanam | 126,800 |
| 75 | | St. Jude's, Viruppala | 43,820 |
| 76 | | St. George, Edapalayam | 48,080 |
| 77 | | St. Sebastian's, Kulathupuzha | 10,000 |
| 78 | | St. Pious X, Moncompu | 22,270 |
| 79 | | St. Joseph's, Changankary | 25,000 |
| 80 | | St. Mary's, Mayam | 25,000 |
| 81 | | St. Mary's, Aryamkavu | 85,000 |
| 82 | | Christ the King, Rajagiri | 26,100 |
| 83 | | St. Thomas, Niranam | 11,660 |
| 84 | | St. Joseph's, Kuttamangalam | 25,730 |
| 85 | | Bethlehem, Parampuzha | 150,000 |
| 86 | | St. Sebastian's, Ayarkunnam | 168,000 |
| 87 | | Fathima Matha, Nedumanny | 21,100 |
| 88 | | St. Mary's, Kainakary | 50,900 |
| 89 | | St. Rita's, Thakazhy-Thennady | 25,000 |
| 90 | | St. George, Muttar Old | 268,250 |
| 91 | | Little Flower, Vellayani | 13,500 |
| 92 | | Pastoral Council, Changanacherry | 340,000 |
| 93 | | Sahrudaya Hospital, Alappuzha | 250,000 |
| 94 | 21.8.2024 | Holy Family, Mannila | 122,080 |
| 95 | | St. Antony's Forane, Kurumpanadom | 822,821 |
| 96 | | Twelve Apostles, Mannanam | 52,745 |
| 97 | 22.8.2024 | Mar Sleeva (Holy Cross), Kooroppada | 77,376 |
| 98 | | Lourdes Forane, Kottayam | 506,752 |

| | | | |
|---|---|---|---|
| 99 | 23.8.2024 | St. George Forane, Edathua | 499,985 |
| 100 | | Nithyasahaya Matha, Chenkulam | 14,150 |
| 101 | | St. Gregorios, Kidangara | 63,850 |
| 102 | | Christ the King, Kuttikonam-Makkannur | 23,800 |
| 103 | | St. Mary's Metropolitan, Changanacherry | 400,020 |
| 104 | 24.8.2024 | St. Mary's, Manalady | 12,000 |
| 105 | | St. Thomas, Perumkavu | 5,200 |
| 106 | | Lourdes Matha, Meenkulam | 500,000 |
| 107 | | Little Flower, Arpookara | 62,345 |
| 108 | | Marth Mariam, Cheppumpara | 196,430 |
| 109 | | Lourdes Matha, Chennamkary | 21,500 |
| 110 | | St. Mary's, Vadakkekara | 60,000 |
| 111 | | Mar Geevarghese Sahada, Kesavadasapuram | 97,454 |
| 112 | | St. Mary's, Kadayanikadu | 51,500 |
| 113 | | St. Nicholas, Karumady | 20,000 |
| 114 | | St. Joseph's, Punnakunnathussery | 19,500 |
| 115 | | St. Joseph's, Padaharam | 10,000 |
| 116 | | St. Joseph's, Sreekaryam | 165,500 |
| 117 | | St. John's, Thekkekara | 167,000 |
| 118 | | Sacred Heart, Arunoottampadam | 81,000 |
| 119 | | St. Mary's, Kumarapuram | 19,475 |
| 120 | 26.8.2024 | Sacred Heart, Thottuvathala | 54,860 |
| 121 | | Sacred Heart, Chethippuzha | 151,910 |
| 122 | 27.8.2024 | Lourdes Matha, Aruvikuzhy | 64,600 |
| 123 | | St. Thomas, Paippadu-Nalukody | 235,300 |
| 124 | | Individuals & Institutions | 267,600 |
| **TOTAL** | | | **13,603,598** |

# 'പാവപ്പെട്ട കുടുംബങ്ങളെ സമുദ്ധരിച്ച ഇടയൻ:'
## ആലുംപറമ്പിൽ ബഹു. തോമസ് അച്ചൻ



കുമരകം വടക്കുംകര സെന്റ് ജോൺ നെപുംസ്യാനോസ് ഇടവകയിൽ ആലുംപറമ്പിൽ ജോസഫ്–അന്ന ദമ്പതികളുടെ മകനായി 1937 ജനുവരി 14ന് ആലുംപറമ്പിൽ ബഹു. തോമസ് അച്ചൻ ജനിച്ചു. രണ്ടു സഹോദരന്മാരും ഒരു സഹോദരിയും അദ്ദേഹത്തിനുണ്ടായിരുന്നു.

തന്റെ ദൈവവിളി തിരിച്ചറിഞ്ഞ അദ്ദേഹം പാറേൽ മൈനർ സെമിനാരിയിൽ വൈദിക പഠനം ആരംഭിച്ചു. അതിനുശേഷം ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽനിന്നു ഫിലോസഫി, തിയോളജി പഠനങ്ങൾ പൂർത്തിയാക്കി 1967 മാർച്ച് 13നു പാലാ രൂപതാധ്യക്ഷനായിരുന്ന മാർ സെബാസ്റ്റ്യൻ വയലിൽപിതാവിന്റെ കൈവെപ്പുശുശ്രൂഷവഴി വൈദികനായി.

വൈദികനായശേഷം കുറുമ്പനാടം, ആലപ്പുഴ, എടത്വാ, പുത്തനങ്ങാടി എന്നീ പള്ളികളിൽ അസ്സിസ്റ്റന്റ് വികാരിയായും സ്വന്തം ഇടവകയായ കുമരകം വടക്കുംകര, മാന്നില, വെളിയനാട്, പുതുക്കരി, കായൽപ്പുറം, താഴത്തുവടകര, ആറാട്ടുവഴി, തെക്കേക്കര, ചേന്നങ്കരി, പൂന്തോപ്പ്, വടക്കേകര, ആറുമാനൂർ എന്നിങ്ങനെ 12 പള്ളികളിൽ വികാരിയായും അദ്ദേഹം ശുശ്രൂഷ ചെയ്തു. 55 വർഷത്തെ സജീവപൗരോഹിത്യശുശ്രൂഷയ്ക്കുശേഷം 2012 മുതൽ വിശ്രമജീവിതത്തിനായി അദ്ദേഹം ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ താമസമാക്കി. 2024 ഓഗസ്റ്റ് 24 വൈകുന്നേരം നാലോടെ അദ്ദേഹത്തിന്റെ ആരോഗ്യസ്ഥിതി വഷളാവുകയും മരണം സംഭവിക്കുകയുമായിരുന്നു.

"Lord, grant that my last hour be my best hour" എന്ന് ആത്മനാ പ്രാർഥിച്ചിരുന്ന ബഹു. തോമസ് അച്ചൻ അതിനുള്ള അടുത്തയൊരുക്കം ആരംഭിച്ചതിന്റെ സൂചനയായിരുന്നു അദ്ദേഹത്തിന്റെ വിൽപത്രം തയ്യാറാക്കൽ. അച്ചന്റെ സജീവ ഇടവകജീവിതത്തിൽ കാത്തുസൂക്ഷിച്ച മിക്കവാറും എല്ലാ മൂല്യങ്ങളും അദ്ദേഹത്തിന്റെ വിൽപത്രത്തിലും പ്രതിഫലിച്ചിട്ടുണ്ടെന്നാണു ഞാൻ മനസിലാക്കുന്നത്.

സമൂഹത്തിൽ പരിഗണന കൂടുതൽ അർഹിക്കുന്നവരോടും കുടുംബാംഗങ്ങളോടും നീതിയും സ്നേഹവും കരുണയും ബഹു. തോമസ് അച്ചൻ പ്രകടമാക്കിയിരുന്നു. കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയും മറ്റു ധർമസ്ഥാപനങ്ങളും ബഹു. ആലുംപറമ്പിൽ അച്ചന്റെ സവിശേഷമായ സഹായസഹകരണങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

സ്വകുടുംബത്തിൽ സാമ്പത്തികഭദ്രതയുണ്ടായിരുന്നതിനാൽ അതിനു ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് ഇടവകകളിലെ പാവപ്പെട്ട കുടുംബങ്ങളെ സമുദ്ധരിക്കാൻ അച്ചൻ ബദ്ധശ്രദ്ധനായിരുന്നു. ചോർന്നൊലിക്കുന്ന വീടുകൾ വാസയോഗ്യമാക്കുക, പഠനത്തിൽ താത്പര്യമുള്ള കുട്ടികളുടെ ഉപരിപഠനം സാധ്യമാക്കുക, യുവജനങ്ങൾക്കു ജോലിയിൽ പ്രവേശിക്കുന്നതിനു വഴിയൊരുക്കുക തുടങ്ങിയവ അച്ചന്റെ പ്രത്യേകശ്രദ്ധ പതിഞ്ഞ മേഖലകളായിരുന്നു.

മാർ തോമാ ശ്ലീഹായുടേതുപോലെയുള്ള ഒരു നിർബന്ധബുദ്ധി പ്രകടമാക്കിയിട്ടുള്ള ബഹു. തോമസ് അച്ചൻ താൻ ചെയ്യാൻ ഉദ്ദേശിക്കുന്ന ഏതു കാര്യവും ഉടൻതന്നെ നടപ്പിലാക്കാൻ ശ്രദ്ധിച്ചിരുന്നു. നിത്യജീവൻ നേടുക, സ്വർഗീയനിക്ഷേപങ്ങൾ വർധിപ്പിക്കുക, സ്വയംദാനം അർഥവത്തായി പൂർത്തിയാക്കുക എന്നിവ അച്ചന്റെ ആഗ്രഹങ്ങളും അഭിനിവേശവുമായിരുന്നു.

87 വർഷങ്ങൾ അദ്ദേഹം ജീവിച്ചു. എത്രകാലം ജീവിച്ചു എന്നതിനെക്കാൾ അദ്ദേഹം എങ്ങനെ ജീവിച്ചു എന്നതാണ് കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടത്. 'A life should be judged not by its duration, but by its donation' എന്ന തത്വം ഇവിടെ വിസ്മരിക്കപ്പെടരുത്.

അവസാനനാളുകളിലും വളരെ നർമം നിറഞ്ഞ സംസാരരീതികളാണ് ബഹു. ആലുംപറമ്പിൽ അച്ചനിൽനിന്ന് ഉണ്ടായിട്ടുള്ളത്. 'Take care of your life and the Lord will take care of your death' എന്നത് അച്ചന്റെ ഒരു വിശ്വാസബോധ്യമായിരുന്നു എന്നു തോന്നുന്നു.

ആലുംപറമ്പിൽ ബഹു. തോമസ് അച്ചന്റെ മൃതസംസ്കാരശുശ്രൂഷകൾ 2024 ഓഗസ്റ്റ് 25നു കുമരകം വടക്കുംകര സെന്റ് ജോൺ നെപുംസ്യാനോസ് പള്ളിയിൽ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ, ഷംഷാബാദ് രൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് പാടിയത്ത് എന്നീ പിതാക്കന്മാരുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

ആലുംപറമ്പിൽ ബഹു. തോമസ് അച്ചന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു. കുറവുകളെ സദാപരിഹരിക്കുന്ന കർത്താവു തന്റെ കരുണനിറഞ്ഞ കരങ്ങളിൽ ഈ വൈദികസഹോദരനെ സ്വീകരിക്കട്ടെ.

**ഫാ. ജോസഫ് നിലവന്തറ**

# പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി

**ബ്രിട്ടിഷ് എം.പി. സോജൻ ജോസഫിന് അഭിനന്ദനങ്ങൾ**

ബ്രിട്ടിഷ് പാർലമെന്റിലേക്കു തെരഞ്ഞെടുക്കപ്പെട്ട കോട്ടയം ഓണംതുരുത്ത് സ്വദേശിയും അതിരൂപതയിലെ മണ്ണാർകുന്ന് സെന്റ് ഗ്രിഗോറിയോസ് ഇടവകാംഗ വുമായ സോജൻ ജോസഫിനെ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ എന്നിവർ അഭിനന്ദനവും പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി അനു മോദനവും പി.ആർ.-ജാഗ്രതാസമിതി ഡയറക്ടർ ആശംസയും അറിയിച്ചു. അതിരൂപതയ്ക്കുവേണ്ടി ഇതു സംബന്ധിച്ച പത്രക്കുറിപ്പും സമിതി പുറത്തിറക്കി. ജോലിക്കൊപ്പം സാമൂഹ്യ-പൊതുപ്രവർത്തനങ്ങളിൽ തത്പരനായ അദേഹ ത്തിന്റെ നേട്ടം ചരിത്രപരവും മാതൃകാപരവും സഭയ്ക്കും സമൂഹത്തിനും അഭിമാനം നൽകുന്നതാണെന്നും കൂടുതൽ ഉയരങ്ങളിലെത്താൻ സാധിക്കട്ടെ യെന്നും സമിതി പുറത്തിറക്കിയ വാർത്താകുറിപ്പിൽ ആശംസിച്ചു.

**നവതിയാചരണം: 'റിഡംപ്ഷൻ ജൂബിലി മെമ്മോറിയൽ' ആർച്ച്**

അതിരൂപതാഭവനത്തിന്റെ പ്രവേശനകവാടമാണ് 'റിഡംപ്ഷൻ ജൂബിലി മെമ്മോറിയൽ' ആർച്ച്. ചങ്ങനാശ്ശേരിയിലെ ആദ്യത്തെ കമനീയമായ പ്രവേശന കവാടനിർമിതിയായ ഈ കവാടം അതിരൂപതയുടെ മുൻ അധ്യക്ഷൻ മാർ ജയിംസ് കാളാശ്ശേരി പണികഴിപ്പിച്ചു തന്റെ നാമഹേതുകൻ മാർ യാക്കോബ് ശ്ലീഹായുടെ തിരുനാൾദിനമായ 1934 ജൂലൈ 25നു വെഞ്ചരിപ്പുകർമം നിർവ ഹിച്ചിട്ടുള്ളതാണ്. ഈശോമ്ശിഹായുടെ രക്ഷാകരരഹസ്യങ്ങളുടെ (റിഡം പ്ഷൻ-കുരിശുമരണം, ഉത്ഥാനം, സ്വർഗാരോഹണം) പൂർത്തീകരണത്തിന്റെ പത്തൊമ്പതാമതു ശതാബ്ദിയാഘോഷസ്മാരകമാണ് (1933) ഈ കവാടം. ചരിത്ര പ്രാധാന്യമുള്ള ഈ കവാടത്തിന്റെ നവതി അതിരൂപതാ പബ്ലിക് റിലേഷൻസ്-ജാഗ്രതാസമിതി ജൂലൈ 25നു സമുചിതമായി ആചരിച്ചു.

മാർ ജയിംസ് കാളാശ്ശേരിയുടെ 75-ാമതു ചരമവാർഷികം ആചരിക്കുന്ന 2024ൽതന്നെ ഈ കവാടത്തിന്റെയും ഇതോടൊപ്പം നിർമിക്കപ്പെട്ട ചങ്ങനാശ്ശേരി പണ്ടകശാലക്കടവ് സെന്റ് ജയിംസ് കുരിശടിയുടെയും നവതികൾ ആചരിക്ക പ്പെടുന്നു എന്നതു ശ്രദ്ധേയമാണ്.

യൂറോപ്യൻരാജ്യങ്ങൾ സന്ദർശിക്കുകയും അവിടെ താമസിച്ചു പഠിക്കുകയും ചെയ്ത മാർ ജയിംസ് കാളാശ്ശേരി ചങ്ങനാശ്ശേരി രൂപതയുടെ അധ്യക്ഷനായി ചുമതലയേറ്റെടുത്തപ്പോൾ വിദേശങ്ങളിൽ താൻ കണ്ടുപരിചയച്ചതുപോലെ ക്രൈസ്തവസംസ്കാരത്തിന്റെ പ്രൗഢിയും ആഢ്യത്വവും വിളിച്ചോതുന്ന നിർമിതികൾ നമ്മുടെ നാട്ടിലും വേണമെന്ന് ആഗ്രഹിക്കുകയും അതു നടപ്പി ലാക്കുകയും ചെയ്തു. ഇപ്രകാരം ആദ്യമായി രൂപകല്പന ചെയ്യപ്പെട്ട നിർമി തിയാണ് ഈ കവാടം.

'റിഡംപ്ഷൻ ജൂബിലി മെമ്മോറിയൽ' എന്ന് ആംഗലേയഭാഷയിൽ ഈ കവാടത്തിന്റെ മുൻവശത്ത് എഴുതിയിട്ടുണ്ട്. മാർ ജയിംസ് കാളാശ്ശേരിയുടെ

ശ്ലൈഹികമുദ്രയും ഇതിൽ മുകളിലായി ആലേഖനം ചെയ്തിട്ടുണ്ട്. കവാട ത്തിന്റെ ഉൾവശത്തായി പ്രതിഷ്ഠിച്ചിരിക്കുന്ന പരി. കന്യകാമറിയത്തിന്റെ തിരുസ്വരൂപവുംഒപ്പം എഴുതിച്ചേർത്തിരിക്കുന്ന 'Gate of Heaven Pray for Us' (സ്വർഗകവാടമേ ഞങ്ങൾക്കുവേണ്ടി പ്രാർഥിക്കണമേ) എന്നവാചകവും ഇതിന്റെ പ്രത്യേകതയാണ്. സാധാരണയായി കവാടങ്ങളിൽ അവ പ്രതിനിധാനം ചെയ്യുന്ന സ്ഥാപനത്തിന്റെ പേര് എഴുതുന്നതാണ്. എന്നാലിതിൽ അപ്രകാരം രൂപത യുടെ പേര് എഴുതിയിട്ടില്ല എന്നതും ശ്രദ്ധാർഹമാണ്.

വിദ്യാഭ്യാസപ്രക്ഷോഭങ്ങൾക്കും വിമോചനസമരത്തിനും നസ്രാണിസമൂഹ ത്തിന്റെ ഐതിഹാസികമുന്നേറ്റങ്ങൾക്കും ഏറ്റവും അവസാനമായി പരലോക പ്രാപ്തനായ മാർ ജോസഫ് പവ്വത്തിലിന്റെ ശോകാർദ്രമായ വിടവാങ്ങ ലിനുവരെ മൂകസാക്ഷിയായ ഈ കവാടം തലയെടുപ്പോടെ ചങ്ങനാശ്ശേരിയുടെ നഗരഹൃദയത്തിൽ നിലകൊള്ളുന്നു.

**ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ കമ്മിഷനു നിവേദനം**

ദളിതുക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യതകളെ ക്കുറിച്ചു പഠിക്കാൻ കേന്ദ്രസർക്കാർ നിയമിച്ച ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ കമ്മിഷൻ ഓഗസ്റ്റ് ഒന്നിന് എറണാകുളത്തു നടത്തിയ സിറ്റിങ്ങിൽ പബ്ലിക് റിലേ ഷൻസ്-ജാഗ്രതാസമിതി പ്രതിനിധികൾ പങ്കെടുത്തു. ദളിതുക്രൈസ്തവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനവും സമർപ്പിച്ചു.

**ഫാ. വർഗീസ് മൂന്നുപറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*

**അഡ്വ. ജോജി ചിറയിൽ**
*(പി.ആർ.ഒ.)*

# സന്ദേശനിലയം

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ആരാധനാവത്സരത്തിലെ ഏലിയാ-സ്ലീവാ-മൂശെക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണ്. യുഗാന്തത്തെ നോക്കിപ്പാർത്തു സ്വർഗത്തെ ലക്ഷ്യമാക്കി കർത്താവീശോമ്ശിഹായുടെ രണ്ടാംവരവിന് ഒരുങ്ങാൻ ഈ കാലഘട്ടത്തിലെ വിശ്വാസപരിശീലനം നമ്മെ സഹായിക്കട്ടെ. പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ സെപ്റ്റംബർ എട്ടിന് ആഘോഷിക്കുകയാണ്. പ്രാർഥിച്ച്, നോമ്പെടുത്ത്, ഇടവകപ്പള്ളിയിലെ പരിശുദ്ധ കുർബാനയിൽ പങ്കുചേർന്ന് ഈ തിരുനാളിന് ഒരുങ്ങാം. ഫൊറോനാതലത്തിൽ നടത്തപ്പെടുന്ന ബൈബിൾ കലോത്സവം വിശ്വാസത്തിന്റെയും കൂട്ടായ്മയുടെയും പ്രഘോഷണമാക്കി മാറ്റാൻ പരിശ്രമിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

01 ഞായർ : **എട്ടുനോമ്പാരംഭം**
ഏലിയാ-സ്ലീവാ-മൂശെ രണ്ടാം ഞായർ ക്ലാസ്സ്- 14

07 ശനി : സി.എൽ.റ്റി. ക്ലാസ്സ്

08 ഞായർ : ഏലിയാ-സ്ലീവാ-മൂശെ മൂന്നാം ഞായർ ക്ലാസ്സ്- 15
**പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ**

10 ചൊവ്വ : ഫൊറോനാതല ബൈബിൾ കലോത്സവം രചനാമത്സരങ്ങൾക്ക് ഒന്നാം സ്ഥാനാർഹമായ രചനകൾ സന്ദേശനിലയത്തിൽ നൽകേണ്ട അവസാനതീയതി

14 ശനി : മാർ സ്ലീവായുടെ പുകഴ്ച, ഒന്നാം ഓണം *(ഓഫീസ് അവധി)*

15 ഞായർ : ഏലിയാ-സ്ലീവാ-മൂശെ നാലാം ഞായർ, തിരുവോണം *(വിശ്വാസ പരിശീലനക്ലാസ്സുകൾക്ക് ഇളവ്)*

16 തിങ്കൾ : **മതാധ്യാപകസെമിനാർ: എടത്വാ, ചമ്പക്കുളം ഫൊറോനകൾ**
(രാവിലെ 9.30നു ചമ്പക്കുളം, ഉച്ചകഴിഞ്ഞു രണ്ടിന് എടത്വാ)

17 ചൊവ്വ : സി.എൽ.റ്റി. ക്ലാസ്സ്

21 ശനി : സി.എൽ.റ്റി. ക്ലാസ്സ്

22 ഞായർ : ഏലിയാ-സ്ലീവാ-മൂശെ അഞ്ചാം ഞായർ ക്ലാസ്സ്- 16
**മതാധ്യാപകസെമിനാർ: കോട്ടയം ഫൊറോന**
(ഉച്ചകഴിഞ്ഞു രണ്ടിന്)

28 ശനി : സി.എൽ.റ്റി. ക്ലാസ്സ്, **സി.ആർ.റ്റി. സമ്പൂർണസമ്മേളനം**
(സന്ദേശനിലയത്തിൽ)

29 ഞായർ : ഏലിയാ-സ്ലീവാ-മൂശെ ആറാം ഞായർ ക്ലാസ്സ്- 17, ലോഗോസ് ക്വിസ്

**ഒക്ടോബർ**

01 ചൊവ്വ : വി. കൊച്ചുത്രേസ്യാ

02 ബുധൻ : **അതിരൂപതാതല ബൈബിൾ ക്വിസ്**

05 ശനി : സി.എൽ.റ്റി. ക്ലാസ്സ്

06 ഞായർ : ഏലിയാ-സ്ലീവാ-മൂശെ ഏഴാം ഞായർ ക്ലാസ്സ്- 18 **സൺഡേസ്കൂൾ ഒന്നാം ടേം എഴുത്തുപരീക്ഷ**

07 തിങ്കൾ : **ഒന്നാം ടേം വാചികപരീക്ഷാരംഭം**

**മതാധ്യാപകസെമിനാർ**

ഫൊറോനാതല അർധദിനസെമിനാർ ആരംഭിച്ചു. *വിശ്വാസപരിശീലനം ഇന്ന്* എന്നവിഷയത്തെ ആസ്പദമാക്കിയുള്ള ഈ സെമിനാറിൽ വിശ്വാസ പരിശീലകർ ആദ്യന്തം സംബന്ധിക്കേണ്ടതാണ്. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ ഫൊറോനകളും തീയതികളും താഴെക്കൊടുത്തിരിക്കുന്നു. *സമയക്രമം: രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ/ ഉച്ചകഴിഞ്ഞു രണ്ടു മുതൽ വൈകുന്നേരം 5.30 വരെ*

| **രാവിലെ** | **ഉച്ചകഴിഞ്ഞ്** |
|---|---|
| സെപ്റ്റംബർ 16- ചമ്പക്കുളം | സെപ്റ്റംബർ 16 - എടത്വാ |
| | സെപ്റ്റംബർ 22 - കോട്ടയം |
| ഒക്ടോബർ 12- മണിമല | ഒക്ടോബർ 12 - നെടുങ്കുന്നം |
| | ഒക്ടോബർ 13 - ചെങ്ങന്നൂർ |
| | ഒക്ടോബർ 19 - കുറുമ്പനാടം |

**സി.ആർ.റ്റി. സമ്പൂർണസമ്മേളനം**

സൺഡേസ്കൂൾ വിസിറ്റിനു പ്രാരംഭമായുള്ള സി.ആർ.റ്റി.യുടെ സമ്പൂർണ സമ്മേളനം **സെപ്റ്റംബർ 28** ഉച്ചകഴിഞ്ഞ് 2.30നു സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്. കാലോചിതമായി പരിഷ്കരിച്ച അസ്സെസ്സ്മെന്റ് ഫോം പരിചയപ്പെടുന്നതിനും സന്ദർശനവേളയിൽ വിശ്വാസപരിശീലനത്തിലൂടെ ഫലപ്രദമായ വളർച്ച പ്രാപിക്കുന്നതിനു സൺഡേസ്കൂളുകളെ സഹായിക്കുന്നതിനുമുള്ള ബോധ്യങ്ങൾ കൈവരിക്കുന്നതിനും ഈ സമ്മേളനം സഹായകമാകും. സി.ആർ.റ്റി. വിസിറ്റിൽ ഭാഗഭാക്കുകളാകുന്ന അംഗങ്ങൾ ഇതിൽ നിർബന്ധമായി പങ്കെടുക്കേണ്ടതാണ്.

**ബൈബിൾ കലോത്സവം**

ഫൊറോനാതലരചനാമത്സരങ്ങൾക്ക് ഒന്നാം സ്ഥാനാർഹരുടെ ലിസ്റ്റ്, രചനകൾ എന്നിവ *സെപ്റ്റംബർ 10നും* ബൈബിൾ ക്വിസ് ഫൊറോനാതല വിജയികളുടെ ലിസ്റ്റ് *സെപ്റ്റംബർ 25നും മുമ്പായി* സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. അതിരൂപതാതല ബൈബിൾ ക്വിസ് **ഒക്ടോബർ 2** രാവിലെ 9.30നു സന്ദേശനിലയത്തിൽ നടത്തപ്പെടുന്നതാണ്.

**സൺഡേസ്കൂൾ ഒന്നാം ടേം പരീക്ഷ**

സൺഡേസ്കൂളിന്റെ ഒന്നാം ടേം പരീക്ഷ **ഒക്ടോബർ ആറിന്** 1 മുതൽ 7 വരെ ക്ലാസ്സുകൾക്കു രാവിലെയും 8 മുതൽ 12 വരെ ക്ലാസ്സുകൾക്ക് ഉച്ചകഴിഞ്ഞു മായി നടത്തപ്പെടുന്നതാണ്. സന്ദേശനിലയത്തിൽ സമർപ്പിച്ച സ്റ്റാറ്റിസ്റ്റിക്സിൽ നൽകിയിരിക്കുന്ന വിവരങ്ങൾക്കനുസരിച്ചാണു ചോദ്യപേപ്പറുകൾ ലഭ്യമാകുക. *സൺഡേസ്കൂൾകുട്ടികളുടെ സ്ഥിതിവിവരക്കണക്കുകൾ ഇനിയും നൽകാത്തവർ എത്രയുംവേഗം അത് ഏല്പിക്കേണ്ടതാണ്.*

**വെൽനസ് പ്രോഗ്രാം**

സൺഡേസ്കൂളുകളിൽ പഠിക്കുന്ന നമ്മുടെ കുട്ടികൾക്കു ജീവിതത്തിൽ വഴികാട്ടാനും ആത്മവിശ്വാസവും സ്വയാവബോധവും വളർത്തിയെടുക്കാനും സഹായമാകുന്ന **വെൽനസ് പ്രോഗ്രാം** തുരുത്തി കാനാ-ജോൺ പോൾ സെക്കൻഡ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ സന്ദേശനിലയത്തിന്റെ സഹ കരണത്തോടെ ആരംഭിക്കുന്നു. കൗൺസെലിങ് മേഖലയിൽ വൈദഗ്ധ്യമുള്ള വരുടെ ഒരു സംഘം സൺഡേസ്കൂളുകളിലെത്തി കുട്ടികളെയും മാതാ പിതാക്കളെയും വ്യക്തിപരമായും ഗ്രൂപ്പായും കാണുന്നവിധത്തിലാണ് ഇതു ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്കു വിളിക്കുക: **6238179486, 9400836016**

**ആദരാഞ്ജലികൾ**

സന്ദേശനിലയം മുൻ ഓഫീസ് സെക്രട്ടറി സി. ഫ്ളാവിയ എഫ്.സി.സി., കുടമാളൂർ സെന്റ് മേരീസ് സൺഡേസ്കൂൾ മുൻ അധ്യാപകരായ സി. ട്രീസ മാർട്ടിൻ എഫ്.സി.സി., സി. ബ്രിജിറ്റ് മേരി എഫ്.സി.സി., കെ. ഡി. ചാക്കോ, ആർപ്പൂക്കര ലിറ്റിൽ ഫ്ളവർ സൺഡേസ്കൂൾ മുൻ അധ്യാപകൻ ഇ. ജെ. ജോസഫ്, മുണ്ടത്താനം സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപകൻ ഡൊമിനിക് വഴീപ്പറമ്പിലിന്റെ പിതാവും മുൻ ഹെഡ്മാസ്റ്ററുമായിരുന്ന കെ. ഒ. ജോസഫ്, പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ സൺഡേസ്കൂൾ മുൻ അധ്യാ പകൻ റ്റി. റ്റി. ഫ്രാൻസിസ്, അധ്യാപിക ജൂബി ജേക്കബിന്റെ മാതാവ്, കണ്ടങ്കരി സെന്റ് ജോസഫ്സ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ജാർളി ജോസഫിന്റെ മാതാവ്, പുന്നമട സെന്റ് മേരീസ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ തോമസ് പി.എം.ന്റെ പിതാവ്, പന്തളം ദനഹാ സൺഡേസ്കൂൾ അധ്യാപിക ആൻസമ്മ ജോസിയുടെ മാതാവ് എന്നിവരുടെ നിര്യാണത്തിൽ സന്ദേശനിലയം-മിഷൻ ലീഗ് കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
# (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരേ,

പ്രാർഥന, സുകൃതജപങ്ങൾ എന്നിവയുടെ അകമ്പടിയോടെ അൽഫോൻസാ ജന്മഗൃഹത്തിലേക്കുള്ള 36-ാമതു തീർഥാടനത്തിൽ പങ്കെടുത്തതിന്റെ ആത്മീയ മായ ഉണർവിലാണു നാമെല്ലാവരും. ഈ ഉണർവു ഹൃദയത്തിൽ ഏറ്റുവാങ്ങി മിഷൻലീഗിന്റെ പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി പങ്കെടുക്കാം. സെപ്റ്റംബർ നമ്മെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട മാസമാണ്. നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ, ചെറുപുഷ്പ മിഷൻ ലീഗിന്റെ സ്ഥാപകഡയറക്ടറും അതിരൂപതാവൈദികനുമായിരുന്ന ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 26-ാം ചരമവാർഷികം എന്നിവ ഈ മാസത്തിലാണ്. ശാഖകൾ മാലിപ്പറമ്പിൽ അച്ചന്റെ കബറിടം സന്ദർശിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നത് ഉചിതമാണ്. ജനനതിരുനാളിന്റെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിച്ചുകൊണ്ട്

ഈശോയിൽ സ്നേഹപൂർവം,

**ഫാ. മാത്യു പുളിയ്ക്കൽ**
**ഫാ. ജോസഫ് പൊന്നാറ്റിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

**ഫാ. ആൻഡ്രൂസ് പാണംപറമ്പിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**സെപ്റ്റംബർ**

01 ഞായർ : എട്ടുനോമ്പാരംഭം

08 ഞായർ : **പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ**

09 തിങ്കൾ : **ചരമദിനം: സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ,** ഡയറക്ടേഴ്സ് ദിനം

14 ശനി : മാർ സ്ലീവായുടെ പുകഴ്ച, ജോസഫ് മാലിപ്പറമ്പിൽ അച്ചൻ അനുസ്മരണം: ശാഖകളിൽ; ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ, സംസ്ഥാന മാനേജിങ് കമ്മിറ്റി, സംസ്ഥാനതലപ്രസംഗമത്സരം

21 ശനി : **സംസ്ഥാനതലരചനാമത്സരം**

28 ശനി : ബേത്ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

**ഒക്ടോബർ**

01 ചൊവ്വ : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, അംഗത്വനവീകരണം നടത്തുക, ദൈവവിളിദിനം, ദൈവവിളിയ്ക്കായി പ്രാർഥിക്കുക.

03 വ്യാഴം : 78-ാം സി.എം.എൽ. സ്ഥാപനദിനം

04 വെള്ളി : വി. ഫ്രാൻസിസ് അസ്സീസ്സി

05 ശനി : ബേത്ലെഹെം മീറ്റ്, പഠനഗ്രന്ഥചർച്ച

09 ബുധൻ : ദൈവദാസൻ മാർ മാത്യു കാവുകാട്ട്: 55-ാം ചരമവാർഷികം

### ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം - സംസ്ഥാന മാനേജിങ് കമ്മിറ്റി

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപകഡയറക്ടർ ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 26-ാം ചരമവാർഷികം, സംസ്ഥാന മാനേജിങ് കമ്മിറ്റി എന്നിവ **സെപ്റ്റംബർ 14ന്** ആർപ്പൂക്കര ചെറുപുഷ്പം പള്ളിയിൽ നടത്തപ്പെടുന്നതും രാവിലെ 9.30നു പരിശുദ്ധ കുർബാന, അനുസ്മരണസമ്മേളനം എന്നിവ ഉണ്ടായിരിക്കുന്നതുമാണ്. കുടമാളൂർ, കോട്ടയം, അതിരമ്പുഴ എന്നിവിടങ്ങളിലെ മേഖലാഭാരവാഹികളുടെയും മിഷൻലീഗ് അംഗങ്ങളുടെയും സാന്നിധ്യവും സഹകരണവും ഇതിനുണ്ടാകുമല്ലോ.

### ഡയറക്ടേഴ്സ് ദിനം

ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ ചരമദിനം ചെറുപുഷ്പ മിഷൻലീഗ് ഡയറക്ടേഴ്സ് ദിനമായി ആചരിക്കുന്നു. ആയതിനാൽ ശാഖ-മേഖല-അതിരൂപതാതലങ്ങളിൽ ഡയറക്ടർമാരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്.

### ശാഖാതല അനുസ്മരണം

ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ അനുസ്മരണം ശാഖകളിൽ ഉചിതമായ പരിപാടികളോടുകൂടെ നടത്തേണ്ടതാണ് *(അച്ചന്റെ ജീവിതത്തെ ആസ്പദമാക്കി പത്രം നിർമിക്കുക, സെമിനാർ, ക്വിസ്, പ്രസംഗം എന്നിവ സംഘടിപ്പിക്കുക).*

### വി. കൊച്ചുത്രേസ്യായുടെ തിരുനാൾ

**ഒക്ടോബർ 1** വി. കൊച്ചുത്രേസ്യായുടെ തിരുനാളാണ്. സൗകര്യമുള്ള ഒരു ദിവസം കൊച്ചുത്രേസ്യാപ്പുണ്യവതിയുടെ തിരുനാൾ ശാഖകളിൽ സമുചിതമായി ആചരിക്കാം. അതിനോടനുബന്ധിച്ച് അംഗത്വനവീകരണവും നടത്തേണ്ടതാണ്.

### സ്ഥാപകദിനാചരണം

**ഒക്ടോബർ 3** ചെറുപുഷ്പ മിഷൻലീഗിന്റെ 78-ാം സ്ഥാപനദിനമാണ്. ശാഖകളിൽ മിഷൻലീഗിന്റെ പതാക ഉയർത്തി ഈ ദിനം ആചരിക്കാം.

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ മംഗളങ്ങൾ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ലോഗോസ് ക്വിസിന്റെ വിജയത്തിനായി നിങ്ങൾ നൽകിയ സഹകരണങ്ങൾക്കും സഹായങ്ങൾക്കും നന്ദിയറിയിക്കുന്നു. ഈ വർഷം 23,500 പേർ മാത്രമേ ലോഗോസ് ബൈബിൾ പഠനപദ്ധതിയിൽ പങ്കെടുത്തുള്ളൂ. കഴിഞ്ഞ വർഷത്തെക്കാൾ 8,000 പേരുടെ കുറവുണ്ട്. തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ ഉത്സാഹത്തോടെ ഇതിൽ പങ്കെടുക്കുമെന്നു കരുതുന്നു.

ഫൊറോനകൾ തിരിച്ചുള്ള കുടുംബക്കൂട്ടായ്മാസംഗമങ്ങൾ ഉടനെതന്നെ ആരംഭിക്കുന്നതാണ്. ഫൊറോനാസമിതിയംഗങ്ങളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും നിർബന്ധമായി ഇതിൽ പങ്കെടുക്കേണ്ടതാണ്. ഇപ്പോൾ നടത്തപ്പെടുന്ന ബൈബിൾ കോഴ്സിലെ പങ്കാളിത്തം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതാണ്. ഈ വർഷം ഏതാനും ഫൊറോനാ ഡയറക്ടർമാർ തത്സ്ഥാനത്തുനിന്നും മാറിപ്പോയിട്ടുണ്ട്. അവരെ നന്ദിയോടെ ഓർക്കുന്നു. പുതിയതായി ചുമതലയേറ്റവർക്കു ഹൃദ്യമായ സ്വാഗതം.

പ്രാർഥനയോടെ,

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

**ലോഗോസ് ക്വിസ് 2024**

ഈ വർഷത്തെ ലോഗോസ് ക്വിസ് **സെപ്റ്റംബർ 29** ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെ അതത് ഇടവകകളിൽ നടത്തപ്പെടുന്നതാണ്. പേരു രജിസ്റ്റർ ചെയ്തവർ ഇതിൽ പങ്കെടുക്കാൻ ശ്രദ്ധിക്കണം. *സെപ്റ്റംബർ 27 മുതൽ* ഫൊറോനാ കേന്ദ്രങ്ങളിൽനിന്നും വികാരിയച്ചന്റെ കത്തുമായി ചെന്നു ചോദ്യപേപ്പറുകൾ വാങ്ങാവുന്നതാണ്. പരീക്ഷയ്ക്കുശേഷം ഉത്തരപേപ്പറുകൾ പായ്ക്കു ചെയ്തു *സെപ്റ്റംബർ 31 വൈകുന്നേരം അഞ്ചിനു മുമ്പായി* അതിരൂപതാ കുടുംബക്കൂട്ടായ്മ ഓഫീസിലോ ഫൊറോനാകേന്ദ്രങ്ങളിലോ ഏല്പിക്കേണ്ടതാണ്.

**മത്സരത്തിൽ ശ്രദ്ധിക്കേണ്ടവ**

1. സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു ലഭിക്കുന്നതിനു ഹാൾ ടിക്കറ്റ് നമ്പർ ആവശ്യമായതുകൊണ്ട് അതു നിർബന്ധമായും എഴുതേണ്ടതാണ്.
2. രജിസ്റ്റർ ചെയ്തിരിക്കുന്ന പേരുതന്നെ ഉത്തരക്കടലാസിൽ എഴുതേണ്ടതാണ്.
3. ഹാൾ ടിക്കറ്റ് നമ്പർ ക്രമത്തിൽ, കാറ്റഗറി തിരിച്ച് ഉത്തരക്കടലാസുകൾ പായ്ക്കു ചെയ്യേണ്ടതാണ്.
4. ഹാൾ ടിക്കറ്റ് നമ്പർ ലഭിക്കാതെ വന്നാൽ ഉത്തരക്കടലാസിനോടൊപ്പം പേരുവിവരങ്ങൾ എഴുതി പിൻ ചെയ്യേണ്ടതാണ്.

**ലോഗോസ് ക്വിസിൽ കൂടുതലംഗങ്ങളെ പങ്കെടുപ്പിച്ച് ആദ്യ മൂന്നുസ്ഥാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ**

1. സെന്റ് തോമസ്, നാലുകോടി- പായിപ്പാട്
2. ലൂർദ് മാതാ, പായിപ്പാട്
3. ലൂർദ് ഫൊറോന, കോട്ടയം

**കുടുംബങ്ങൾക്കാനുപാതികമായി സമ്മാനങ്ങൾ കരസ്ഥമാക്കിയ ഇടവകകൾ**

1. ലൂർദ് മാതാ, പായിപ്പാട്
2. സെന്റ് അൽഫോൻസാ, പോങ്ങുമ്മൂട്
3. ഇമ്മാക്കുലേറ്റ് ഹാർട്ട്, മുട്ടാർ

വിജയങ്ങൾ നേടിയ വികാരിയച്ചന്മാർ, ഹെഡ്മാസ്റ്റേഴ്സ്, ലോഗോസ് ക്വിസ് കോഡിനേറ്റേഴ്സ്, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവരെ അഭിനന്ദിക്കുന്നു.

**നൂറുമേനി സീസൺ 2- 'വചനം ഹൃദയത്തിലും ജീവിതത്തിലും'**

അതിരൂപതാ ബൈബിൾ അപ്പോസ്തലേറ്റിന്റെയും MAC ടി.വി.യുടെയും സംയുക്താഭിമുഖ്യത്തിൽ നടത്തപ്പെട്ട നൂറുമേനി വചനമനഃപാഠമത്സരത്തിന്റെ ഇടവകതല ഉദ്ഘാടനം 2023 നവംബർ 26നും കുടുംബക്കൂട്ടായ്മാതലമത്സരം 2023 ഡിസംബർ – 2024 ജനുവരി മാസങ്ങളിലും ഫൊറോനാതലമത്സരം ഫെബ്രുവരി 25നും ഗ്രാൻഡ് ഫിനാലെ മത്സരം ജൂലൈ 26നും നൂറുമേനി സീസൺ 2: സമ്മാനദാനം, സമ്മേളനം എന്നിവ ജൂലൈ 28നും നടത്തപ്പെട്ടു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട ഗ്രാൻഡ് ഫിനാലെ മത്സരം ഡോ. റൂബിൾ രാജ് നയിച്ചു. MAC ടി.വി. ലൈവ് സംപ്രേഷണം നടത്തി. ശാലോം ടി.വി.യുടെ ടീം മത്സരാർഥികളുമായി ഇന്റർവ്യൂ നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും മത്സരദിവസം റെക്കോഡിങ് നടത്തുകയും ചെയ്തു.

**നാൽപതിനായിരം പേർ പങ്കെടുത്ത നൂറുമേനി സീസൺ 2**

അതിരൂപതയുടെ 250 ഇടവകകളിൽനിന്ന് 7 കാറ്റഗറികളിലായി 40,000 പേർ നൂറുമേനി വചനമനഃപാഠസപര്യയിൽ പങ്കെടുത്തു. അതിരൂപതയിലെ കോൺഗ്രിഗേഷനുകളിൽനിന്നു സന്യാസിനികൾ, വൈദികാർഥികൾ, ആതുര സേവനരംഗത്തു പ്രവർത്തിക്കുന്നവർ (നൂറുമേനി @ ബേത്സഥാ) എന്നിവരും ഇതിൽ പങ്കാളികളായി. വ്യക്തിപരമായും കുടുംബമായും മത്സരിച്ച 3,000 പേർക്കു സമ്മാനങ്ങൾ ലഭിച്ചു. അവരിൽ 40% സൺഡേസ്കൂൾ കുട്ടികളാണ്. കാറ്റഗറികളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയവരെ വചനതാരപുരസ്കാരവും ക്യാഷ് അവാർഡും നൽകി ആദരിച്ചു. ഗ്രാൻഡ് ഫിനാലെ സമ്മാനദാനം, മഹാസമ്മേളനം എന്നിവയിൽ സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിലും മൂവായിരത്തിയഞ്ഞൂറിലധികംപേരും പങ്കെടുത്തു.

**മഹാസംഗമം: നൂറുമേനി സീസൺ 2**

ബൈബിൾ അപ്പോസ്തലേറ്റിന്റെ അതിരൂപതാ ആനിമേറ്റർ സി. ചെറുപുഷ്പം എസ്.എ.ബി.എസ്. നയിച്ച പ്രാർഥനയോടെ മഹാസംഗമം ആരംഭിച്ചു. കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോർജ് മാന്തുരുത്തിൽ സ്വാഗതമാശംസിച്ചു. അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ ആമുഖസന്ദേശം നൽകി. നൂറുമേനി ചെയർമാൻ സണ്ണി ഇടിമണ്ണിക്കൽ നൂറുമേനിമത്സരം ആരംഭിക്കുന്നതിനുണ്ടായ സാഹചര്യങ്ങളും അതിന്റെ ലക്ഷ്യങ്ങളും വചനം ജീവിതത്തിൽ പ്രവർത്തികമാക്കി ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ശുശ്രൂഷാമേഖലകളും വിശദീകരിച്ചു. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം അധ്യക്ഷപ്രസംഗത്തിൽ നൂറുമേനിമത്സരത്തിലൂടെ ദൈവവചനത്തിന്റെ നൂറുമേനി കൊയ്തെടുക്കാൻ ഏവർക്കും സാധ്യമാകട്ടെയെന്ന് ആശംസിച്ചു. കോട്ടയം ക്യാൻഡിൽ ബാന്റിന്റെ ഗാനാലാപനങ്ങൾ സമ്മേളനത്തിനു മികവേകി. സീറോമലബാർ സഭാ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. ദൈവത്തിന്റെ സമ്മാനമായ നൂറുമേനി വചനപഠനം കേരളം മുഴുവനും വ്യാപിപ്പിക്കണമെന്ന് അഭി. മേജർ ആർച്ചുബിഷപ് ആഹ്വാനം ചെയ്തു. MAC ടി.വി. ഡയറക്ടർ ഫാ. വർഗീസ് കണിച്ചേരിൽ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ് എന്നിവർ ആശംസകളറിയിച്ചു. പാലാ മരിയസദനം ഡയറക്ടർ സന്തോഷ് മരിയസദനം ജീവിതത്തിൽ വചനത്തിന്റെ പ്രസക്തിയും വചനം പ്രായോഗികജീവിതത്തിൽ അനുവർത്തിക്കേണ്ടതിന്റെ ആവശ്യകതയും ജീവിതസാക്ഷ്യത്തിന്റെ വെളിച്ചത്തിൽ പങ്കുവെച്ചു.

**വിജയികൾ: നൂറുമേനി സീസൺ 2 ഗ്രാൻഡ് ഫിനാലെ**

നൂറുമേനി ബ്രാൻഡ് അംബാസിഡറും ഗ്രാൻഡ് ഫിനാലെ ക്വിസ് മാസ്റ്ററുമായ ഡോ. റൂബിൾ രാജ് ഗ്രാൻഡ് ഫിനാലെ വിജയികളെ പ്രഖ്യാപനം ചെയ്തു സംസാരിച്ചു. സിജു തോമസ് ജോൺ ഷാരോൺ കുറ്റിക്കാട്ട്, കെ. കെ. തോമസ് കുരിശുമ്മൂട്, റ്റി. റ്റി. ജോൺ കൂമ്പംവേലിൽ, മോൺസി ആന്റണി കണ്ടത്തിൽ, ഏ. റ്റി. ജോബ് ആറുപറ എന്നിവർ ആദ്യ അഞ്ചുസ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികളായ കുടുംബങ്ങളെ സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് മാർ റാഫേൽ തട്ടിൽ പുരസ്കാരങ്ങളും ക്യാഷ് അവാർഡുകളും നൽകി ആദരിച്ചു.

**ലോഗോപ്രകാശനം: നൂറുമേനി സീസൺ 3**

കുടുംബക്കൂട്ടായ്മ അതിരൂപതാ പ്രസിഡന്റ് ഡോ. പി. സി. അനിയൻകുഞ്ഞ് 'നൂറുമേനി സീസൺ 3' ലോഗോപ്രകാശനത്തിനുള്ള ആമുഖസന്ദേശം നൽകി. സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ, അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം എന്നിവർ ചേർന്നു ലോഗോപ്രകാശനം നടത്തുകയും കുടുംബക്കൂട്ടായ്മാ ജനറൽ കൺവീനർമാരായ ജോസഫ് റ്റിറ്റോ, ജോസി കടന്തോട്, മറിയം ജോർജ് പൊട്ടംകളം, കുടുംബക്കൂട്ടായ്മ അതിരൂപതാ ഓഫീസ് സെക്രട്ടറി ടോമി ആന്റണി കൈതക്കളം എന്നിവർ ചേർന്നു ലോഗോ ഏറ്റുവാങ്ങുകയും ചെയ്തു. ഈശോയുടെ തിരുപ്പിറവിയുടെ 2025-ാം വർഷാചരണത്തിനൊരു

ക്കമായി 'നൂറുമേനി സീസൺ ത്രീ'യിൽ ഒരുലക്ഷംപേരെ വചനപഠനത്തിൽ പങ്കെടുപ്പിക്കാൻ ഉത്സാഹിക്കണമെന്ന് അഭി. മേജർ ആർച്ചുബിഷപ് ആഹ്വാനം ചെയ്തു.

**ഫോട്ടോ സെഷൻ - സ്നേഹവിരുന്ന്: നൂറുമേനി സീസൺ 2**

18 ഫൊറോനകളിൽനിന്നും വിജയികളായി എത്തിയവർ അഭി. പിതാക്കന്മാരോടൊപ്പം ഫോട്ടോ സെഷനിലും മൂവായിരത്തിയഞ്ഞൂറോളം പേർ സ്നേഹവിരുന്നിലും പങ്കെടുത്തു. രുചികരമായ ഭക്ഷണമൊരുക്കി നൽകിയ ക്വീൻസ് കേറ്ററിങ്ങിനും മാനേജിങ് ഡയറക്ടർ സജയ്ക്കും പ്രത്യേകം നന്ദിയറിയിക്കുന്നു. 'നൂറുമേനി' എന്ന ആശയത്തിന്റെ ആരംഭകനും ചെയർമാനുമായ സണ്ണി ഇടിമണ്ണിക്കലിനെ കൃതജ്ഞതയോടെ ഓർക്കുകയും നന്മകൾ ആശംസിക്കുകയും ചെയ്യുന്നു. ഈ മത്സരത്തോട് ഏതെങ്കിലും തരത്തിൽ സഹകരിച്ച എല്ലാവർക്കും ഹൃദയംനിറഞ്ഞ നന്ദിയർപ്പിക്കുന്നു.

**മത്സരഘട്ടങ്ങൾ: നൂറുമേനി**

നൂറുമേനിമത്സരം ആദ്യം നടത്തപ്പെട്ടതു കുടുംബക്കൂട്ടായ്മാതലങ്ങളിലാണ്. അതിനു നേതൃത്വം വഹിച്ചതു കുടുംബക്കൂട്ടായ്മ ലീഡേഴ്സാണ്. തുടർന്ന് ഇടവകതലത്തിൽ മത്സരം നടത്തപ്പെട്ടു. വൈദികരും സൺഡേസ്കൂൾ പ്രഥമാധ്യാപകരും കുടുംബക്കൂട്ടായ്മാ ലീഡേഴ്സുമടങ്ങുന്ന ടീമാണ് അതിനു നേതൃത്വം നൽകിയത്. അതിനുശേഷമുള്ള റീജൻതലമത്സരത്തിനു ഫൊറോനാ ഡയറക്ടർ അച്ചന്മാരും ആനിമേറ്റേഴ്സിന്റെ ടീമും നേതൃത്വമേകി. അതിരൂപതയിൽനിന്നും സൂപ്പർവൈസേഴ്സ് സെന്ററുകളിൽ എത്തിച്ചേർന്നു മത്സരം നിരീക്ഷിച്ചിരുന്നു. തുടർന്നു മത്സരങ്ങളുടെ മൂല്യനിർണയം നടത്തി. ഇതിനു സഹായിച്ച സന്യാസിനികളെയും അല്മായസഹോദരങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**വലിയ വിജയത്തിനു വലിയ നന്ദി**

'നൂറുമേനി: സീസൺ 2'ന്റെ വിജയത്തിനു പിന്നിൽ പ്രവർത്തിച്ചവർ നിരവധിയാണ്. വർഗീസ് കണിച്ചേരിൽ അച്ചന്റെ നേതൃത്വത്തിലുള്ള MAC ടി.വി. പ്രവർത്തകർ, ശാലോം ടി.വി. പ്രോഗ്രാം കോഡിനേറ്ററും തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗവുമായ റെജു പുലിക്കോട്ടുകളത്തിന്റെ നേതൃത്വത്തിലുള്ള ശാലോം ടി.വി. പ്രവർത്തകർ, ഗുഡ്നെസ്സ് ടി.വി., ഷെക്കീന ടി.വി., ക്രിസ്റ്റ്യൻ ലൈവ് ചാനലുകൾ, വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, നൂറുമേനി സ്റ്റിയറിങ് കമ്മിറ്റിയംഗങ്ങൾ, കുടുംബക്കൂട്ടായ്മാ സെൻട്രൽ കമ്മിറ്റിയംഗങ്ങൾ, ഫൊറോനാസമിതിയംഗങ്ങൾ, കുടുംബക്കൂട്ടായ്മാ വോളണ്ടിയേഴ്സ്, കുടുംബക്കൂട്ടായ്മാ ലീഡേഴ്സ് എന്നിവരുടെ സഹകരണത്തിനു പ്രത്യേകം നന്ദിയറിയിക്കുന്നു.

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോമ്ശിഹായിൽ പ്രിയസഹോദരങ്ങളേ,

ഏലിയാ-സ്ലീവാ- മൂശെക്കാലത്തിലേക്കു നമ്മൾ പ്രവേശിച്ചിരിക്കുകയാണ്. മ്ശിഹായുടെ രണ്ടാംവരവിനെ സവിശേഷമായി ധ്യാനിക്കുന്ന ഈ കാലത്തിൽ മാർ സ്ലീവായുടെ പുകഴ്ച പ്രധാനപ്പെട്ട ഒരു തിരുനാളാണ്. സഹനത്തിന്റെ മൂല്യവും സ്നേഹത്തിന്റെ ആഴവും സത്യത്തിന്റെ വിജയവും പ്രഘോഷിക്കുന്ന മാർ സ്ലീവാ നന്മയുടെ ഉറവിടവും രക്ഷയുടെ അടയാളവുമാണ്. കലോത്സവ നാളുകളിലേക്കു മാതൃവേദി-പിതൃവേദി സംഘടനകൾ കടന്നിരിക്കുകയാണ്. ഇതിന്റെ പ്രഥമലക്ഷ്യങ്ങൾ വിശ്വാസപരിശീലനവും കൂട്ടായ്മാപരിപോഷണവുമാണെന്ന് ഓർമയിലുണ്ടാകണം. ആ ചൈതന്യത്തെ അപ്രസക്തമാക്കുന്ന പ്രവണതകൾ നിരുത്സാഹപ്പെടുത്തണം. എല്ലാത്തലങ്ങളിലും പ്രായവിഭാഗങ്ങളിലുമുള്ള ജീവന്റെ സംരക്ഷണവും പരിപോഷണവും പ്രോലൈഫ് പരിപാടികളും ലക്ഷ്യം വെച്ചുകൊണ്ടാണു **കരുണയും കാവലും** എന്നതു മാർഗരേഖയുടെ വിഷയമാക്കിരിക്കുന്നത്. ഈ മേഖലയ്ക്കു പ്രാധാന്യം നൽകിക്കൊണ്ടു വരും മാസങ്ങളിൽ കൂടുതൽ പരിപാടികൾ ആസൂത്രണം ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

സ്നേഹപൂർവം,

**ഫാ. ജോസഫ് ഇരുപ്പക്കാട്ട്**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### സീറോമലബാർ മാതൃവേദി ഗ്ലോബൽ ജനറൽ ബോഡി മീറ്റിങ്

ജൂലൈ 29നു കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട മീറ്റിങ്ങിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, മാതൃവേദി അതിരൂപതാ പ്രസിഡന്റ് ബീന ജോസഫ് എന്നിവരടക്കം ആറംഗങ്ങൾ പങ്കെടുത്തു. മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ മുഖ്യാതിഥിയായിരുന്ന പരിപാടിയിൽ അതിരൂപതാ മാതൃവേദിയുടെ അർധവാർഷികറിപ്പോർട്ട് അവതരിപ്പിച്ചു.

### WINGS 2.0

'സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുക' എന്നലക്ഷ്യത്തോടെ ഓഗസ്റ്റ് 2, 3, 4 തീയതികളിലായി മുറിഞ്ഞപുഴ നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ സംഘടിപ്പിക്കപ്പെട്ട WINGS 2.0 എന്ന സംരംഭകത്വപരിപാടിയിൽ അതിരൂപത-ഫൊറോന-യൂണിറ്റുതലങ്ങളിൽനിന്ന് അംഗങ്ങൾ പങ്കെടുത്തു.

### ഇടയനോടൊപ്പം

ഇടവകവൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ഓഗസ്റ്റ് നാലിന് അതിരൂപത-ഫൊറോന-യൂണിറ്റുതലങ്ങളിൽ വൈദികരുടെ പ്രവർത്തനങ്ങളെ നന്ദിയോടെ ഓർമിക്കാനും അവരെ ആദരിക്കാനും അവർക്കായി പ്രാർഥിക്കാനുമുള്ള അവസരങ്ങൾ ക്രമീകരിച്ചു.

### മേജർ ആർച്ചുബിഷപ്പിനു കത്ത്

എല്ലാ രൂപതകളിലും പിതൃവേദി രൂപീകരിക്കണം, പിതൃവേദിയെ പിതാക്കന്മാരുടെ ഔദ്യോഗികവിശ്വാസപരിശീലനവേദിയായി പ്രഖ്യാപിച്ചു സഭാതലത്തിൽ അതിനു രൂപഘടനയും പ്രാതിനിധ്യവും നിശ്ചയിക്കണം എന്നിവ അഭ്യർഥിച്ചുകൊണ്ടു പിതൃവേദി അതിരൂപതാ പ്രസിഡന്റ് ജിനോദ് എബ്രാഹമിന്റെ നേതൃത്വത്തിൽ പിതൃവേദി അതിരൂപതാസമിതി മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിലിനു കത്തു നൽകി.

### ഇൻഡ്യാസ് മാർച്ച് ഫോർ ലൈഫ് 2024

ഭാരതകത്തോലിക്കാമെത്രാൻസമിതിയുടെ കീഴിൽ ഓഗസ്റ്റ് 10നു തൃശൂരിൽ സംഘടിപ്പിക്കപ്പെട്ട 'ഇൻഡ്യാസ് മാർച്ച് ഫോർ ലൈഫ് 2024'ൽ അതിരൂപതയിൽനിന്ന് 18 അംഗങ്ങൾ പങ്കെടുത്തു. പ്രതിനിധിസമ്മേളനത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആശംസകളർപ്പിച്ചു.

### യൂണിറ്റുവിസിറ്റ്

മാതൃവേദി-പിതൃവേദി അതിരൂപതാസമിതികളുടെ യൂണിറ്റുസന്ദർശനം ഓഗസ്റ്റ് 11നു തൃക്കൊടിത്താനം ഫൊറോനയിലെ കൊടിനാട്ടുംകുന്ന്, മുണ്ടുപാലം യൂണിറ്റുകളിൽ നടത്തപ്പെട്ടു. തൃക്കൊടിത്താനം ഫൊറോനയിലെ എട്ടു യൂണിറ്റുകളിൽ ഇതിനോടകം അതിരൂപതാസമിതി സന്ദർശനം നടത്തി. തൃക്കൊടിത്താനം ഫൊറോനാ ഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

### ലോകയുവജനദിനം

ലോകയുവജനദിനത്തിന്റെ ഭാഗമായി ഫൊറോനകളും യൂണിറ്റുകളും യുവജനങ്ങൾക്കുവേണ്ടി പ്രത്യേകപരിപാടികൾ സംഘടിപ്പിച്ചു.

### ആനിമേഷൻ ടീം മീറ്റിങ്

മാതൃവേദി-പിതൃവേദിയുടെ കർമപരിപാടികൾ ചർച്ച ചെയ്യാനായി ഓൺലൈനായും ഓഫ്‌ലൈനായും ആനിമേഷൻ ടീം മീറ്റിങ്ങുകൾ നടത്തപ്പെട്ടു.

### ഫൊറോനാ കൗൺസിൽ മീറ്റിങ് - നേതൃസംഗമം

ഫൊറോനാ ഭാരവാഹികൾ ഓഗസ്റ്റ് 15നു കൗൺസിൽ മീറ്റിങ്ങിൽ പങ്കുചേർന്നു കർമപരിപാടികൾക്കു നിയതമായ രൂപം നൽകി. അതിരൂപതാ മാതൃവേദി പ്രസിഡന്റ് ബീന ജോസഫ് അധ്യക്ഷതവഹിച്ചു. ചർച്ചകൾക്കു പിതൃവേദി അതിരൂപതാ പ്രസിഡന്റ് ജിനോദ് എബ്രാഹം നേതൃത്വമേകി. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല മാർഗനിർദേശങ്ങൾ നൽകി. തുരുത്തി കാനാ ഫാമിലി കൗൺസെലിങ് സെന്റർ ഡയറക്ടർ ഫാ. ഫിലിപ്പ് കാവിത്താഴെ കലോത്സവലോഗോ പ്രസിഡന്റുമാരായ ജിനോദ് എബ്രാഹം, ബീന ജോസഫ് എന്നിവർക്കു നൽകി പ്രകാശനം ചെയ്തു. ഫൊറോനാ ഭാരവാഹികൾ കഴിഞ്ഞ ആറുമാസത്തെ റിപ്പോർട്ട് അവതരിപ്പിച്ചു. അതിരൂപതാ മീഡിയ കോഡിനേറ്ററായി സെബാസ്റ്റ്യൻ പി. ജെ., ജോജൻ സെബാസ്റ്റ്യനെ എന്നിവരെ തെരഞ്ഞെടുത്തു. സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി ദേശീയപതാക ഉയർത്തി. പരി.

കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാൾ പരിശുദ്ധ കുർബാനയർപ്പണത്തോടെ സമുചിതമായി ആഘോഷിച്ചു.

**നിയമാവലിപരിഷ്കരണം**

ഫൊറോനാ കൗൺസിലിന്റെ ശിപാർശപ്രകാരം അതിരൂപത-ഫൊറോന-യൂണിറ്റുഭാരഭാഹികൾ അംഗങ്ങളായ 'എക്സിക്യൂട്ടിവ് കമ്മിറ്റി' എന്ന നേതൃനിര അടുത്ത ഭരണസമിതിയുടെ കാലംമുതൽ ഔദ്യോഗികമായി നിലവിൽ വരുന്നതാണ്. ആനിമേഷൻ ടീം കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുക, പ്രസ്തുതസമിതിയിലേക്കു വിവിധപരിപാടികൾ സംബന്ധിച്ചുള്ള ശിപാർശകൾ നൽകുക എന്നിവയാണ് ഈ കമ്മിറ്റിയുടെ ഉത്തരവാദിത്വം. എല്ലാത്തലങ്ങളിലും സെക്രട്ടറിമാർക്ക് 'മീഡിയ കോഡിനേറ്റർ' എന്ന ചുമതലയും ഉണ്ടാകുമെന്നു നിശ്ചയിച്ചു.

**കലോത്സവം 2024**

സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ഫൊറോനാതലമത്സരങ്ങൾ പൂർത്തീകരിക്കേണ്ടതാണ്. രചനാമത്സരങ്ങളായ കവിത, കഥ, ഉപന്യാസം, പെൻസിൽ ഡ്രോയിങ് എന്നിവ ഓഗസ്റ്റ് 25നു ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെട്ടു. അതിരൂപതയിൽനിന്ന് ഒബ്സെർവേഴ്സിനെ അതിനായി ഫൊറോനകളിൽ ക്രമീകരിച്ചിരുന്നു.

## ഓർമിക്കാൻ

**സെപ്റ്റംബർ 5- ലോക അധ്യാപകദിനം:** അധ്യാപകദമ്പതികൾക്കും അധ്യാപകരായ മാതൃവേദി-പിതൃവേദി പ്രവർത്തകർക്കും സമുചിതമായ വേദിയിൽ ആദരവു നൽകാം.

**സെപ്റ്റംബർ 8- മാതൃവേദി സ്വർഗീയമധ്യസ്ഥ പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ:** പള്ളിയിലെ തിരുക്കർമങ്ങളിൽ പങ്കുചേർന്നു സമുചിതമായി ആഘോഷിക്കാം.

**സെപ്റ്റംബർ 14- വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ:** പരിശുദ്ധ കുർബാനയിൽ പങ്കുചേരാം. ഭവനങ്ങളിൽ സ്ലീവാ പ്രത്യേകം അലങ്കരിച്ചു പ്രതിഷ്ഠിക്കുകയും കുടുംബപ്രാർഥനയ്ക്കുശേഷം സ്ലീവാചുംബനം നടത്തുകയും ചെയ്യാം.

**സെപ്റ്റംബർ 20- മാതൃവേദി ജന്മദിനം:** പരിശുദ്ധ കുർബാനയർപ്പണത്തിൽ പങ്കുചേരൽ, പതാക ഉയർത്തൽ, മധുരം പങ്കുവെക്കൽ, ജന്മദിനസന്ദേശങ്ങൾ കൈമാറൽ എന്നിവ ചെയ്യാം.

**സെപ്റ്റംബർ 21- ലോകസമാധാനദിനം:** യുദ്ധത്തിനും ഭീകരതയ്ക്കുമെതിരെ സായാഹ്നത്തിൽ എല്ലാവരെയും പങ്കുചേർത്തു മെഴുകുതിരി കൈകളിലേന്തി പ്രതിജ്ഞയെടുക്കാം. വി. ഫ്രാൻസിസ് അസ്സീസ്സിയുടെ സമാധാനപ്രാർഥന സമ്മേളനങ്ങളിലും കുടുംബപ്രാർഥനയ്ക്കുശേഷവും ചൊല്ലാം

**സെപ്റ്റംബർ 22- മാതൃവേദി ജന്മദിനം അതിരൂപതാതലാഘോഷം:** മാതൃവേദിയുടെ ജന്മദിനം അതിരൂപതാതലത്തിൽ ഉച്ചകഴിഞ്ഞ് 2.30ന് ഏറ്റുമാനൂർ ക്രൈസ്റ്റ് ദ കിങ് പള്ളിയുടെ ഹാളിൽ നടത്തപ്പെടുന്നതാണ്. സീറോമലബാർ

മാതൃവേദി ഗ്ലോബൽ പ്രസിഡന്റ് ബീന ജോഷി മുഖ്യാതിഥിയായ സമ്മേളനം അതിരൂപതയുടെ നിയുക്തമെത്രാപ്പോലീത്താ അഭി. മാർ തോമസ് തറയിൽ ഉദ്ഘാടനം ചെയ്യുന്നതും അമ്മമാർക്കായി സെമിനാർ, കലാപരിപാടികൾ, സമ്മാനദാനം എന്നിവയുണ്ടാകുന്നതുമാണ്.

**മെഗാ മാർഗംകളി:** ഈശോയുടെ തിരുപ്പിറവിയുടെ 2025-ാം വർഷാഘോഷത്തിന് ഒരുക്കമായി നവംബർ 30നു മാതൃവേദിയുടെ ആഭിമുഖ്യത്തിൽ 2025 മാതാക്കളെ ഉൾപ്പെടുത്തി 'മെഗാ മാർഗംകളി' സംഘടിപ്പിക്കാൻ പദ്ധതികൾ തയ്യാറാക്കുന്നു. ഒരേപോലുള്ള പരിശീലനത്തിനു സഹായിക്കുന്നവിധത്തിൽ വീഡിയോയും നേരിട്ടുള്ള മാർഗങ്ങളും ക്രമീകരിക്കുന്നതാണ്.

## വിവാഹഒരുക്കസെമിനാർ

| മാസം | തീയതി | സ്ഥലം |
|---|---|---|
| സെപ്റ്റംബർ | 02, 03, 04 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 09, 10, 11 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |
| | 30, ഒക്ടോബർ 01, 02 | |
| ഒക്ടോബർ | 11, 12, 13 | ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്റർ |
| | 28, 29, 30 | കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം |

**കൂടുതൽ വിവരങ്ങൾക്ക്: 0481 2424476, 9447016240**
**വിളിക്കേണ്ട സമയം: 10am - 5pm**

# യുവദീപ്തി-എസ്.എം.വൈ.എം.

**എമ്മാവൂസ് യാത്ര**

യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ അമ്പൂരി ഫൊറോന യിലെ അമ്പൂരി, മായം, തേക്കുപാറ, ഡാലുമുഖം, രാജഗിരി, കുച്ചപ്പുറം, പച്ചക്കാട് യൂണിറ്റുകളിൽ ഓഗസ്റ്റ് 11ന് എമ്മാവൂസ് സായാഹനയാത്ര നടത്തപ്പെട്ടു.

തിരുവനന്തപുരം ഫൊറോനയിലെ തിരുവനന്തപുരം ലൂർദ് ഫൊറോന, കണ്ണമ്മൂല, കാര്യവട്ടം, മണ്ണന്തല, പേരൂർക്കട, പോങ്ങുംമ്മൂട്, ശ്രീകാര്യം, തിരുമല, കോവളം-തിരുവല്ലം, വട്ടിയൂർകാവ്, വിഴിഞ്ഞം യൂണിറ്റുകളിൽ എമ്മാവൂസ് സായാഹനയാത്ര ഓഗസ്റ്റ് 11, 15 തീയതികളിൽ നടത്തപ്പെട്ടു.

**അതിരൂപതാസെനറ്റ് - അർധവാർഷിക റിപ്പോർട്ട് അവതരണം**

യുവദീപ്തി-എസ്.എം.വൈ.എം. 2024 പ്രവർത്തനവർഷത്തെ അർധവാർഷിക റിപ്പോർട്ട് അവതരണവും അതിരൂപതാസെനറ്റും ഓഗസ്റ്റ് 18നു ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ പവ്വത്തിൽ ഹാളിൽ നടത്തപ്പെട്ടു. ഫൊറോന കളിൽനിന്ന് അംഗങ്ങൾ ഇതിൽ പങ്കെടുത്തു.

**അതിരൂപതാ കലോത്സവം**

അതിരൂപതാ കലോത്സവത്തിന്റെ രചനാമത്സരങ്ങൾ ഓഗസ്റ്റ് 26നു നടത്ത പ്പെട്ടു. അവതരണമത്സരങ്ങൾ **സെപ്റ്റംബർ 21നു** ചങ്ങനാശ്ശേരി സെന്റ് ബർക് മൻസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെടുന്നതാണ്.

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ആന്റണി ആനക്കല്ലുങ്കൽ**
*(ഡയറക്ടർ)*

**ജോയൽ ജോൺ റോയി**
*(പ്രസിഡന്റ്)*

# കെ.സി.എസ്.എൽ.

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

ഓണക്കാലവും ഓണപ്പരീക്ഷയും ഓണാവധിയും അടുത്തുവരികയാണ്. ഏവർക്കും ഹൃദയംനിറഞ്ഞ ഓണാശംസകൾ നേരുന്നു. സ്കൂളുകളിൽ കെ.സി.എസ്.എൽ.ന്റെ പ്രവർത്തനങ്ങൾ മികച്ചരീതിയിൽ മുന്നോട്ടുപോകുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. നമ്മുടെ പ്രവർത്തനങ്ങളുടെ ആദ്യടേം അവസാനിക്കുമ്പോൾ പിന്നിട്ട പ്രവർത്തനങ്ങൾ നമുക്കു ശക്തിയാകട്ടെ. കഴിഞ്ഞ നാളുകളിൽ ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തുന്നതു നല്ലതാണ്. അതു മുമ്പോട്ടുള്ള പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ നമ്മെ സഹായിക്കും. സാഹിത്യോത്സവത്തിലും മറ്റുമത്സരങ്ങളിലും കുട്ടികളുടെ സഹകരണം ആത്മാർഥതയോടെ പ്രതീക്ഷിക്കുന്നു.

സ്നേഹപൂർവം,

**ഫാ. മാത്യു പള്ളിച്ചിറ**
*(ഡയറക്ടർ)*

### അഖിലകേരള അൽഫോൻസാ ക്വിസ്

അതിരൂപതാ കെ.സി.എസ്.എൽ. പ്രസ്ഥാനവും ചങ്ങനാശ്ശേരി എഫ്.സി.സി. ദേവമാതാ പ്രോവിൻസും സംയുക്തമായി ജൂൺ 27ന് അഖിലകേരള അൽഫോൻസാ ക്വിസ് സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി സെന്റ് ആൻസ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട മത്സരത്തിൽ 124 ടീമുകൾ പങ്കെടുത്തു.

**വിജയികൾ**

| വിഭാഗം | സ്ഥാനം | പേര് | സ്കൂൾ |
|---|---|---|---|
| യു.പി. | ഒന്ന് | ജ്യുവൽ സൂസൻ ടോം<br>സാനിയ മാത്യു | ചങ്ങനാശ്ശേരി<br>സെന്റ് ആൻസ് |
| | രണ്ട് | സെയ വർഗീസ്<br>റിയ ആൻ സോവി | മല്ലപ്പള്ളി<br>സെന്റ് ഫിലോമിനാസ് |
| | മൂന്ന് | എമിലിൻ ട്രീസ തോമസ്<br>ലിയോണ ജോയ്മോൻ | ചങ്ങനാശ്ശേരി<br>സെന്റ് ജോസഫ്സ് |
| ഹൈസ്കൂൾ | ഒന്ന് | ആൻ മേരി തോമസ്<br>അലീഷ അന്ന ടോം | അതിരമ്പുഴ<br>സെന്റ് മേരീസ് |
| | രണ്ട് | സെറ മരിയ റിജോ<br>മരീറ്റ ആൻ സിബി | കുറുമ്പനാടം<br>സെന്റ് പീറ്റേഴ്സ് |
| | മൂന്ന് | ജാൻവി ആൻ ജോസി<br>മരിയ എലിസബത്ത് ജോസി | ചങ്ങനാശ്ശേരി<br>സെന്റ് ആൻസ് |
| ഹയർ സെക്കൻഡറി | ഒന്ന് | നേഹ മരിയ ജോസഫ്<br>ട്രീസ ജയിംസ് | വാഴപ്പള്ളി<br>സെന്റ് തെരേസാസ് |
| | രണ്ട് | സ്റ്റെഫി സോജി<br>അശ്വതി സി. ജോൺ | ചങ്ങനാശ്ശേരി<br>സെന്റ് ജോസഫ്സ് |
| | മൂന്ന് | എയ്ഞ്ചൽ റോസ് അഭിലാഷ്<br>അൽഫോൻസാ സാജു | നെടുങ്കുന്നം<br>സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് |

**അതിരൂപതാ സാഹിത്യോത്സവം**

മുൻകൂട്ടി അറിയിച്ചതുപോലെ, ഈ വർഷം സാഹിത്യോത്സവം മാത്രമാണു നടത്തുന്നത്. കെ.സി.എസ്.എൽ. അതിരൂപതാതലത്തിൽ നടത്തുന്ന പരിപാടികളിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണു സാഹിത്യോത്സവം. വിദ്യാർഥികളുടെ സർഗാത്മകവും കലാപരവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള വേദിയായി മത്സരങ്ങൾ നടത്തുമ്പോൾ മത്സരവിജയിയെ കണ്ടെത്തുക എന്നതിലപ്പുറം നമ്മുടെ പ്രതിഭകളെ സഭയുടെ നേതൃനിരയിലേക്കു വളർത്തുക, നാളത്തെ സഭയെയും സമൂഹത്തെയും നയിക്കുന്ന കരുത്തുറ്റ കർമധീരരെ വാർത്തെടുക്കുക എന്നീ ആത്യന്തികലക്ഷ്യങ്ങൾക്കാകണം മുൻതൂക്കം കൊടുക്കേണ്ടത്.

**സ്ഥലം- സോണുകൾ; തീയതി- സെപ്റ്റംബർ 28**

വിദ്യാർഥികളെ നന്നായും കൃത്യമായും പരിശീലിപ്പിക്കാനും ഉത്തമമത്സരങ്ങൾ കാഴ്ചവെക്കുന്നതിനു മാനസികമായ ഒരുക്കം കുട്ടികളിൽ വളർത്തിയെടുക്കാനും അധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# സീയോൻ ധ്യാനകേന്ദ്രം

**വാർധക്യത്തിൽ അനുഗ്രഹമായി സീയോനിൽ ഗ്രേസ്ഫുൾ ധ്യാനം**

കുന്നന്താനം സീയോൻ ധ്യാനകേന്ദ്രം പ്രായമായവർക്ക് ആശ്വാസകേന്ദ്രമായിരിക്കുകയാണ്. അറുപതുവയസിനു മുകളിൽ പ്രായമായവർക്കുവേണ്ടി ഇവിടെ താമസിച്ചു നടത്തുന്ന നാലുദിവസത്തെ ഗ്രേസ്ഫുൾ ധ്യാനം അനുഗ്രഹമായി മാറിക്കൊണ്ടിരിക്കുന്നു. 60 മുതൽ 99 വയസുവരെയുള്ളവർ വിവിധ രൂപതകളിൽ നിന്നും പങ്കെടുക്കുന്നുണ്ട്. വാർധകൃത്തിലെ പ്രശ്നങ്ങളും പ്രതിവിധികളും സംബന്ധിച്ച പ്രഭാഷണങ്ങൾ, കൗൺസെലിങ്ങ്, സൗഖ്യദായകശുശ്രൂഷകൾ, വ്യായാമപരിശീലനം, പ്രാർഥനകൾ, ഉല്ലാസപരിപാടികൾ എന്നിവ പ്രായമായവരുടെ ജീവിതസായാഹ്നത്തിലെ പ്രശ്നങ്ങൾക്കു പരിഹാരമേകുന്നു. വൈദികരും ഡോക്ടേഴ്സും അല്മായരും ധ്യാനത്തിനു നേതൃത്വം നൽകുന്നു. ഒന്നിടവിട്ട മാസങ്ങളിലാണു ധ്യാനം നടത്തുന്നത്.

അടുത്തധ്യാനം: **സെപ്റ്റംബർ 22-25, നവംബർ 24-27**

ബുക്കിങ്ങിനു വിളിക്കുക: **9495107045**

**ധ്യാനകേന്ദ്രം - വിശ്വാസപരിശീലനം**

സഭാകൂട്ടായ്മയിലെ എല്ലാ വിഭാഗത്തിലും പ്രായത്തിലുമുള്ളവർക്കു വിശ്വാസജീവിതത്തിൽ വളർച്ചയും ഉണർവും നൽകുന്നതിനു ധ്യാനകേന്ദ്രം പ്രയോജനപ്പെടുത്താം. താമസിച്ചുള്ള ധ്യാനങ്ങളും ക്യാംപുകളും നടത്താൻ ഇടവകകൾ മുന്നോട്ടുവരട്ടെ.

ശുശ്രൂഷകൾക്കായി വിളിക്കുക: **9495107045**

| | | |
|---|---|---|
| **സെപ്റ്റംബർ** | **09-11** | വിവാഹഒരുക്കസെമിനാർ |
| | **15-16** | എക്യുമെനിക്കൽ ക്യാമ്പ് |
| | **19-20** | സ്മാർട്ട് ക്യാമ്പ് |
| | **22-25** | സീനിയർ സിറ്റിസൺസ് ധ്യാനം |
| **സെപ്റ്റംബർ 30, ഒക്ടോബർ 1, 2** | | വിവാഹഒരുക്കസെമിനാർ |

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ഡയറക്ടർ)*

# കാർപ്

## (DEPARTMENT OF COMMUNITY AWARENESS AND RIGHTS' PROTECTION)

**'ഭവനസമുന്നതി': ഭവനപുനരുദ്ധാരണപദ്ധതി**

കേരളസംസ്ഥാനമുന്നാക്കസമുദായക്ഷേമകോർപ്പറേഷൻ 'ഭവനസമുന്നതി' പദ്ധതി (2024–2025) പ്രകാരം ജീർണാവസ്ഥയിലുള്ള ഭവനങ്ങളുടെ പുനരുദ്ധാരണത്തിന് അപേക്ഷ ക്ഷണിച്ചു. നാലുലക്ഷം രൂപ വരെ കുടുംബവാർഷിക വരുമാനമുള്ള *അന്ത്യോദയ അന്ന യോജന (എ.എ.വൈ.)* മുൻഗണനാവിഭാഗം (മഞ്ഞ/പിങ്ക് റേഷൻ കാർഡ്) കാർഡ് ഉടമകൾ, സംവരണരഹിതവിഭാഗത്തിൽപ്പെട്ടവർ (സുറിയാനി ക്രിസ്ത്യാനികൾ) എന്നിവർക്ക് അപേക്ഷിക്കാം. ഒറ്റപ്പെട്ട സ്ത്രീ (വിധവ/അവിവാഹിത/വിവാഹബന്ധം വേർപിരിഞ്ഞ/ആശ്രിതരില്ലാത്ത) ഗൃഹനാഥയായ അല്ലെങ്കിൽ ആശ്രയമായ കുടുംബം, ഭിന്നശേഷിക്കാർ ഗൃഹനാഥരായ കുടുംബം, സംരക്ഷിക്കാൻ ആരുമില്ലാത്ത കുട്ടികൾ മാത്രമടങ്ങിയ കുടുംബം, ട്രാൻസ്ജെൻഡേഴ്സ് ഗൃഹനാഥരായ കുടുംബം എന്നിവർക്കു മുൻഗണനയുണ്ട്. പരമാവധി ധനസഹായം വീടൊന്നിനു രണ്ടുലക്ഷം രൂപയാണ്. അപേക്ഷകൾ ലഭിക്കേണ്ട അവസാനതീയതി **സെപ്റ്റംബർ 10**. വിശദവിവരങ്ങൾ www.kswcfc എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭിന്നശേഷിക്കാരായ കുട്ടികർക്കുള്ള ധനസഹായം**

ഭിന്നശേഷിയുള്ള കുട്ടിക്കു രണ്ടു വയസുവരെ സാമൂഹികസേവനവകുപ്പിൽ നിന്നു മാസം 2000 രൂപ വീതം ലഭിക്കുന്ന പദ്ധതിയെക്കുറിച്ചു കൂടുതലറിയാൻ അടുത്തുള്ള അംഗൻവാടിയെ സമീപിക്കുക. സാമൂഹികനീതിവകുപ്പിന്റെ ജില്ലാ കേന്ദ്രങ്ങൾ വഴി അപേക്ഷിക്കാവുന്നതാണ്.

**ഫാ. ജയിംസ് കൊക്കാവയലിൽ**
*(ഡയറക്ടർ)*
6238214912

**ബേബി വട്ടക്കര** (9142121717)
**ടോം ജോസഫ്** (9447207700)
**ബിനു കുര്യാക്കോസ്** (7306513917)
*(കോഡിനേറ്റേഴ്സ്)*

# ചാസ്സ്
## (CHANGANACHERRY SOCIAL SERVICE SOCIETY)

**ചാസ്സിൽനിന്നും ആശംസകൾ!**

കൊല്ലവർഷപ്രകാരം പുതിയൊരുനൂറ്റാണ്ടിന്റെ പിറവി അറിയിച്ചുകൊണ്ടു ചിങ്ങമാസം വന്നെത്തിയിരിക്കുകയാണ്. മലയാളിയെ സംബന്ധിച്ചിടത്തോളം ഈ കാലഘട്ടം സമ്മിശ്രവികാരങ്ങളുടെ അനുഭവങ്ങളാണു പങ്കുവെക്കുന്നത്. ചിങ്ങമാസത്തിലാണ് ഏവരും പ്രത്യാശയോടെ കാത്തിരിക്കുന്ന തിരുവോണ നാളുകൾ. എന്നാൽ കള്ളം, ചതി, അതിക്രമങ്ങൾ, സ്വജനപക്ഷപാതം, കൊല പാതകങ്ങൾ, ലൈംഗികചൂഷണം എന്നിവയൊക്കെ സമൃദ്ധിയുടെയും സത്യത്തിന്റെയും സന്തോഷത്തിന്റെയും സഹവർത്തിത്വത്തിന്റെയും ആ നല്ല നാളുകൾക്കു മങ്ങലേല്പിച്ചിരിക്കുന്നു. പഴമയുടെ മധുരസ്മരണകൾ അയവിറക്കുന്ന ഓണക്കാലം സന്തോഷത്തിന്റെ ദിനങ്ങളാണു സമ്മാനിച്ചിരുന്നതെങ്കിൽ ഇക്കാലത്തു നാം അനുഭവിക്കുന്നതു തിന്മയുടെയും അസത്യത്തിന്റെയും കടന്നുകയറ്റമാണ്. സമസ്തമേഖലകളിലും അഴിമതി, കൊള്ള, നുണപ്രചാരണങ്ങൾ എന്നിവ അരങ്ങുവാഴുമ്പോൾ എല്ലാവരെയും ഒരുപോലെ കണ്ട്, എല്ലാവർക്കും തുല്യപ്രാധാന്യം നൽകി, സത്യത്തെ മുറുകെപിടിച്ച് ഈ നാടിനെ ഭരിച്ചിരുന്ന ഒരു ഭരണാധികാരി ഇവിടെയുണ്ടായിരുന്നു എന്ന ഓർമ നമ്മെ പുളകമണിയിക്കുന്നു. പക്ഷേ, ഇത് ഓർമ മാത്രമാണെന്ന തിരിച്ചറിവു പഴമയുടെ നന്മയിലേക്കു തിരിയാൻ നമ്മെ പ്രാപ്തമാക്കണം.

ഇന്നിന്റെ ലോകത്തിൽ ശാസ്ത്രസാങ്കേതികവിദ്യകളുടെ തേരോട്ടത്തിനിടയിൽ സത്യത്തെ കണ്ടെത്താനും മനസിലാക്കാനും സത്യത്തോടൊപ്പം നിൽക്കാനും നമുക്കു സാധിക്കാതെ പോകുന്നു. ബാഹ്യമായ പ്രവർത്തനങ്ങൾ വിലയിരുത്തി സമൂഹമാധ്യമങ്ങൾ നൽകുന്ന വിവരങ്ങൾ അപ്പാടെ വിശ്വസിച്ചു മുന്നേറുന്ന യുവതലമുറക്കു ശരിയും തെറ്റും വിവേചിച്ചറിയാൻ സാധിക്കുന്നില്ല. ലഹരിയാണ് അവരെ ഭരിക്കുന്നത്. ശരിയുടെ ഭാഗത്തു നിൽക്കാനും സത്യസന്ധ്യത മുറുകെപ്പിടിച്ച്, ഏകോദരസഹോദരങ്ങളായി ജീവിക്കാനും സാധിക്കണം. മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് എന്നിവിടങ്ങളിലുണ്ടായ പ്രകൃതിദുരന്തത്തിൽ വേർപിരിഞ്ഞവരെയും യാതനയനുഭവിക്കുന്നവരെയും ഈയവസരത്തിൽ ഓർക്കുകയും അതിരൂപതയോടുചേർന്നു വയനാടിനായി കൈകോർത്തുകൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദിയറിയിക്കുകയും ചെയ്യുന്നു. സന്തോഷവും സമൃദ്ധിയും സമാധാനവും നിറഞ്ഞ ഓണക്കാലം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. തോമസ് കുളത്തുങ്കൽ**
*(ഡയറക്ടർ)*

**ഫാ. ജോർജ് പനക്കേഴം**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടേഴ്സ്)*

## കേന്ദ്രവാർത്തകൾ

### സോഷ്യൽ ഇന്നവേഷൻ സമ്മിറ്റ് '24

നാഷണൽ എൻ.ജി.ഒ.സ് കോൺഫെഡറേഷന്റെ ആഭിമുഖ്യത്തിൽ ജൂലൈ 26, 27 തീയതികളിൽ കൊച്ചി ലെ മെറിഡിയനിൽ സംഘടിപ്പിച്ച നാഷണൽ സോഷ്യൽ ഇന്നവേഷൻ സമ്മിറ്റിൽ ചാസ്സിനെ പ്രതിനിധീകരിച്ച് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, പ്രോഗ്രാം ഓഫീസർ ഡെൽന ബിൻസൺ എന്നിവർ പങ്കെടുത്തു.

### ബഹുജനപ്രതിജ്ഞയിൽ ചാസ്സ് പങ്കാളിത്തം

കേന്ദ്രസാമൂഹികനീതിശക്തീകരണമന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 11-15 തീയതികളിൽ സംഘടിപ്പിച്ച ബഹുജനപ്രതിജ്ഞ *നഷാ മുക്ത് ഭാരത് അഭിയാൻ*ൽ ചാസ്സ് പങ്കുചേർന്നു. സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസിയായ ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ചങ്ങനാശ്ശേരി, ചമ്പക്കുളം, പുളിങ്കുന്ന് മേഖലകളിലെ വിവിധ സ്ഥലങ്ങളിൽ ലഹരിക്കെതിരെ ബഹുജനപ്രതിജ്ഞ സംഘടിപ്പിച്ചു.

### ഉരുൾപൊട്ടൽ ദുരന്തബാധിതമേഖലാസന്ദർശനം

അതിരൂപതയ്ക്കുവേണ്ടി ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 14ന് ഉരുൾപൊട്ടൽ ദുരന്തഭൂമികളായ മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് പ്രദേശങ്ങൾ ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോർജ് തൈച്ചേരിൽ, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവർ സന്ദർശിച്ചു. ചാസ്സിന്റെ ആഭിമുഖ്യത്തിൽ പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജ്, നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് സ്കൂൾ, ടോംസ് പൈപ്സ്, ഇതരസ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ശേഖരിച്ച അവശ്യവസ്തുക്കളും ഭവനനിർമാണത്തിനാവശ്യമായ സാധനസാമഗ്രികളും ദുരന്തമേഖലയിൽ പ്രവർത്തിക്കുന്ന ശ്രേയസ്-വയനാട് സോഷ്യൽ സർവീസ് സൊസൈറ്റികൾക്കു കൈമാറി.

### ട്രെയിനിങ് സെന്റർ ആശീർവാദകർമം

ഫാ. ജോർജ് പനക്കേഴം മെമ്മോറിയൽ ട്രെയിനിങ് സെന്ററിന്റെ ആശീർവാദകർമം ചാസ്സ് പ്രസിഡന്റും അതിരൂപതാ സിഞ്ചെല്ലൂസുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഓഗസ്റ്റ് 17നു കൂത്രപ്പള്ളിയിൽ നിർവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസ്സി. ഡയറക്ടർമാരായ ഫാ. ജോർജ് പനക്കേഴം, ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഫാ. വർഗീസ് നമ്പിമഠം എന്നിവരുടെ സാന്നിധ്യത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് 13, 14 വാർഡുകളിലെ മെമ്പർമാരായ സജി നീലത്തുംമുക്കിൽ, സുധ തങ്കപ്പൻ എന്നിവർ ചേർന്നു ട്രെയിനിങ് സെന്റർ ഉദ്ഘാടനം ചെയ്തു. കൂത്രപ്പള്ളി യൂണിറ്റു ഭാരവാഹികൾ, കമ്മ്യൂണിറ്റി ഓർഗനൈസർമാർ, സ്വാശ്രയസംഘാംഗങ്ങൾ, തയ്യൽപരിശീലനാർഥികൾ എന്നിവർ പങ്കെടുത്തു. ചാസ്സ് സ്റ്റാഫംഗങ്ങളായ സി. ആൽഫി ഡി.എസ്.ജെ., അൽഫോൻസ് വർഗീസ്, അമൽ മത്തായി എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### സി.ബി.ആർ. ഭവനസന്ദർശനം

ഭിന്നശേഷികാർക്കു റിഹാസ്വിസ്സിന്റെ സഹായത്തോടെ ചാസ്സ് നടപ്പിലാക്കുന്ന സ്വയംതൊഴിൽപദ്ധതിയിൽ 2024-2027 പ്രവർത്തനവർഷത്തേക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും സ്വയംതൊഴിൽസംരംഭം ആരംഭിക്കുന്നതിന് അവരെ സജ്ജരാക്കുന്നതിനുംവേണ്ടി ഓഗസ്റ്റ് 14, 17, 19 തീയതികളിൽ ചാസ്സ് കേന്ദ്രഓഫീസിൽനിന്നു പ്രോജക്റ്റ് കോഡിനേറ്റർ ഷീബ സന്തോഷ്, മേഖലാ കോഡിനേറ്റർമാരായ ആൻസി ലോനിച്ചൻ, അൽഫോൻസ് വർഗീസ്, സിജി ബിജുമോൻ എന്നിവർ പച്ച-ചെക്കിടിക്കാട്, വെരൂർ, തുരുത്തി, പൊടിപ്പാറ യൂണിറ്റുകളിലെ ഭവനങ്ങൾ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി.

### എം.എസ്.ഡബ്ല്യൂ. വിദ്യാർഥികൾക്ക് ഓറിയന്റേഷൻ

കോട്ടയം ബി.സി.എം., ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ്, ചങ്ങനാശ്ശേരി അസംപ്ഷൻ, കോട്ടയം എം.ജി. യൂണിവേഴ്സിറ്റി കോളേജുകളിൽനിന്നുള്ള എം.എസ്.ഡബ്ല്യൂ. വിദ്യാർഥികൾക്കു ചാസ്സിന്റെ പ്രവർത്തനമേഖലകൾ, സാമൂഹ്യസേവനരംഗത്തെ വെല്ലുവിളികൾ എന്നിവയെക്കുറിച്ച് അവബോധം നൽകാനായി ജൂലൈ 22, 25, 26, ഓഗസ്റ്റ് 23 തീയതികളിൽ ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്റ്റ് ഓഫീസർ സി. സെൽമ എസ്.ആർ.എ., പ്രോഗ്രാം ഓഫീസർ ഡെൽന ബിൻസൺ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

### സ്വാശ്രയസംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 24.07.2024 | ഫാത്തിമാപുരം | ആശ്രയ | 20 |
| | വേഴപ്രാ | കോട്ട | 14 |
| 06.08.2024 | ഫാത്തിമാപുരം | ഹോളി ഫാമിലി | 12 |
| 07.08.2024 | ഡാലുമുഖം | തിരുഹൃദയ | 20 |
| | പഴവങ്ങാടി | ഫ്രണ്ട്സ് | 16 |
| 09.08.2024 | മെത്രാപ്പോലീത്തൻ | മരിയൻ | 13 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) SHG മരണാനന്തരസഹായം** (ഒരു കുടുംബത്തിന് 20,000 രൂപ വീതം 5 കുടുംബങ്ങൾക്ക് 1,00,000 രൂപ അനുവദിച്ചു)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 680. അമ്മിണി ശശി | എയ്ഞ്ചൽ | കരിമ്പനക്കുളം | മണിമല |
| 681. റോസമ്മ കുര്യാള | ദിവ്യ | പങ്ങട | കോട്ടയം |
| 682. എം. കെ. തോമസ് | സെന്റ് ആന്റണീസ് | കിളിരൂർ | കുടമാളൂർ |
| 683. ഫാൻസി മാത്യു | മേരീമാതാ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 684. ഏലിക്കുട്ടി ആന്റണി | അനുഗ്രഹ | കുറുമ്പനാടം | കുറുമ്പനാടം |

**2) മ്യൂച്വൽ ബനഫിറ്റ് സ്കീം (MBS)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 30 കുടുംബങ്ങൾക്ക് 3,00,000 രൂപ മരണാനന്തരസഹായം അനുവദിച്ചു.

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 1095. ജോസഫ് മാത്യു പടിഞ്ഞാറേവീട് | പുന്നമട | ആലപ്പുഴ |
| 1096. ആന്റണി തോമസ് നാലുതെങ്ങുങ്കൽ | തത്തംപള്ളി | ആലപ്പുഴ |
| 1097. മോളമ്മ തോമസ് ഏലംകുന്നം | പുഴവാത് | ചങ്ങനാശ്ശേരി |
| 1098. ഏലിക്കുട്ടി ചിറ്റേട്ടുകളം | കുറുമ്പനാടം | കുറുമ്പനാടം |
| 1099. റോയി ജോസഫ് ഇലവുങ്കൽ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1100. ഓമന വാണിയപ്പുരയ്ക്കൽ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1101. അന്നമ്മ ആന്റണി മാറാട്ടുകളം | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1102. മാണി ദേവസ്യ ആലിലക്കുഴി | മായം | അമ്പൂരി |
| 1103. രാജി മനോജ് കോലോത്ത് | മായം | അമ്പൂരി |
| 1104. ജഗദമ്മ എൽ. വടക്കേപന്ത | മായം | അമ്പൂരി |
| 1105. അന്നമ്മ ചാക്കോ വെട്ടുകുഴി | മാന്നില | കുറുമ്പനാടം |
| 1106. ഫാൻസി മാത്യു പുരയ്ക്കൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |
| 1107. ജോളി ആന്റണി കൊച്ചിക്കോട് | മുടിയൂർക്കര | കുടമാളൂർ |
| 1108. ജയ എസ്. തെക്കുംകര | ഫിൽഗിരി | കൊല്ലം |
| 1109. കുൽസം ബീവി തോട്ടിപ്പറമ്പിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 1110. റ്റി. എൻ. കുഞ്ഞപ്പൻ ഓലിക്കൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 1111. ഗ്ലോറി ജോസഫ് പൂന്തോട്ടത്തിൽ | വെട്ടിമുകൾ | അതിരമ്പുഴ |
| 1112. കെ. എൽ. ഗ്രിഗറി കളപ്പുരയ്ക്കൽ | പഴവങ്ങാടി | ആലപ്പുഴ |
| 1113. മേരിക്കുട്ടി ജോൺ കടയിൽപറമ്പ് | പഴവങ്ങാടി | ആലപ്പുഴ |
| 1114. സെന്റ് സ്ലാവോസ് മുണ്ടോടിൽ | പഴവങ്ങാടി | ആലപ്പുഴ |
| 1115. കുഞ്ഞമ്മ പുളിമൂട്ടിൽ | പഴവങ്ങാടി | ആലപ്പുഴ |
| 1116. ആന്റണി ജോസഫ് റിനു കമ്മ്യൂണിക്കേഷൻ | ആറാട്ടുവഴി | ആലപ്പുഴ |
| 1117. ചേച്ചമ്മ സ്കറിയ വടകര | തത്തംപള്ളി | ആലപ്പുഴ |
| 1118. തങ്കമ്മ തോമസ് വെട്ടുപറമ്പിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1119. ബിനു മാത്യു കുറിഞ്ഞിപ്പറമ്പിൽ | ഇത്തിത്താനം | തുരുത്തി |
| 1120. അന്നമ്മ വർഗീസ് കല്ലറയ്ക്കൽ | ഇത്തിത്താനം | തുരുത്തി |
| 1121. സരസമ്മ തങ്കപ്പൻ മനങ്ങാടി | മാന്നില | കുറുമ്പനാടം |
| 1122. ബേബിച്ചൻ രാജീവ് ഭവൻ | പള്ളാത്തുരുത്തി | ആലപ്പുഴ |
| 1123. സ്കറിയ ആന്റണി ആശാരിശ്ശേരി | കുളത്തൂർ | മണിമല |
| 1124. പി. സി. വർഗീസ് പുത്തൻപുരയ്ക്കൽ | പച്ച-ചെക്കിടിക്കാട് | എടത്വാ |

## മേഖലാവാർത്തകൾ

### അതിരമ്പുഴ

**സ്വാശ്രയസംഘസംഗമവും കർഷകദിനാചരണവും:** ഏറ്റുമാനൂർ യൂണിറ്റിന്റെ നേതൃത്വത്തിൽ സ്വാശ്രയസംഘസംഗമവും കർഷകദിനാചരണവും സംഘടിപ്പിച്ചു. ഡെപ്യൂട്ടി കൃഷി ഡയറക്ടർ റോണിയ ജോസഫ് കൃഷിരീതികളെക്കു

റിച്ചു ക്ലാസ്സ് നയിച്ചു. മികച്ച കർഷകനായി തെരഞ്ഞടുത്ത സാബു കോണിക്കലിനെ യൂണിറ്റുസെക്രട്ടറി പി. വി. ജോസഫ് പനച്ചേൽ വൃക്ഷത്തൈ നൽകി ആദരിച്ചു. ഡീക്കൻ ജിൻസൺ കീടംകുഴിയിൽ കർഷകദിനസന്ദേശം നൽകി. മേഖലാ കോഡിനേറ്റർ സജി ഷാജി, യൂണിറ്റ് വൈസ് പ്രസിഡന്റ്, ലിസി നെടുങ്ങാട്ട്, മഹിളാസമാജം പ്രസിഡന്റ് അന്നമ്മ ജോർജ് എന്നിവർ പ്രസംഗിച്ചു. പരിപാടിയിൽ പങ്കെടുത്ത 70 അംഗങ്ങൾക്കും പച്ചക്കറിവിത്തുകൾ സൗജന്യമായി വിതരണം ചെയ്തു.

### ചങ്ങനാശ്ശേരി

**മേഖലാസമ്മേളനം:** ചങ്ങനാശ്ശേരി മേഖലയുടെ സമ്മേളനം ഓഗസ്റ്റ് 17നു ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയുടെ ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റുഡയറക്ടർ ഫാ. ജോസ് കൊച്ചുപറമ്പിൽ അധ്യക്ഷതവഹിച്ചു. ഭാരവാഹികൾ മേഖല-യൂണിറ്റുതല പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല എന്നിവർ ചാസ്സിന്റെ പ്രവർത്തനമാർഗരേഖ വിശദീകരിച്ചു. മികച്ച കർഷകൻ ഷിജോ പടവുപുരയ്ക്കലിനെ സമ്മേളനത്തിൽ പൊന്നാടയണിയിച്ച് ആദരിച്ചു. മേഖലാസമിതിയുടെ തെരഞ്ഞെടുപ്പും നടത്തി.

### എടത്വാ

**തയ്യൽപരിശീലനാരംഭം:** മുട്ടാർ ഓൾഡ് യൂണിറ്റിൽ ഓഗസ്റ്റ് ഒമ്പതിനു തയ്യൽപരിശീലനം ആരംഭിച്ചു. യൂണിറ്റുഡയറക്ടർ ഫാ. സ്കറിയ ചേപ്പില പരിശീലനം ഉദ്ഘാടനം ചെയ്തു. 20 വനിതകൾ പരിശീലനത്തിൽ പങ്കെടുക്കുന്നുണ്ട്.

### ചമ്പക്കുളം

**മുഖാഭിമുഖം:** പടഹാരം യൂണിറ്റിൽ ഓഗസ്റ്റ് 18നു മുഖാഭിമുഖം പരിപാടി സംഘടിപ്പിച്ചു. യൂണിറ്റുഡയറക്ടർ ഫാ. വർഗീസ് പനച്ചിങ്കലിന്റെ അധ്യക്ഷതയിലുള്ള എക്സിക്യൂട്ടിവംഗങ്ങളുടെ യോഗത്തിൽ ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല പങ്കെടുത്തു യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തി വരുംകാലപ്രവർത്തനങ്ങൾ വിശദീകരിച്ചു.

**ഫലവൃക്ഷത്തൈ വിതരണം:** കർഷകദിനാചരണത്തിന്റെ ഭാഗമായി പുല്ലങ്ങടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഫലവൃക്ഷത്തൈ വിതരണം നടത്തി. യൂണിറ്റുഡയറക്ടർ ഫാ. കുര്യൻ പുത്തൻപുര വിതരണോദ്ഘാടനം നിർവഹിച്ചു. യൂണിറ്റുഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ് ആരംഭം:** വടക്കേ അമിച്ചകരി യൂണിറ്റിൽ കർഷകദിനാചരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 18നു സൺഡേ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. കർഷകരും സ്വാശ്രയസംഘാംഗങ്ങളും ഉല്പാദിപ്പിക്കുന്ന വിഭവങ്ങളാണു വിപണി വഴി വിറ്റഴിക്കുന്നത്. യൂണിറ്റുഡയറക്ടർ ഫാ. അലക്സ് പാറപ്പുറമിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല സൺഡേ മാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റുഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**മേഖലാസമ്മേളനം:** ചമ്പക്കുളം മേഖലയുടെ സമ്മേളനം ഓഗസ്റ്റ് 13നു പൊങ്ങ യൂണിറ്റിൽ സംഘടിപ്പിച്ചു. മേഖലാ പ്രസിഡന്റ് ലിജോ കടുക്കാത്തറയുടെ അധ്യക്ഷതയിലുള്ള യോഗത്തിൽ യൂണിറ്റുഭാരവാഹികൾ പ്രവർത്തനറിപ്പോർട്ട് അവതരിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചർച്ചയ്ക്കു നേതൃത്വം നൽകി. ചാസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല ചാസ്സ് പ്രവർത്തനമാർഗരേഖ അവതരിപ്പിച്ചു. വരുംവർഷങ്ങളിൽ യൂണിറ്റിൽ നടപ്പിലാക്കേണ്ട പദ്ധതികൾ കോഡിനേറ്റർ ബിനു ജോസഫ് വിശദീകരിച്ചു. യൂണിറ്റുഭാരവാഹികളായ ജോസഫ് സേവ്യർ, സെബാസ്റ്റ്യൻ പി. വി. ആന്റണി ജോസഫ് എന്നിവർ പ്രസംഗിച്ചു. സമ്മേളനത്തിൽ മേഖലാ ഭാരവാഹികളെ തെരഞ്ഞെടുത്തു.

### കുറുമ്പനാടം

**ക്ലസ്റ്റർ മീറ്റിങ്:** 'സേവ് എ ഫാമിലി പ്ലാൻ' കുടുംബോദ്ധാരണപദ്ധതിയുടെ ഭാഗമായി ഓഗസ്റ്റ് 16നു മാമ്മൂട് യൂണിറ്റിൽ ഈ പദ്ധതിയിൽ അംഗങ്ങളായ വരുടെ ക്ലസ്റ്റർ മീറ്റിങ് സംഘടിപ്പിച്ചു. *ജലവും ശുചിത്വവും നല്ല ആരോഗ്യത്തിന്* എന്നവിഷയത്തിൽ എം.എസ്.ഡബ്ല്യൂ. വിദ്യാർഥി അർജുൻ ക്ലാസ്സ് നയിച്ചു. പ്രോജക്റ്റ് കോഡിനേറ്റർ നിവ്യ ജോസഫ് സ്വയംതൊഴിൽസംരംഭങ്ങളുടെ വിലയിരുത്തൽ നടത്തി. മേഖലാ കോഡിനേറ്റർ സിജി ബിജുമോൻ പരിപാടി കൾക്കു നേതൃത്വം നൽകി.

### കൊല്ലം

**സ്വാശ്രയസംഘസംഗമവും സംരംഭകത്വസെമിനാറും:** ആര്യങ്കാവ് യൂണിറ്റിൽ ഓഗസ്റ്റ് ഒമ്പതിനു സ്വാശ്രയസംഘസംഗമവും സംരംഭകത്വസെമിനാറും സംഘടിപ്പിച്ചു. ആര്യങ്കാവ് സെന്റ് മേരീസ് പള്ളിയുടെ ഹാളിൽ നടത്തപ്പെട്ട പരിപാടി യൂണിറ്റുഡയറക്ടർ ഫാ. ഫിലിപ്പ് തയ്യിൽ ഉദ്ഘാടനം ചെയ്തു. കോഡിനേറ്റർ ബേബി ജോസഫ് സെമിനാറിനു നേതൃത്വം നൽകി. യൂണിറ്റു പ്രസിഡന്റ് ആന്റണി ചോറ്റാനിക്കൽ, സംഘം കൺവീനർ റോയി ജോസഫ് എന്നിവർ പ്രസംഗിച്ചു.

**സൺഡേ മാർക്കറ്റ് ആരംഭം:** കർഷകദിനാചരണത്തോടനുബന്ധിച്ച് ആര്യങ്കാവ് യൂണിറ്റിൽ ഓഗസ്റ്റ് 19നു സൺഡേ മാർക്കറ്റ്, അഗ്രിഷോപ്പ് എന്നിവയുടെ പ്രവർത്തനമാരംഭിച്ചു. യൂണിറ്റുഡയറക്ടർ ഫാ. ഫിലിപ്പ് തയ്യിൽ സൺഡേ മാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റുപ്രസിഡന്റ് ആന്റണി ചോറ്റാനിക്കൽ, സംഘം കൺവീനർ റോയി ജോസഫ് എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**കോൺഫെറൺസ് ഹാൾ വെഞ്ചരിപ്പ്:** ഫിൽഗിരി യൂണിറ്റിന്റെ ഓഫീസി നോടനുബന്ധിച്ചു പുതുതായി തുടങ്ങിയ കോൺഫെറൺസ് ഹാളിന്റെ വെഞ്ചരിപ്പുകർമവും ഉദ്ഘാടനവും ഓഗസ്റ്റ് 21നു യൂണിറ്റുഡയറക്ടർ ഫാ. മാത്യു നടയ്ക്കൽ നിർവഹിച്ചു. സ്റ്റാഫംഗങ്ങൾക്കുള്ള ഐഡന്റിറ്റി കാർഡ് വിതരണവും നടത്തി.

### കോട്ടയം

**കാർഷികസെമിനാർ:** കൂരോപ്പട യൂണിറ്റിൽ ജൂലൈ മൂന്നിനു ഫാർമേഴ്സ്

ക്ലബ്ബിന്റെ നേതൃത്വത്തിൽ കാർഷികസെമിനാർ സംഘടിപ്പിച്ചു. ഫാർമേഴ്സ് ക്ലബ്ബ് പ്രസിഡന്റ് ടോമി തോമസ് അധ്യക്ഷതവഹിച്ചു. യൂണിറ്റുഡയറക്ടർ ഫാ. ബനഡിക്റ്റ് മാളേക്കൽ സി.എം.ഐ. സെമിനാറിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജൈവകൃഷി, സർക്കാർസ്കീമുകൾ എന്നിവയെക്കുറിച്ചു കൂരോപ്പട കൃഷി ഓഫീസർ സുജിത ക്ലാസ്സ് നയിച്ചു. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ, യൂണിറ്റുപ്രസിഡന്റ് പി. എം. ജോസഫ്, സെക്രട്ടറി റ്റി. എം. ആന്റണി, ഫാർമേഴ്സ് ക്ലബ്ബ് ട്രഷറർ ജോസ് ഫ്രാൻസിസ് എന്നിവർ പ്രസംഗിച്ചു. സെമിനാറിൽ പങ്കെടുത്ത 45 അംഗങ്ങൾക്കും സൗജന്യമായി പച്ചക്കറിത്തൈകൾ വിതരണം ചെയ്തു.

**കർഷകനെ ആദരിക്കൽ:** ചേപ്പുംപാറ യൂണിറ്റിൽ കർഷകദിനാചരണത്തോട നുബന്ധിച്ച് ഓഗസ്റ്റ് 18നു മികച്ച കർഷകൻ പി. എം. ജോസ് തെക്കേലിനെ യൂണിറ്റുഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ പൊന്നാടയണിയിച്ച് ആദരിച്ചു. യൂണിറ്റുഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

## കുടമാളൂർ

**തയ്യൽപരിശീലനസമാപനവും സർട്ടിഫിക്കറ്റ് വിതരണവും:** കുമരകം ഹോളി ഫാമിലി യൂണിറ്റിലെ ത്രൈമാസതയ്യൽപരിശീലനം ജൂലൈ 25നു സമാപിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്കു യൂണിറ്റുഡയറക്ടർ ഫാ. സിറിയക് വലിയപറമ്പിൽ എം.സി.ബി.എസ്. സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. മേഖലാ കോഡിനേറ്റർ ടോം സി. തയ്യിൽ, യൂണിറ്റുസെക്രട്ടറി ഷാജി തോമസ് എന്നിവർ ആശംസകളർപ്പിച്ചു.

**സ്വാശ്രയസംഘവാർഷികം:** മുടിയൂർക്കര യൂണിറ്റിൽ പ്രവർത്തിക്കുന്ന 'ഉണ്ണീശോ' എന്ന പുരുഷസ്വാശ്രയസംഘത്തിന്റെ പ്രഥമവാർഷികം ഓഗസ്റ്റ് 18ന് ആഘോഷിച്ചു. യൂണിറ്റുഡയറക്ടർ ഫാ. അബ്രാഹം കാടാത്തുകളം ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേർ ടോം സി. തയ്യിൽ, യൂണിറ്റുപ്രസിഡന്റ് ജോർജ് അറമ്പിൽ, സെക്രട്ടറി ബിനു ജോസഫ് എന്നിവർ ആശംസകളർപ്പിച്ചു.

## പുളിങ്കുന്ന്

**ഫലവൃക്ഷത്തൈവിതരണം:** കർഷകദിനാചരണത്തിന്റെ ഭാഗമായി പുളിങ്കുന്ന് ഫൊറോനാ യൂണിറ്റിൽ ഓഗസ്റ്റ് 18നു ഫലവൃക്ഷത്തൈ വിതരണം നടത്തി. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ വിതരണോദ്ഘാടനം നിർവഹിച്ചു. യൂണിറ്റുഭാരവാഹികൾ പരിപാടികൾക്കു നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ് ആരംഭം** കായൽപ്പുറം യൂണിറ്റിൽ കർഷകരുടെയും സ്വാശ്രയ സംഘാംഗങ്ങളുടെയും നേതൃത്വത്തിൽ ഓഗസ്റ്റ് 18നു സൺഡേ മാർക്കറ്റ് പ്രവർത്തനമാരംഭിച്ചു. കർഷകരുടെയും സ്വാശ്രയസംഘാംഗങ്ങളുടെയും ഉല്പന്നങ്ങളാണു വിപണിവഴി ലഭിക്കുന്നത്. യൂണിറ്റുഡയറക്ടർ ഫാ. അഗസ്റ്റിൻ പൊങ്ങനാംതടത്തിലിന്റെ അധ്യക്ഷതയിൽ ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ മാർക്കറ്റിന്റെ ഉദ്ഘാടനം നിർവഹിച്ചു.

**മുഖാഭിമുഖം:** യൂണിറ്റുതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും കായൽപ്പുറം യൂണിറ്റിൽ ഓഗസ്റ്റ് 18നു മുഖാഭിമുഖം പരിപാടി സംഘടിപ്പിച്ചു. യൂണിറ്റുഡയറക്ടർ ഫാ. അഗസ്റ്റിൻ

പൊങ്ങനാംതടത്തിൽ അധ്യക്ഷതവഹിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ചാസ്സിന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ഭാരവാഹികളുമായി ചർച്ച നടത്തി.

**മേഖലാസമ്മേളനം:** മേഖലാതലപ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും മേഖലാസമിതിയെ തെരഞ്ഞെടുക്കുന്നതിനുമായി ഓഗസ്റ്റ് 13നു പള്ളിക്കൂട്ടുമ്മ യൂണിറ്റിൽ മേഖലാസമ്മേളനം നടത്തി. മേഖലാ സെക്രട്ടറി ഡോ. വി. സി. തങ്കച്ചൻ അധ്യക്ഷതവഹിച്ചു. യൂണിറ്റുകളുടെ പ്രവർത്തനറിപ്പോർട്ട് അവതരണത്തിനുശേഷം ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, അസ്സി. ഡയറക്ടർ ഫാ. ചോരേട്ട്ചാമക്കാല എന്നിവർ ചാസ്സ് പ്രവർത്തനമാർഗരേഖ വിശദീകരിച്ചു. സമ്മേളനത്തിൽ മേഖലാസമിതിയുടെ തെരഞ്ഞെടുപ്പു നടത്തി. രാമങ്കരി യൂണിറ്റുസെക്രട്ടറി ടോമിച്ചൻ ചേന്നാട്ടുശ്ശേരി കൃതജ്ഞതയർപ്പിച്ചു.

### തൃക്കൊടിത്താനം

**യൂണിറ്റുവാർഷികവും കർഷകദിനാചരണവും:** ഫാത്തിമാപുരം യൂണിറ്റിന്റെ വാർഷികവും കർഷകദിനാചരണവും ഓഗസ്റ്റ് 18നു ഫാത്തിമാപുരം ഫാത്തിമ മാതാ പള്ളിയുടെ ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റുഡയറക്ടർ ഫാ. സേവ്യർ ജെ. പുത്തൻകളം അധ്യക്ഷതവഹിച്ച സമ്മേളനം ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ ഉദ്ഘാടനം ചെയ്തു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ ആമുഖസന്ദേശം നൽകി. സമ്മേളനത്തിൽ ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി മികച്ച കർഷകരായ ഔസേഫ് ആന്റണി, ബിന്ദു ബൈജു, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർഥികൾ എന്നിവരെ അനുമോദിച്ചു. ഫാത്തിമാപുരം പള്ളിയുടെ സഹവികാരി ഫാ. സെബാസ്റ്റ്യൻ മാമ്പറ, കോഡിനേറ്റർ സജി ഷാജി എന്നിവർ ആശംസകളർപ്പിച്ചു.

### തുരുത്തി

**മുഖാഭിമുഖം:** തുരുത്തി യൂണിറ്റിൽ ചാസ്സിന്റെ പ്രവർത്തനങ്ങൾ ശക്തീകരിക്കുന്നതിന്റെ ഭാഗമായി ജൂലൈ 21നു ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ യൂണിറ്റ് സന്ദർശിച്ചു യൂണിറ്റുഡയറക്ടർ ഫാ. ജോസ് വരിക്കപ്പള്ളിലിന്റെ അധ്യക്ഷതയിലുള്ള യോഗത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ നൽകി. യൂണിറ്റുസെക്രട്ടറി വിനോദ് കൊച്ചീത്ര, കോഡിനേറ്റർ സിജി ബിജുമോൻ എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

## എസ്.എൽ.സി.എ.-കേരള

### ബോധവത്കരണക്ലാസ്സ്

സ്റ്റേറ്റ് ലെവൽ കോഡിനേറ്റിങ് ഏജൻസി (എസ്.എൽ.സി.എ.) കേരള ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ലഹരിയുടെ ഉപയോഗത്തിനെതിരെ ബോധവത്കരണക്ലാസ്സ് സംഘടിപ്പിച്ചു. ചാസ്സ് ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, എസ്.എൽ.സി.എ. കോഡിനേറ്റർ ഫാ. ജോസഫ് ചോരേട്ട്ചാമക്കാല, ഡോക്യുമെന്റേഷൻ ഓഫീസർ സി. സെൽമ എസ്.ആർ.എ., അക്സെപ്റ്റ്– ഇന്റഗ്രേറ്റഡ് റീഹാബിലിറ്റേഷൻ സെന്റർ ഫോർ

അഡിക്റ്റ്സ് (ഐ.ആർ.സി.എ.) പ്രോജക്റ്റ് കോഡിനേറ്റർമാരായ ലിജു തോമസ്, നിധിൻ ചന്ദ്ര, ഫീൽഡ് ഓഫീസർ അമൽ മത്തായി എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

| തീയതി | ക്ലാസ്സ് സംഘടിപ്പിച്ച സ്ഥലം |
|---|---|
| 16.08.2024 | ഫാത്തിമ മാതാ കോളേജ്, കൊല്ലം |
| | ബിഷപ് ബെൻസിഗർ കോളേജ് ഓഫ് നേഴ്സിങ്, കൊല്ലം |
| 22.08.2024 | അസംപ്ഷൻ കോളേജ്, ചങ്ങനാശ്ശേരി |

## എസ്.എൽ.സി.എ.-ഐ.ആർ.സി.എ. സന്ദർശനം

കേന്ദ്രസാമൂഹികനീതിശക്തീകരണമന്ത്രാലയത്തിന്റെ കീഴിൽ കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിൽ പ്രവർത്തിക്കുന്ന നാലു ഡി-അഡിക്ഷൻ സെന്ററുകളിൽ എസ്.എൽ.സി.എ. ടീമംഗങ്ങളായ ഫാ. ജോസഫ് ചോരേട്ട് ചാമക്കാല, റ്റി. എം. മാത്യു തച്ചിലേട്ട്, അമൽ മത്തായി എന്നിവർ സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദേശങ്ങൾ നൽകി.

| തീയതി | സെന്റർ |
|---|---|
| 18.07.2024 | TRADA IRCA, മാങ്ങാനം |
| 23.07.2024 | ACCEPT IRCA, പുന്നപ്ര |
| | ACCEPT IRCA, കറ്റാനം |
| 28.07.2024 | Jawahar IRCA, തലയോലപ്പറമ്പ് |

## നിത്യതയിലേക്ക്



**സി. റോസിറ്റ കുഴിക്കാട്ടുമ്യാലിൽ**
SD



**സി. ട്രീസ മാർട്ടിൻ ഞരളക്കാട്ട്**
FCC



**സി. കർമലത മറ്റത്തിൽ**
SD



**സി. വിമല കിണറ്റുകര**
SH

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി; വിശ്വാസം കാത്തു." *(2 തിമോ. 4:7)*



# പത്താമത് അഖിലകേരള നവമാലിക മിഷൻ ക്വിസ്

## 2024 ഒക്ടോബർ 12 ശനി

### ചങ്ങനാശ്ശേരി  പാസ്റ്ററൽ സെന്ററിൽ

ഈശോയിൽ പ്രിയപ്പെട്ടവരേ,

ആഗോളമിഷൻമധ്യസ്ഥയും വേദപാരംഗതയുമായ വി. കൊച്ചുത്രേസ്യായുടെ ആത്മകഥ 'നവമാലിക' ആസ്പദമാക്കിയുള്ള അഖിലകേരള നവമാലിക മിഷൻ ക്വിസ് പത്താം വർഷത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. വി. കൊച്ചുത്രേസ്യായുടെ സുകൃത ജീവിതം പരിചയപ്പെടുന്നതിനും 'നവമാലിക'യിലൂടെ പ്രകാശിതമാകുന്ന കത്തോലിക്കാ കുടുംബജീവിതചൈതന്യം ആധുനികകുടുംബങ്ങളെ ഓർമപ്പെടുത്തുന്നതിനുമായി പത്താമതു നവമാലിക ക്വിസ് **2024 ഒക്ടോബർ 12നു** ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. ഫാ. ഹെർമൻ ഒ.സി.ഡി.യുടെ 'നവമാലിക മലയാളവിവർത്തനം' ആസ്പദമാക്കിയാണ് ഇതു സംഘടിപ്പിക്കുന്നത്. *സെപ്റ്റംബർ 15നു മുമ്പായി* പങ്കെടുക്കുന്നവർ പേരു രജിസ്റ്റർ ചെയ്യേണ്ടതാണ്.

**മത്സരം 4 കാറ്റഗറികളിലായി 4 റൗണ്ടുകളിൽ**

**കാറ്റഗറി 1: സൺഡേസ്കൂൾ കുട്ടികൾ**
**കാറ്റഗറി 2: യുവജനങ്ങൾ**
**കാറ്റഗറി 3: മാതാപിതാക്കൾ**
**കാറ്റഗറി 4: സമർപ്പിതർ**

**കാറ്റഗറികളിൽ 1, 2, 3 മൂന്നുസ്ഥാനങ്ങൾ നേടുന്നവർക്കു സമ്മാനങ്ങളുണ്ടായിരിക്കുന്നതും അവർ ഗ്രാൻഡ് ഫിനാലെയിൽ മത്സരിക്കുന്നതുമാണ്.**

പങ്കെടുക്കുന്നവർ **https://surveyheart.com/form/66cd8042ec9174452b32148d** എന്ന ലിങ്കിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയോ പേരുകൾ ഒരുമിച്ചുള്ള ലിസ്റ്റ് **8893437695** എന്ന വാട്സ്ആപ്പ് നമ്പറിൽ അയച്ചുതരുകയോ ചെയ്യേണ്ടതാണ്.

**രജിസ്ട്രേഷൻ ഫീസ്: 100 രൂപ**

**ഒന്നാം സമ്മാനം: 5001 രൂപ, ട്രോഫി, പ്രശസ്തിപത്രം**
**രണ്ടാം സമ്മാനം: 3001 രൂപ, ട്രോഫി, പ്രശസ്തിപത്രം**
**മൂന്നാം സമ്മാനം: 1001 രൂപ, ട്രോഫി, പ്രശസ്തിപത്രം**

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ, 8893437695)

# ചാസ്സ്-ഖാദി ഗ്രാമവ്യവസായമേഖല

**തയ്യൽപരിശീലനസമാപനം**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയുടെ (കെ.ജി.വി.) ആഭിമുഖ്യത്തിൽ മെയ് മൂന്നിനു ചേന്നങ്കരി വെസ്റ്റ് സെന്റ് ജോസഫ്സ് പള്ളിയുടെ ഹാളിൽ ആരംഭിച്ച ത്രൈമാസതയ്യൽപരിശീലനം ഓഗസ്റ്റ് രണ്ടിനു സമാപിച്ചു. 15 വിദ്യാർഥികൾ പങ്കെടുത്തു. മല്ലപ്പള്ളി കെ.ജി.വി.യിൽ മെയ് 13ന് ആരംഭിച്ച ത്രൈമാസ തയ്യൽപരിശീലനം ഓഗസ്റ്റ് 12നു സമാപിച്ചു. 13 വിദ്യാർഥിനികൾ പങ്കെടുത്തു.

**ജപ്പാനിലെ ടോക്കിയോ യൂണിവേഴ്സിറ്റി വിദ്യാർഥികളുടെ സന്ദർശനം**

ഗ്ലോബൽ അക്കാഡമി അഫയേഴ്സ് ട്രസ്റ്റി ഫാ. ജോൺ ജോസഫ് പുത്തൻകളം എസ്.ജെ.യുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 10നു ടോക്കിയോ യൂണിവേഴ്സിറ്റിയിലെ 16 വിദ്യാർഥികൾ മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ സന്ദർശിച്ചു പരമ്പരാഗതരീതിയിലുള്ള ഖാദി ഗ്രാമവ്യവസായ ഉല്പന്നങ്ങളുടെ പരിശീലനവും നിർമാണ-വിപണനരീതികളും നേരിൽ കണ്ടു ബോധ്യപ്പെട്ടു. വിദ്യാലയയിലെ കുട്ടികളും അധ്യാപകരുമായി ആശയവിനിമയവും നടത്തി.

**സംരംഭകത്വബോധവത്കരണശില്പശാല**

മല്ലപ്പള്ളി ഖാദി ഗ്രാമോദ്യോഗ് വിദ്യാലയയിൽ ഓഗസ്റ്റ് 10ന് ഏകദിനസംരംഭകത്വബോധവത്കരണശില്പശാല സംഘടിപ്പിച്ചു. 35 പേർ പങ്കെടുത്തു.

**സെപ്റ്റംബറിലാരംഭിക്കുന്ന സ്റ്റൈപ്പെന്ററി/ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു**

താത്പര്യമുള്ളവർ വിളിക്കുക: **7907144684**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | സ്റ്റൈപ്പെന്റ് | ഫീസ് | സ്ഥലം | പങ്കെടുക്കുന്നവർ |
|---|---|---|---|---|---|---|
| കാർപ്പെന്ററി & വുഡ് ഡിസൈനിങ് | 02.09.2024 | 6 മാസം | പ്രതിമാസം Rs. 1500 | - | ചാസ്സ് ഫർണിച്ചർ, മാമ്മൂട് | 10 |
| സെമി ഓട്ടോമാറ്റിക് തറിയിൽ ഖാദി നെയ്ത്തുപരിശീലനം | 02.09.2024 | 6 മാസം | പ്രതിമാസം Rs. 3000 | - | ഖാദി ഗ്രാമോദ്യോഗ് വിദ്യാലയ, മല്ലപ്പള്ളി | 10 |
| ബേക്കറി പരിശീലനം | 23.08.2024 | 2 മാസം | - | 1000 | ഫാ. ജോർജ് പനക്കേഴം മെമ്മോറിയൽ ട്രെയിനിങ് സെന്റർ, കൂത്രപ്പള്ളി | 10 |
| ഏകദിനസംരംഭകത്വ ബോധവത്കരണ ശില്പശാല | 10.09.2024 | - | - | - | കാവുകാട്ട് ഹാൾ എസ്.ബി. കോളേജ്, ചങ്ങനാശ്ശേരി | 200 |

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ, ചാസ്സ്-ഖാദി;*
*പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി) 9496807124*

**ഫാ. തോമസ് കുളത്തുങ്കൽ**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*
*9455211827*

**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ) 9633521483*

# ക്രിസ്സ്
## (KUTTANAD RESEARCH AND REVIVAL INITIATIVE SOCIETY)

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെയും
തിരുവോണത്തിന്റെയും ആശംസകൾ

ദേശീയോത്സവമായ തിരുവോണം സമാഗതമാകുന്നു. വറുതിയുടെയും അല്ലലിന്റെയും നാളുകൾക്കു വിരാമമിട്ടു പൂക്കളത്തിന്റെയും പുലികളിയുടെയും അകമ്പടിയോടെ സമൃദ്ധിയുടെ കാഹളം മുഴക്കുന്ന ദിനങ്ങൾ. കേരളത്തിലെ കർഷകമനസുകളിലും സമൃദ്ധിയുടെയും ആശ്വാസത്തിന്റെയും നവകാന്തി പരക്കട്ടെ. അതിരൂപതയുടെ, കുട്ടനാട്ടിലെ സാമൂഹികസേവനസംവിധാനമായ ക്രിസ്സ് കൂടുതൽ ഇടവകകളിൽ വേരുപാകിത്തുടങ്ങുന്നു എന്നുള്ള വിവരം സന്തോഷപൂർവം അറിയിക്കുന്നു. വരുംമാസങ്ങളിൽ കർഷകകൂട്ടായ്മയായ ക്രിസ്സ് ഇടവകതലത്തിൽ രൂപീകരിക്കാൻ വേണ്ട പ്രോത്സാഹനം നൽകാൻ വികാരിയച്ചന്മാർ സഹകരിക്കുമല്ലോ.

**ഫാ. ജോസഫ് പള്ളിച്ചിറയിൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. തോമസ് താന്നിയത്ത്**
*(ഡയറക്ടർ)*

### ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടിസ് (ജി.എ.പി.)

ക്രിസ്സിന്റെയും ഇൻഫാമിന്റെയും സംയുക്താഭിമുഖ്യത്തിൽ മങ്കൊമ്പ് ഡോ. എം. എസ്. സ്വാമിനാഥൻ നെല്ല് ഗവേഷണകേന്ദ്രത്തിന്റെ സഹകരണത്തോടെ തെരഞ്ഞെടുക്കപ്പെട്ട 75 കർഷകർക്കുള്ള ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടിസ് (ജി.എ.പി.) നടത്തിവരുന്നു. നെൽകൃഷിയിലെ നിലമൊരുക്കൽ മുതൽ വിളവെടുപ്പുവരെയുള്ള പ്രവർത്തനങ്ങളുടെ ശാസ്ത്രീയപരിശീലനമാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വെക്കുന്നത്.

### കർഷകദിനാചരണം-മുതിർന്നകർഷകരെ ആദരിക്കൽ-ഇൻഫാം അംഗത്വകാർഡ് വിതരണോദ്ഘാടനം

ഓഗസ്റ്റ് 18നു മാമ്പുഴക്കരി ക്രിസ്സ് സെന്ററിൽ നടത്തപ്പെട്ട കർഷകദിനാചരണ പരിപാടികൾ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഇൻഫാം ദേശീയ ചെയർമാൻ ഫാ. തോമസ് മറ്റമുണ്ടയിൽ മുഖ്യപ്രഭാഷണം നടത്തി. അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അധ്യക്ഷതവഹിച്ച സമ്മേളനത്തിൽ 75 വയസിനു മുകളിൽ പ്രായമുള്ള കർഷകരെ ആദരിക്കലും ദേശീയകർഷകസംഘടനയായ ഇൻഫാമിൽ അംഗത്വമെടുത്തവർക്കുള്ള കാർഡുവിതരണവും നടത്തപ്പെട്ടു. ക്രിസ്സ് ഡയറക്ടർ ഫാ. തോമസ് താന്നിയത്ത് ആമുഖപ്രഭാഷണം നടത്തി. ഫാ. ടോം പുത്തൻകളം, ടോം ജോസഫ് അറയ്ക്കപ്പറമ്പിൽ, ജോർജ് മാത്യു വാച്ചാപറമ്പിൽ എന്നിവർ ആശംസകൾ നേർന്നു. ക്രിസ്സ് അസ്സി. ഡയറക്ടർ ഫാ. ജോസഫ് പള്ളിച്ചിറയിൽ സ്വാഗതവും സേവിച്ചൻ പി. ജെ. നന്ദിയും അറിയിച്ചു.

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

കളർ എ ഹോം ഭവനനിർമാണപദ്ധതിയിൽ **2023 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2024 ജൂലൈ 22 വരെ** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 224 | അമ്പലപ്പുഴ | 7800 | 3120 |
| 225 | കണ്ണമ്മൂല | 146750 | 58700 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

കളർ എ ഡ്രീം പദ്ധതിയിലേക്കു **ജൂലൈ 21 മുതൽ ഓഗസ്റ്റ് 21 വരെ** ഇടവക/സംഘടനകളിൽനിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1. | റ്റ്വൽവ് അപ്പോസൽസ് ചർച്ച്- മാന്നാനം | 120000 |
| 2. | സെന്റ് ഗ്രിഗറീസ് ചർച്ച്- വെളിയനാട് നോർത്ത് (കേസറിയാ) | 100000 |
| 3. | മാർ സ്ലീവാ ചർച്ച്- പൊങ്ങ | 54000 |
| 4. | സെന്റ് തോമസ് ചർച്ച്- പെരുങ്കാവ് | 16000 |

STH SAH

# ആതുരശുശ്രൂഷാമേഖല

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### സ്വാതന്ത്ര്യദിനാഘോഷം

ഇൻഡ്യയുടെ 78-ാം സ്വാതന്ത്ര്യദിനം ഓഗസ്റ്റ് 15നു വർണാഭമായി ആഘോഷിച്ചു. ഇൻഡ്യൻ ആർമി വെറ്ററൻ രാജു ജോർജ് മുഖ്യാതിഥിയായി പങ്കെടുത്ത ആഘോഷപരിപാടികൾക്ക് എക്സി. ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത് അധ്യക്ഷതവഹിച്ചു.

### ബൈക്കപകടത്തിൽ ശ്വാസനാളി മുറിഞ്ഞ വ്യക്തിക്ക് ആശുപത്രിയിൽ പുനർജന്മം

കൂത്രപ്പള്ളിയിൽ ബൈക്കും വാനും കൂട്ടിയിടിച്ചു ശ്വാസനാളി രണ്ടായി മുറിഞ്ഞു ഗുരുതരാവസ്ഥയിലായിരുന്ന 45 വയസുള്ള വ്യക്തി ആശുപത്രിയിലെ ചികിത്സയിലൂടെ പുനർജന്മം നേടി. അപകടത്തെത്തുടർന്നു കഴുത്തിലുണ്ടായ ആഴമേറിയ മുറിവുമായി രാത്രിയിലാണ് അദ്ദേഹത്തെ ആശുപത്രിയിലെത്തിക്കുന്നത്. ആറുമാസം മുമ്പു ഹൃദയാഘാതം മൂലം ആൻജിയോപ്ലാസ്റ്റിക്കു വിധേയനായ വ്യക്തിയെ വീണ്ടുമൊരു മേജർ ശസ്ത്രക്രിയക്കു വിധേയമാക്കുകയെന്നതു സങ്കീർണവും ശ്രമകരവുമായിരുന്നു. മണിക്കൂറുകൾ നീണ്ട ശസ്ത്രക്രിയയിലൂടെ ശ്വാസനാളികൾ കൂട്ടിയോജിപ്പിച്ചു ട്രക്കിയോസ്റ്റമി ചെയ്തു വെന്റിലേറ്ററിന്റെ സഹായത്തോടെ പരിചരണത്തിനായി ആളിനെ ഐ.സി.യു.വിലേക്കു മാറ്റി. ഒരു മാസക്കാലം തുടർന്ന ചികിത്സയുടെ അവസാനം വീഡിയോ ലാരിംഗോസ്കോപ്പിയിലൂടെ ശസ്ത്രക്രിയ വിജയമെന്ന് ഉറപ്പിച്ചു. അദ്ദേഹം ഇപ്പോൾ പൂർണ ആരോഗ്യവാനാണ്. ഇത്തരം ശസ്ത്രക്രിയക്കു വിധേയമാകുന്നവർക്കു സംസാരശേഷി നഷ്ടപ്പെടാനുള്ള സാധ്യത വളരെക്കൂടുതലാണ്. ആവശ്യമായ പരിശോധനകൾ കൃത്യതയോടെ 20 മിനിറ്റിനുള്ളിൽ പൂർത്തിയാക്കിയതും ചീഫ് സർജൻ ഡോ. ജോർജ് മാത്യുവിന്റെ നേതൃത്വത്തിലുള്ള മെഡിക്കൽസംഘത്തിന്റെ അനുഭവപരിചയവും വൈദഗ്ധ്യവും സംസാരശേഷി തിരികെ ലഭിക്കാൻ സഹായമായി. ഇ.എൻ.റ്റി സർജൻ ഡോ. ജയ്സ് ജേക്കബ്, അനസ്തെറ്റിസ്റ്റ് ഡോ. അനു അമ്പൂക്കൻ, സ്റ്റാഫ് നേഴ്സുമാർ, ടെക്നീഷ്യൻസ് എന്നിവരുടെ സഹായത്തോടെയാണു സങ്കീർണമായ ശസ്ത്രക്രിയ പൂർത്തീകരിച്ചത്.

### സൗജന്യ മെഡിക്കൽ ക്യാംപ്

ആശുപത്രിയുടെ സഹകരണത്തോടെ ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് പള്ളിയിലെ എസ്.എച്ച്. പാലിയേറ്റീവ് കെയറിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 18നു പള്ളിയുടെ ഹാളിൽ സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ഓർത്തോപീഡിക്സ്, നെഫ്രോളജി, ഗൈനക്കോളജി, പീഡിയാട്രിക്സ്, ജനറൽ & ലാപറോസ്കോപ്പിക് സർജറി, ജനറൽ മെഡിസിൻ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനവും സൗജന്യ ബ്ലഡ് പ്രഷർ-ബ്ലഡ് ഷുഗർ പരിശോധനകളും ക്യാംപിൽ ലഭ്യമാക്കിയിരുന്നു.

ഇ.എൻ.റ്റി.വിഭാഗത്തിന്റെ നേതൃത്വത്തിൽ ജൂലൈ 22 മുതൽ 26 വരെയുള്ള തീയതികളിൽ രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒന്നുവരെ സൗജന്യ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ചങ്ങനാശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ ബീന ജോബി ക്യാംപിന്റെ ഉദ്ഘാടനം നിർവഹിച്ചു. സീനിയർ കൺസൾട്ടന്റ് ഇ.എൻ.റ്റി. സർജൻ ഡോ. വിനോദ് ജോസ് കാക്കനാട്ട്, കൺസൾട്ടന്റ് ഇ.എൻ.റ്റി. സർജൻ ഡോ. ജയ്സ് ജേക്കബ് എന്നിവർ ക്യാംപിനു നേതൃത്വം നൽകി.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടേഴ്സ്)*

**ഫാ. ജയിംസ് പി. കുന്നത്ത്**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### സെമിനാർ

നിപ്പ വൈറസ് വർധിച്ചുവരുന്ന സാഹചര്യത്തിൽ ജൂലൈ 22നു *പ്രതിരോധം പ്രധാനം* എന്നവിഷയത്തെ ആസ്പദമാക്കി ജനറൽ മെഡിസിൻവിഭാഗം ഡോ. ഗോവിന്ദ് സെമിനാർ നയിച്ചു. 'ഭയം വേണ്ട കരുതലോടെ പ്രതിരോധിക്കാം' എന്നസന്ദേശം റിസപ്ഷൻ ഏരിയയിൽ വീഡിയോ സഹായത്തോടെ പ്രദർശിപ്പിക്കുകയും ചെയ്തു.

### ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണം

ലോക ഹെപ്പറ്റൈറ്റിസ് ദിനാചരണത്തോടനുബന്ധിച്ചു ജൂലൈ 28നു *പ്രതിരോധിക്കാം, ചികിത്സ തേടാം* എന്നവിഷയത്തെ ആസ്പദമാക്കി സ്റ്റാഫംഗങ്ങൾക്കായി എമർജൻസിവിഭാഗം ഡോ. അരുൺ എ. സെമിനാർ നയിച്ചു. ശ്വാസകോശം, ശ്വസനവ്യവസ്ഥ, കരൾ എന്നിവയെ ബാധിക്കുന്ന വിപത്താണു പുകവലിയെന്നും അത് ആരോഗ്യത്തെ ബാധിക്കുകയും അസുഖങ്ങൾ കാരണമാകുകയും ചെയ്യുന്നു എന്നും സ്റ്റാഫംഗങ്ങളെ ഡോ. അരുൺ ബോധ്യപ്പെടുത്തി.

### ലോകമുലയൂട്ടൽവാരാചരണം

ലോകമുലയൂട്ടൽവാരാചരണത്തോടനുബന്ധിച്ച് ഓഗസ്റ്റ് ഒന്നിനു ഗൈനക്കോളജിവിഭാഗം ഡോ. ആൻസി എ. പി., പീഡിയാട്രിക്സ്വിഭാഗം ഡോ. അസ്മിൻ നാസർ എന്നിവരുടെ നേതൃത്വത്തിൽ അവബോധനക്ലാസ്സ് നടത്തപ്പെട്ടു. രോഗപ്രതിരോധശേഷിയുടെ ആദ്യ ഉറവിടമായ മുലപ്പാൽ നൽകുന്നതിലൂടെ കുഞ്ഞുങ്ങളുടെ വളർച്ചയ്ക്കും അമ്മയുടെ ആരോഗ്യത്തിനും ഒരുപോലെ ഗുണം ചെയ്യുന്നു എന്നു ഡോ. ആൻസി അവബോധിപ്പിച്ചു. അമ്മമാർക്കും കുഞ്ഞുങ്ങൾക്കുമുള്ള മെഡിക്കൽ ചെക്കപ്പ് പാക്കേജുകൾ ഒരുക്കുകയും ചെയ്തു.

**ആശീർവാദകർമം**

നവീകരിച്ച ഐ.പി. ബില്ലിങ്, ഇ.സി.എച്ച്.എസ്., ഇൻഷുറൻസ് സർവീസ് ബ്ലോക്ക്, ലബോറട്ടറി, ഫാർമസി എന്നിവയുടെ ആശീർവാദകർമങ്ങൾ ഓഗസ്റ്റ് 7, 15 തീയതികളിൽ സഹൃദയ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻ-ചാർജുമാർ, മറ്റു സ്റ്റാഫംഗങ്ങൾ എന്നിവരുടെ സാന്നിധ്യത്തിൽ നിർവഹിച്ചു.

**ഹോസ്പിറ്റൽ ദിനം - തിരുഹൃദയതിരുനാളാഘോഷം**

ഹോസ്പിറ്റൽ ദിനം, തിരുഹൃദയതിരുനാളാഘോഷം എന്നിവയുടെ ഭാഗമായി അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കലിന്റെ കാർമികത്വത്തിൽ ഓഗസ്റ്റ് 15നു പരിശുദ്ധ കുർബാന ആലപ്പുഴ-പഴവങ്ങാടി മാർ സ്ലീവാ ഫൊറോന തീർഥാടനപ്പള്ളിയിലും വെഞ്ചരിപ്പുകർമം ആശുപത്രിയിലും നടത്തപ്പെട്ടു. എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ, അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, മെഡിക്കൽ-പാരാ മെഡിക്കൽ-നോൺ മെഡിക്കൽ സ്റ്റാഫംഗങ്ങൾ എന്നിവർ ഇതിൽ പങ്കുചേർന്നു. ഹോസ്പിറ്റൽ ദിനത്തോടനുബന്ധിച്ച് എല്ലാവർക്കും സ്നേഹവിരുന്ന് ഒരുക്കിയിരുന്നു. അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം, അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ എന്നിവരുടെ പൗരോഹിത്യസ്വീകരണത്തിന്റെ സുവർണ-രജതജൂബിലികൾക്ക് ആദരവു നൽകുകയും മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് എന്നിവിടങ്ങളിലെ ഉരുൾപൊട്ടലിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ധനസഹായം എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ അഭി. മെത്രാപ്പോലീത്തായ്ക്കു കൈമാറുകയും ചെയ്തു.

**സ്വാതന്ത്ര്യദിനാഘോഷം**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഓഗസ്റ്റ് 15ന് എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ ദേശീയപതാക ഉയർത്തി സ്വാതന്ത്ര്യദിനസന്ദേശം നൽകി. അസ്സി. എക്സി. ഡയറക്ടർ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഡിപ്പാർട്ടുമെന്റ് ഇൻ-ചാർജുമാർ, മെഡിക്കൽ-പാരാമെഡിക്കൽ-നോൺ മെഡിക്കൽ സ്റ്റാഫംഗങ്ങൾ എന്നിവർ ഇതിൽ പങ്കുചേർന്നു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടിവ് ഡയറക്ടർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

# പ്രവാസി അപ്പോസ്തലേറ്റ്

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ മംഗളങ്ങൾ

ഈശോയിൽ സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

മുറിഞ്ഞപുഴ മാർതോമാമാർഗം ട്രസ്റ്റിന്റെയും ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും സംയുക്താഭിമുഖ്യത്തിൽ ഓഗസ്റ്റ് 2, 3, 4 തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ സംഘടിപ്പിച്ച WINGS 2.0 എന്ന സംരംഭകത്വപരിശീലനപരിപാടിയിൽ ഡയറക്ടർ അച്ചന്മാരോടൊപ്പം എക്സിക്യൂട്ടിവംഗങ്ങളും പങ്കെടുത്തു.

പ്രവാസി അപ്പോസ്തലേറ്റിന്റെ ജി.സി.സി. രാജ്യങ്ങളിലെ എക്സിക്യൂട്ടിവ് കമ്മറ്റികളിൽ നോർക്ക സെല്ലിന്റെ ചുമതല വഹിക്കുന്നവരുടെ യോഗം അസ്സി. ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ടു. ജി.സി.സി. രാജ്യങ്ങളിലെ പ്രവാസികൾക്കു നോർക്ക റൂട്ട്സിന്റെ പ്രവർത്തനം, വെൽഫെയർ ബോർഡിൽ അംഗത്വമെടുക്കുന്നതിന്റെ പ്രാധാന്യം, പെൻഷൻ പദ്ധതികൾ എന്നിവ പരിചയപ്പെടുത്തുന്നതിനായി **സെപ്റ്റംബർ 14നു** വെബിനാർ നടത്തുന്നതാണ്. ഇസ്രായേൽ, ഖത്തർ ചാപ്റ്ററുകളിൽ യഥാക്രമം ഓഗസ്റ്റ് 17, 21 തീയതികളിൽ എക്സിക്യൂട്ടിവ് മീറ്റിങ്ങുകൾ നടത്തപ്പെട്ടു.

**അനുശോചനം**

സൗദി അറേബ്യയിൽ നിര്യാതനായ വേഴപ്ര കരുവേലിത്തറ (ആയിരപ്പറ) ബിജു ജോസഫ്, സൗദി കോഡിനേറ്റർ സജീവ് ആന്റണി ചക്കാലയ്ക്കലിന്റെ ഭാര്യാമാതാവ് ചെങ്ങന്നൂർ കല്ലിശ്ശേരി വെട്ടുപറമ്പിൽ ഏലിയാമ്മ തോമസ് എന്നിവരുടെ മൃതസംസ്കാരത്തിനു ഡയറക്ടർ അച്ചന്മാരും എക്സിക്യൂട്ടിവംഗങ്ങളും ഭവനം സന്ദർശിച്ച് ഒപ്പീസുചൊല്ലുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽക്കളം**
*(ഡയറക്ടർ)*

**NB: ഓഫീസ് സമയം– രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ 9207470117, 8089920614 (NORKA HELP DESK)**

# കത്തോലിക്കാകോൺഗ്രസ്
# (AKCC)

**'ദർശൻ '24'- നേതൃത്വപഠനപരിശീലനശില്പശാല**

2024-2027 പ്രവർത്തനവർഷത്തെ കത്തോലിക്കാകോൺഗ്രസ് അതിരൂപതാ സമിതിയുടെ നേതൃത്വപഠനപരിശീലനശില്പശാല *ദർശനൻ '24* എന്നപേരിൽ ജൂലൈ 27, 28 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തപ്പെട്ടു. യൂണിറ്റുകളിലെ പ്രസിഡന്റ്, സെക്രട്ടറി, ഫൊറോനകളിലെ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപതാ എക്സി. കമ്മിറ്റിയംഗങ്ങൾ, ഭാരവാഹികൾ എന്നിവർ ഇതിൽ പങ്കെടുത്തു. അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ പതാക ഉയർത്തി. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ പടിഞ്ഞാറേവീട്ടിലിന്റെ അധ്യക്ഷതയിലുള്ള സമ്മേളനത്തിൽ അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം ശില്പശാലയുടെ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖ സന്ദേശവും അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം സ്വാഗതവും അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ നന്ദിയും പറഞ്ഞു. ചങ്ങനാശ്ശേരി എം.എൽ.എ. അഡ്വ. ജോബ് മൈക്കിൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, ഗ്ലോബൽ വൈസ് പ്രസിഡന്റ് രാജേഷ് ജോൺ, അതിരൂപതാ മുൻ പ്രസിഡന്റ് അഡ്വ. പി. പി. ജോസഫ്, അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനസമ്മേളനത്തിൽ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ യുവദീപ്തി-എസ്.എം.വൈ.എം. അംഗങ്ങൾ നൃത്തശില്പം അവതരിപ്പിച്ചു.

അതിരൂപതാ സഹായമെത്രാൻ അഭി. മാർ തോമസ് തറയിൽ ക്യാംപ് സന്ദർശിച്ച് 'സമുദായസംഘടന സജീവമാകേണ്ട പ്രസക്തി'യെക്കുറിച്ചു ക്യാംപംഗങ്ങളെ ഉദ്ബോധിപ്പിച്ചു. മോട്ടിവേഷണൽ ട്രെയിനിങ് സെഷനു ഗ്ലോബൽ വൈസ് പ്രസിഡന്റ് ബെന്നി ആന്റണിയും കർമരൂപീകരണചർച്ചകൾക്കു ജനറൽ കൺവീനർ ജിനോ ജോസഫും നേതൃത്വം നൽകി. അതിരൂപതാ ഭാരവാഹികളായ ജോർജുകുട്ടി മുക്കത്ത്, കുഞ്ഞ് കളപ്പുര, സേവ്യർ തോമസ് കൊണ്ടോടി, സെബാസ്റ്റ്യൻ വർഗീസ്, ചാക്കപ്പൻ ആന്റണി, ഷിജി ജോൺസൺ, റോസിലിൻ കുരുവിള, ലിസി ജോസ്, ജസി ആന്റണി എന്നിവർ നേതൃത്വമേകി. വിവിധ ഗ്രൂപ്പുകൾ ചർച്ച ചെയ്ത വിഷയാനുബന്ധറിപ്പോർട്ട് ഗ്രൂപ്പുലീഡേഴ്സ് ഓപ്പൺ ഫോറത്തിൽ അവതരിപ്പിച്ചു.

സപ്രാ, ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. തോമസ് പ്ലാപ്പറമ്പിൽ കാർമികത്വം വഹിച്ച പരിശുദ്ധ കുർബാന എന്നിവയോടുകൂടി രണ്ടാം ദിനം ആരംഭിച്ചു. *സമുദായജാഗ്രത, സമുദായസംഘടന എന്ത്? എന്തിന്?* എന്നീ ക്ലാസ്സുകൾക്കു യഥാക്രമം എടത്വാ സെന്റ് അലോഷ്യസ് കോളേജ് മുൻ പ്രിൻസിപ്പൽ ഡോ. പി. സി. അനിയൻകുഞ്ഞ്, ബിജു സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

കത്തോലിക്കാകോൺഗ്രസ് ഗ്ലോബൽ നേതാക്കൾക്കു നൽകിയ സ്വീകരണ സമ്മേളനത്തിൽ അതിരൂപതാ വൈസ് പ്രസിഡന്റ് ഷിജി ജോൺസൺ

അധ്യക്ഷതവഹിച്ചു. പത്തനംതിട്ട എം.പി. ആന്റോ ആന്റണി സമ്മേളനം ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റുമാരായ രാജേഷ്ജോൺ, ബെന്നി ആന്റണി, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ്, ഗ്ലോബൽ വർക്കിങ് സമിതിയംഗങ്ങളായ ബാബു വള്ളപ്പുര, ബിജു ഡൊമിനിക്,ടോം കയ്യാലകം, ലിസി ജോസ്, അഡ്വ. മനു ജെ. വരാപ്പള്ളി എന്നിവർ സ്വീകരണംഏറ്റുവാങ്ങി. രാജീവ് കൊച്ചുപറമ്പിൽ, ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ എന്നിവർ മറുപടിപ്രസംഗങ്ങൾ നടത്തി.

*മാറുന്ന രാഷ്ട്രീയസാഹചര്യവും ക്രൈസ്തവസമൂഹവും* എന്നവിഷയത്തെ അധികരിച്ചുള്ള പാനൽ ചർച്ചയിൽ അതിരൂപതാ പി.ആർ.ഒ. അഡ്വ. ജോജി ചിറയിൽ മോഡറേറ്ററായിരുന്നു. ഈ വിഷയത്തെ ആസ്പദമാക്കി രാഷ്ട്രീയ നേതാക്കൾ അവരുടെ കാഴ്ചപ്പാടുകളും കേരള കോൺഗ്രസ് പാർട്ടി ചെയർമാൻ ജോസ് കെ. മാണി എം.പി., കേരളാപ്രദേശ് കോൺഗ്രസ് കമ്മിറ്റി നിർവാഹസമിതിയംഗം ഡോ. അജീസ് ബെൻ മാത്യു, സി.പി.എം. സംസ്ഥാന കമ്മിറ്റിയംഗം ജയ്ക് സി. തോമസ്, ന്യൂനപക്ഷമോർച്ച സംസ്ഥാനസമിതി അധ്യക്ഷൻ ജിജി ജോസഫ് എന്നിവർ വിഷയാനുബന്ധപ്രബന്ധങ്ങളും അവതരിപ്പിച്ചു. ചർച്ചയുടെ സമാപനത്തിൽ കോട്ടയം എം.പി. അഡ്വ. ഫ്രാൻസിസ് ജോർജ് പങ്കെടുത്ത് ആശംസകൾ നേർന്നു. അഡ്വ. ജോജി ചിറയിൽ ആശയക്രോഡീകരണം നടത്തി. *കാലഘട്ടത്തിന്റെ വെല്ലുവിളികൾ* എന്നവിഷയത്തെ ആസ്പദമാക്കിയുള്ള ചർച്ചകൾക്ക് അതിരൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ വർഗീസ് നേതൃത്വം നൽകി.

അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല അധ്യക്ഷനായിരുന്ന ആദരിക്കൽസമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജയിംസ് പാലയ്ക്കൽ ഉദ്ഘാടനം ചെയ്തു. സംഘടനയുടെ ഫൊറോനാ ഡയറക്ടർ ഫാ. തോമസ് കായംകുളത്തുശ്ശേരി, ഫൊറോനാ പ്രസിഡന്റുമാരായ ഷെയിൻ ജോസഫ്, സെബാസ്റ്റ്യൻ പി. ജെ. കുഞ്ഞുമോൻ തൂമ്പുങ്കൽ, കെ. ഡി. ചാക്കോ, ജോമോൻ ഇടത്താഴെ, സോണിച്ചൻ ആന്റണി, ദേവസ്യ പുളിക്കാശ്ശേരി, ബിനോയി ഇടയാടി, വി. സി. വിൽസൺ എന്നിവരെ അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ ആദരിച്ചു.

അതിരൂപതാ വൈസ് പ്രസിഡന്റ് റോസിലിൻ കുരുവിള അധ്യക്ഷയായിരുന്ന സമാപനസമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ആമുഖസന്ദേശവും അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യസന്ദേശവും നൽകി. തത്തംപള്ളി യൂണിറ്റുപ്രസിഡന്റ് ബിനു സ്കറിയ, തൃക്കൊടിത്താനം യൂണിറ്റിലെ വനിതാപ്രതിനിധി സിനി പ്രിൻസ്, ഗ്ലോബൽ സെക്രട്ടറി ജേക്കബ് നിക്കോളാസ് എന്നിവർ ശില്പശാലയുടെ വിലയിരുത്തൽ നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ എന്നിവർ പ്രസംഗിച്ചു.

**പ്രകൃതിദുരന്തത്തിൽ വേദനയോടെ**

മുണ്ടക്കൈ, ചൂരൽമല, വിലങ്ങാട് എന്നിവിടങ്ങളിലുണ്ടായ ഉരുൾപൊട്ടലിൽ അതിരൂപതാ കത്തോലിക്കാകോൺഗ്രസ് അതിയായ ദുഃഖം രേഖപ്പെടുത്തി. ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ ആശ്രിതർക്ക് അടിയന്തരസഹായവും പുനരധിവാസപദ്ധതിയും ആവിഷ്കരിക്കണമെന്നു ജൂലൈ 30ലെ പത്രക്കുറിപ്പിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു.

**മാർ ജോസഫ് പവ്വത്തിൽ മെമ്മോറിയൽ എക്സലെൻഷ്യ ക്വിസ് സീസൺ 2**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ നേതൃത്വത്തിലുള്ള മാർ ജോസഫ് പവ്വത്തിൽ മെമ്മോറിയൽ എക്സലെൻഷ്യ ക്വിസ് സീസൺ 2 ഫൈനൽ ഓഗസ്റ്റ് 18നു ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിലുള്ള സമ്മേളനം അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. വർഗീസ് താനമാവുങ്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല, അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക് നടുവിലേഴം, അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, അതിരൂപതാ ജനറൽ കൺവീനർ ഷിജി ജോൺസൺ എന്നിവർ പ്രസംഗിച്ചു. യൂണിറ്റുകളിൽനിന്നു നൂറ്റമ്പതോളം കുട്ടികൾ പങ്കെടുത്തു.

**വിജയികൾ**

| | പേര് | ഇടവക | സ്ഥാനം |
|---|---|---|---|
| യു.പി. | അൽഫോൻസ് ജോസ് ജോജി | സെന്റ് ആന്റണീസ് മൈലാടി | ഒന്ന് |
| | അലോന നോജി | സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് നെടുങ്കുന്നം | രണ്ട് |
| | ഡെൽവിൻ മാത്യു അനിൽ | സെന്റ് മേരീസ് കൂത്രപ്പള്ളി | മൂന്ന് |
| ഹൈസ്കൂൾ | എയ്ഞ്ചൽ റോസ് അഭിലാഷ് | സെന്റ് ആന്റണീസ് മൈലാടി | ഒന്ന് |
| | മിലൻ സാം | ഹോളി ഫാമിലി പൊടിപ്പാറ | രണ്ട് |
| | അയോന മേരി ജോഷി | സെന്റ് ജോസഫ്സ് ചമ്പക്കര | മൂന്ന് |

**AWAKE '24- യൂണിറ്റുശക്തീകരണപരിപാടി**

കത്തോലിക്കാകോൺഗ്രസിന്റെ യൂണിറ്റുശക്തീകരണപരിപാടിയായ AWAKE '24 തത്തംപള്ളി സെന്റ് മൈക്കിൾസ് യൂണിറ്റിൽ നടത്തപ്പെട്ടു. യൂണിറ്റുപ്രസിഡന്റ് ബിനു സ്കറിയ അധ്യക്ഷനായിരുന്ന സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ ചാമക്കാല ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് എമെരിത്തൂസ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുഗ്രഹപ്രഭാഷണവും വിവിധ മേഖലകളിൽ വിജയികളായവർക്ക് അവാർഡുവിതരണവും നടത്തി. അതിരൂപതാ ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, അതിരൂപതാ ട്രഷറർ ജോസ് ജോൺ വെങ്ങാന്തറ, അതിരൂപതാ സെക്രട്ടറിമാരായ ജിനോ ജോസഫ്, സെബാസ്റ്റ്യൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

**പുതിയ ഭാരവാഹികൾ**

കത്തോലിക്കാകോൺഗ്രസിന്റെ പുതിയ ഭാരവാഹികളായി താഴെപ്പറയുന്നവരെ തെരഞ്ഞെടുത്തു *(സ്ഥാനം, പേര്, ഫൊറോന എന്നക്രമത്തിൽ)*.

| | | |
|---|---|---|
| അതിരൂപതാ വൈസ് പ്രസിഡന്റ് | : | ജോർജുകുട്ടി മുക്കത്ത് (കുറുമ്പനാടം) |
| അതിരൂപതാ സെക്രട്ടറി | : | ഔസേപ്പ് എൻ. എ. മണയ്ക്കൽ (തിരുവനന്തപുരം) |
| എക്സിക്യുട്ടിവ് കമ്മിറ്റിംഗങ്ങൾ | : | ടോമി കടവൻ (ആലപ്പുഴ), |
| | | മാത്തുക്കുട്ടി കെ.റ്റി. കന്നിക്കര (പുളിങ്കുന്ന്) |
| യൂത്ത് കൗൺസിൽ ജനറൽ കോഡിനേറ്റർ | : | ജോസി ഡൊമിനിക് (പുളിങ്കുന്ന്) |
| വനിതാ കൗൺസിൽ ജനറൽ കോഡിനേറ്റർ | : | സിനി പ്രിൻസ് (തൃക്കൊടിത്താനം) |
| കോഡിനേറ്റർ | : | മിനി മാത്യു (തുരുത്തി) |
| മീഡിയ കൗൺസിൽ ജനറൽ കോഡിനേറ്റർ | : | ജോർജ് വർക്കി (ചങ്ങനാശ്ശേരി) |

**അർധവാർഷികനേതൃസംഗമം - സമ്മാനദാനം**

കത്തോലിക്കാകോൺഗ്രസ് അതിരൂപതാസമിതിയുടെ അർധവാർഷിക നേതൃസംഗമവും മാർ ജോസഫ് പവ്വത്തിൽ മെമ്മോറിയൽ എക്സലെൻഷ്യ ക്വിസ് സീസൺ 2 വിജയികൾക്കുള്ള സമ്മാനദാനവും സെപ്റ്റംബർ ഒന്നിനു ളായിക്കാട് സെന്റ് ജോസഫ്സ് പള്ളിയിൽ നടത്തപ്പെട്ടു. യൂണിറ്റുകളിൽനിന്നു പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ, അതിരൂപതാപ്രതിനിധികൾ, മത്സരവിജയികൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ ചാമക്കാല**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

# കേരള ലേബർ മൂവുമെന്റ്
# (KLM)

**യൂണിറ്റുവാർഷികങ്ങൾ**

തെള്ളകം യൂണിറ്റിന്റെ വാർഷികം ജൂലൈ 21നു നടത്തപ്പെട്ടു. വികാരി ഫാ. ജോസഫ് ആലുങ്കൽ അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം വാർഷികത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മാടപ്പള്ളി യൂണിറ്റിന്റെ വാർഷികം ഓഗസ്റ്റ് നാലിനു നടത്തപ്പെട്ടു. വികാരി ഫാ. മാത്യു ചെത്തിപ്പുഴ അധ്യക്ഷതവഹിച്ചു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം വാർഷികത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. രേഖ മാത്യൂസ്, പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ, ഫൊറോനാ കോഡിനേറ്റർ ഷാജി ആന്റണി എന്നിവർ പ്രസംഗിച്ചു.

**പുതിയ യൂണിറ്റ്**

കോട്ടയം ഫൊറോനയിലെ അരുവിക്കുഴിയിൽ പുതിയ യൂണിറ്റ് രൂപീകരിച്ചു. സെന്റ് ജോസഫ്, വിർജിൻ മേരി എന്നീ പേരുകളുള്ള സംഘങ്ങൾ പുതിയ യൂണിറ്റിന്റെ ഭാഗമാണ്. വികാരി ഫാ. ജേക്കബ് ചീരംവേലിൽ അധ്യക്ഷത വഹിച്ച യോഗം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു.

**പുതിയ സംഘങ്ങൾ**

കൊടിനാട്ടുംകുന്ന് യൂണിറ്റിൽ സെന്റ് സെബാസ്റ്റ്യൻ എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. ജോസഫ് നിലവന്തറ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. യൂണിറ്റുകോഡിനേറ്റർ ഫിലിപ്പ് ജോസഫ് പങ്കെടുത്തു.

കുന്നന്താനം യൂണിറ്റിൽ സെന്റ് അൽഫോൻസാ എസ്.എച്ച്.ജി. രൂപീകരിച്ചു. വികാരി ഫാ. തോമസ് പ്ലാത്തോട്ടത്തിൽ അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ഉദ്ഘാടനം ചെയ്തു. യൂണിറ്റു കോഡിനേറ്റർ പി. ജെ. കുഞ്ഞുമോൻ പങ്കെടുത്തു.

**കെ.എൽ.എം. ഗോൾഡൻ ജൂബിലി സമാപനസമ്മേളനം**

കെ.എൽ.എം. സംഘടനയുടെ ഗോൾഡൻ ജൂബിലി സമാപനസമ്മേളനം ഓഗസ്റ്റ് 18ന് എറണാകുളം ടൗൺ ഹാളിൽ നടത്തപ്പെട്ടു. അതിരൂപതയിൽനിന്ന് 25 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

**WINGS 2.0**

മുറിഞ്ഞപുഴ മാർതോമാമാർഗം ട്രസ്റ്റിന്റെയും ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെയും സംയുക്താഭിമുഖ്യത്തിൽ ഓഗസ്റ്റ് 2, 3, 4 തീയതികളിൽ ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട WINGS 2.0 എന്ന സംരംഭകത്വപരിപാടിയിൽ കെ.എൽ.എം. അംഗങ്ങൾ പങ്കെടുത്തു.

## ആദരാഞ്ജലികൾ

കോട്ടയ്ക്കുപുറം സെന്റ് ജൂഡ് സംഘാംഗം ലാലിച്ചൻ സേവ്യർ കലങ്ങോലയിൽ, തൃക്കൊടിത്താനം സെന്റ് ആന്റണീസ് സംഘാംഗം മാത്യു ചാക്കോ ചിറയിൽ എന്നിവരുടെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബം അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

## മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരുടെ നോമിനികൾക്കു മരണാനന്തര സഹായമായ 1,25,000 രൂപ ജൂലൈ 24, ഓഗസ്റ്റ് 6 തീയതികളിൽ കൈമാറി.

| | പേര് | സംഘം |
|---|---|---|
| 146. | ലെനിൽ തോമസ് | പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ് |
| 152. | തോമസ് ആന്റണി | വെളിയനാട് സെന്റ് ജോൺസ് |
| 153. | ജോസഫ് ജോസഫ് | വെട്ടിത്തുരുത്ത് സെന്റ് ആന്റണീസ് |
| 155. | വി. ഡി. ജോസഫ് | കുറുമ്പനാടം തിരുഹൃദയ |
| 156. | ഷിബു ജോസഫ് | എടത്വാ സെന്റ് ഫ്രാൻസിസ് അസ്സീസ്സി |
| 158. | എ. ഒ. ജോസഫ് | കുറുമ്പനാടം സെന്റ് തോമസ് |
| 160. | ഇ.വി. സണ്ണി | പുഴവാത് സെന്റ് തോമസ് |
| 161. | മേരി ലൂയിസ് | പാറമ്പുഴ സെന്റ് അൽഫോൻസാ |
| 162. | ലിസമ്മ മാത്യു | പങ്ങട സെന്റ് തെരേസ |

# ആത്മതാകേന്ദ്രം

(ARCHDIOCESAN TEMPERANCE MOVEMENT FOR AWARENESS & TREATMENT OF ADDICTS)

**സപ്പോർട്ട് എ ചൈൽഡ് പദ്ധതി**

ആത്മതാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 'സപ്പോർട്ട് എ ചൈൽഡ് പദ്ധതി'യുടെ സമ്മേളനവും സഹായവിതരണവും ഓഗസ്റ്റ് 31നു ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ആത്മതാകേന്ദ്രം ഡയറക്ടർ ജോൺ വടക്കേകളം അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു. സമ്മേളനത്തിൽ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ എം.എസ്.ഡബ്ല്യു. വിദ്യാർഥിനികളായ അലീന മരിയ കുമരകം, മരിയ ജോസ് അടൂർ എന്നിവർ *ജീവിതത്തോടുള്ള മനോഭാവം എപ്രകാരമായിരിക്കണം* എന്നതിനെക്കുറിച്ചു ക്ലാസ്സ് നയിച്ചു. സമ്മേളനത്തിൽ 44,500 രൂപയുടെ ധനസഹായവും ഉച്ചഭക്ഷണവും നൽകി. സണ്ണി മാത്യു, ട്രീസ മാത്യു എന്നിവർ പരിപാടികൾക്കു നേതൃത്വം നൽകി.

**ഹോമിയോചികിത്സാപദ്ധതി**

ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിന് അടിമപ്പെട്ടവർക്കു പാർശ്വഫലങ്ങളില്ലാത്ത സൗജന്യനിരക്കിലുള്ള ഹോമിയോചികിത്സ താഴെപ്പറയുന്ന സ്ഥലങ്ങളിലും ദിവസങ്ങളിലുമായി നൽകിവരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെയും കൗൺസെലേഴ്സിന്റെയും സേവനം ഈ പദ്ധതിയിൽ ലഭ്യമാണ്.

**സമയം:** രാവിലെ 10 മുതൽ ഉച്ചയ്ക്ക് 12.30 വരെ

ചൊവ്വ - (ആലപ്പുഴ) തത്തംപള്ളി, മരിയൻ ഹോമിയോ ഡിസ്പെൻസറി
ബുധൻ - (കോട്ടയം) തോട്ടയ്ക്കാട്, സെന്റ് ജോർജ് പള്ളി
വ്യാഴം - (കോട്ടയം) അതിരമ്പുഴ, സെന്റ് മേരീസ് ഫൊറോനാപ്പള്ളി
വെള്ളി - (കോട്ടയം) ചങ്ങനാശ്ശേരി, പാസ്റ്ററൽ സെന്റർ

പ്രസ്തുതവിവരം വികാരിയച്ചന്മാർ പള്ളിയിലറിയിക്കുമല്ലോ.

**ലഹരിവിമുക്തവിശുദ്ധീകരണധ്യാനം**

കുന്നന്താനം പ്രൊവിഡൻസ് റിന്യൂവൽ സെന്ററിൽ **സെപ്റ്റംബർ 15 മുതൽ 20 വരെ** ലഹരിവിമുക്തകുടുംബവിശുദ്ധീകരണധ്യാനം നടത്തപ്പെടുന്നു. *സെപ്റ്റംബർ 15 വൈകുന്നേരം അഞ്ചിന് ആരംഭിച്ചു 20 രാവിലെ 10നു* ധ്യാനം അവസാനിക്കുന്നു. താമസിച്ചുള്ള ഈ ധ്യാനത്തിനു ഫീസുണ്ടായിരിക്കുന്നതല്ല. പ്രഗത്ഭരായ ഡോക്ടേഴ്സ്, സൈക്കോളജിസ്റ്റ് എന്നിവരുടെ ക്ലാസ്സ്, കൗൺസെലിങ് എന്നിവ ധ്യാനത്തിൽ ലഭ്യമാണ്.

എൽ.എസ്.ഡി.പി. പ്രൊവിഡൻസ് റിന്യുവൽ സെന്റർ, കുന്നന്താനം
0469 2692462, 2693413, 2690414, 9495193406

# ദളിത് കത്തോലിക്കാ മഹാജന സഭ (DCMS)

### ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ കമ്മിഷൻ പൊതുതെളിവെടുപ്പ്

ദളിതുക്രൈസ്തവരുടെ പട്ടികജാതിസംവരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കുന്നതിനു കേന്ദ്രസർക്കാർ നിയോഗിച്ച ജസ്റ്റിസ് കെ. ജി. ബാലകൃഷ്ണൻ കമ്മിഷൻ കേരളത്തിൽ തെളിവെടുപ്പു നടത്തുന്നതിന്റെ ഭാഗമായി ഓഗസ്റ്റ് ഒന്നിന് എറണാകുളം കലക്ട്രേറ്റിൽ നടത്തപ്പെട്ട തെളിവെടുപ്പിൽ അതിരൂപതയെ പ്രതിനിധീകരിച്ച് അതിരൂപതാ പ്രസിഡന്റ്, അതിരൂപതാ വൈസ് പ്രസിഡന്റ്, അതിരൂപതാ സെക്രട്ടറി എന്നിവർ പങ്കെടുത്ത് അതിരൂപത, സീറോ മലബാർസഭ, അതിരൂപതാ ജാഗ്രതാസമിതി, ഡി.സി.എം.എസ്. അതിരൂപതാ കമ്മിറ്റി, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ, അതിരൂപതാ കത്തോലിക്കാ കോൺഗ്രസ് എന്നിവയുടെ നിവേദനങ്ങൾ സമർപ്പിച്ചു.

### നീതിഞായർ ഐക്യദാർഢ്യസമ്മേളനം

നീതിഞായർ (ജസ്റ്റിസ് സൺഡേ) ദിനാചരണത്തിന്റെ ഭാഗമായി അതിരൂപതയുടെ നേതൃത്വത്തിൽ നീതിഞായർ ഐക്യദാർഢ്യസമ്മേളനം ഓഗസ്റ്റ് 17നു കോട്ടയം ഗാന്ധി സ്ക്വയറിൽ നടത്തപ്പെട്ടു. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബ് അധ്യക്ഷതവഹിച്ച സമ്മേളനം അതിരൂപതാ മെത്രാപ്പോലീത്താ അഭി. മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ നീതിഞായർസന്ദേശം നൽകിയശേഷം ഐക്യദാർഢ്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖസന്ദേശവും കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്ക്കോപ്പൽപള്ളിവികാരി ആർച്ചുപ്രീസ്റ്റ് ഫാ. മാണി പുതിയിടം, കടുത്തുരുത്തി എം.എൽ.എ. മോൻസ് ജോസഫ്, കോട്ടയം എം.എൽ.എ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ബി.എസ്.പി. ജില്ലാ പ്രസിഡന്റ് ജേക്കബ് ജോൺ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫ. ഡോ. രേഖ മാത്യൂസ് എന്നിവർ ഐക്യദാർഢ്യപ്രഭാഷണങ്ങളും നടത്തി. അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതം പറഞ്ഞു. കത്തോലിക്കാകോൺഗ്രസ്, മാതൃവേദി-പിതൃവേദി, യുവദീപ്തി-എസ്.എം.വൈ.എം. എന്നിവയുടെ അതിരൂപതാഭാരവാഹികൾ, ഡി.സി.എം.എസ്. കോട്ടയം, അതിരമ്പുഴ, കുടമാളൂർ ഫൊറോനാ പ്രസിഡന്റുമാർ, ഡി.സി.വി.എസ്. അതിരൂപതാ സെക്രട്ടറി എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ നന്ദി രേഖപ്പെടുത്തി. വൈദികർ, വിവിധ സഭാ-സംഘടനാംഗങ്ങൾ, ഡി.സി.എം.എസ്. പ്രവർത്തകർ എന്നിവർ പങ്കെടുത്തു.

### നീതിഞായറാചരണം

അതിരൂപതയുടെ നേതൃത്വത്തിലുള്ള നീതിഞായറാചരണത്തിന്റെ ഭാഗമായി ഓഗസ്റ്റ് 18ന് അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം എന്നിവരുടെ കാർമികത്വത്തിൽ കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കപ്പെട്ടു.

അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ പതാക ഉയർത്തി. അതിരൂപതാ പ്രസിഡന്റ് ഡോ. സിജോ ജേക്കബിന്റെ അധ്യക്ഷതയിലുള്ള നീതിഞായർസമ്മേളനം അതിരൂപതാ സിഞ്ചെല്ലൂസ് വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ സെക്രട്ടറി മാത്യു ജോസഫ് സ്വാഗതംപറഞ്ഞു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺ വടക്കേകളം ആമുഖസന്ദേശവും കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി വികാരി ഫാ. ചെറിയാൻ കറുകപ്പറമ്പിൽ നീതിഞായർസന്ദേശവും പാസ്റ്ററൽ കൗൺസിൽ ജോയിന്റ് സെക്രട്ടറി ബിജു സെബാസ്റ്റ്യൻ മുഖ്യപ്രഭാഷണവും നടത്തി. ഡി.സി.എം.എസ്. സംസ്ഥാന പ്രസിഡന്റ് ജയിംസ് ഇലവുങ്കൽ, ഡി.സി.എം.എസ്. കുറുമ്പനാടം ഫൊറോനാ പ്രസിഡന്റ് ബേബി എം. സി., കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിലെ പാരിഷ് കൗൺസിൽ സെക്രട്ടറി തോമസ് ജെ. മാന്തറ, കൈക്കാരൻ ജോർജുകുട്ടി പുത്തൻപറമ്പിൽ, പിതൃവേദി പ്രസിഡന്റ് ജയിംസ് കളത്തിവീട്ടിൽ, മാതൃവേദി പ്രസിഡന്റ് ഗ്രേസിക്കുട്ടി ദേവസ്യ, യുവദീപ്തി-എസ്.എം.വൈ.എം. പ്രസിഡന്റ് നോബിൾ കിഴക്കേവീട്ടിൽ, ഡി.സി.എം.എസ്. പ്രസിഡന്റ് സി. ജെ. ജോസഫ് എന്നിവർ ആശംസകൾ നേർന്നു. അതിരൂപതാ വൈസ് പ്രസിഡന്റ് ലാസർ ജോൺ നന്ദിയറിയിച്ചു. ഡി.സി.എം.എസ്. യൂണിറ്റ്-ഫൊറോന-അതിരൂപതാംഗങ്ങൾ, വിവിധ സംഘടനാംഗങ്ങൾ എന്നിവർ ഇതിൽ പങ്കെടുത്തു.

**ആദരാഞ്ജലികൾ**

ഡി.സി.എം.എസ്. അതിരൂപതാ കമ്മിറ്റി, സംസ്ഥാനകൗൺസിൽ, അതിരമ്പുഴ ഫൊറോനാ കമ്മിറ്റി എന്നിവയിൽ അംഗമായ സിന്ധു കെ. ഒ.യുടെ ഭർതൃമാതാവ് അന്നമ്മ ദേവസ്യ കണ്ടങ്കരിയിൽ നിര്യാതയായി. അതിരൂപതാ കമ്മിറ്റിക്കുവേണ്ടി വൈസ് പ്രസിഡന്റ് ലാസർ ജോൺ, സെക്രട്ടറി മാത്യു ജോസഫ്, ഓർഗനൈസർ സെബാസ്റ്റ്യൻ ജോസഫ്, ജോയിന്റ് സെക്രട്ടറി ജസി റ്റോമി, മറിയാമ്മ ജോൺ, കുടമാളൂർ ഫൊറോനാ പ്രസിഡന്റ് ജോയി മാത്യു, കോട്ടയം ഫൊറോനാ പ്രസിഡന്റ് ബെന്നി വടുതലക്കര, അതിരൂപതാകമ്മിറ്റിയംഗം ജോൺ ചാക്കോ, ഡി.സി.വി.എസ്. സെക്രട്ടറി ത്രേസ്യാമ്മ ജോസഫ്, അതിരൂപതാ ഓഫീസ് സെക്രട്ടറി രഞ്ജിനി റെജി എന്നിവർ പരേതയുടെ ഭവനം സന്ദർശിച്ച് ആദരാഞ്ജലികൾ നേർന്നു.

സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോൺ വടക്കേകളം**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

"സമാധാനം - സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാളിന്റെ മംഗളങ്ങൾ

ഈശോയിൽ പ്രിയസഹോദരങ്ങളേ,

നമ്മുടെ സഭയുടെയും സഭാമക്കളുടെയും ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കു പ്രാർഥന കൂടുതൽ ആവശ്യമായിരിക്കുന്ന സമയമാണിത്. ഭ്രാതൃത്വങ്ങളിൽ നാം നടത്തുന്ന പ്രാർഥനകളും പ്രവർത്തനങ്ങളും ഇടവകയിലെ മറ്റു ജനങ്ങളെ നമ്മുടെ സഭയിലേക്ക് ആകർഷിക്കത്തക്കവിധമുള്ളതായിരിക്കണം. കൂടുതലാളുകൾ ഫ്രാൻസിസ്കൻ സഭയിലേക്കു കടന്നുവരാൻ പ്രേരിപ്പിക്കാനും ഉത്തമജീവിതത്തിലൂടെ സ്വർഗരാജ്യത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാകാനും നമുക്കു കടമയുണ്ട്. നശ്വരമായ ലൗകികനേട്ടങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്ന സഹോദരങ്ങളെ സ്വർഗത്തിൽ സമ്പത്തു ശേഖരിക്കുന്നവരാക്കി മാറ്റാൻ സഭാമക്കൾ പ്രത്യേകം പ്രാർഥിക്കണം. നമ്മുടെ പ്രവൃത്തിമൂലം ഒരാളെങ്കിലും സ്വർഗപ്രാപ്തിക്കർഹമാകുന്നെങ്കിൽ അതിന്റെ വില അവർണനീയമാണ്.

നമ്മുടെ സ്പിരിചൽ അസ്സിസ്റ്റന്റ് ഫാ. തോമസ് വെട്ടിക്കൽ ഉദ്ബോധിപ്പിച്ചതുപോലെ പ്രാർഥന മാത്രമാണു നമ്മുടെ ആയുധം. അതിനാൽ നാം നമുക്കുവേണ്ടിയും നമ്മുടെ കുടുംബം, ഇടവക, അതിരൂപത, മറ്റ് അല്മായസഭാംഗങ്ങൾ, വൈദികർ, സന്യസ്തർ, മെത്രാന്മാർ, മാർപാപ്പ എന്നിവർക്കുവേണ്ടിയും പ്രാർഥിക്കേണ്ടവരാണ്.

സ്വർഗീയമധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസ്സിയുടെ നാമത്തിൽ സഭയിൽ നിലവിലിരിക്കുന്ന ദണ്ഡവിമോചനത്തിന്റെ യോഗ്യതകളും വി. ക്ലാരയുടെ തിരുനാളിന്റെ പ്രത്യേകമായ അനുഗ്രഹങ്ങളും നേടിയെടുക്കാൻ സഭാമക്കൾ ഓരോരുത്തർക്കും സാധിച്ചു എന്നു വിശ്വസിക്കുന്നു. പരി. കന്യകാമറിയത്തിന്റെ ജനനതിരുനാളിന് ഒരുങ്ങാനും അനുഗ്രഹം പ്രാപിക്കാനും സാധിക്കട്ടെയെന്നു പ്രാർഥിക്കുന്നു.

**സ്വർഗപ്രാപ്തി**

അതിരൂപതാസമിതിയുടെ പരിശീലകൻ, എടത്വാ റീജൻ പ്രസിഡന്റ്, ഭ്രാതൃത്വ പ്രസിഡന്റ് എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഭ്രാതൃത്വാംഗം ബ്രദർ തട്ടുപുരയ്ക്കൽ റ്റി. റ്റി. ഫ്രാൻസിസ്, പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വാംഗം സഹോദരി അന്നമ്മ ജേക്കബ് പാലാത്ര എന്നിവർക്കുവേണ്ടി പ്രത്യേകം പ്രാർഥിക്കാം.

**ബ്രദർ വി.സി. അലക്സ് വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. തോമസ് വെട്ടിക്കൽ** OFM Cap.
*(സ്പിരിച്ചൽ അസ്സിസ്റ്റന്റ്)*

# വിൻസെൻഷ്യൻ വേദി
# (SSVP)

*പാവങ്ങളെ അവരുടെ ദുഃഖഭരിതമായ ഭവനങ്ങളിൽ ചെന്നു സന്ദർശിക്കുന്നതു നമ്മുടെ മഹത്തരവും സവിശേഷതയാർന്നതുമായ പ്രവർത്തനമാണ്. അത് അവഗണിക്കരുത്.* (ജെ. ബെയ്‌ലി)

പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ മംഗളങ്ങൾ

പ്രിയസഹോദരങ്ങളേ,

വിൻസെൻഷ്യൻ കുടുംബാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഏറ്റവും സന്തോഷകരമായ മൂന്നു തിരുനാളുകൾ ആചരിക്കുന്ന മാസമാണു സെപ്റ്റംബർ. സെപ്റ്റംബർ എട്ടിനു നാം പരി. കന്യകാമറിയത്തിന്റെ ജനനതിരുനാൾ ആഘോഷിക്കുന്നു. ആറാം നൂറ്റാണ്ടിലാണു ജനനതിരുനാൾ സെപ്റ്റംബർ 8 ആയി നിജപ്പെടുത്തിയത്. ഒമ്പതാം നൂറ്റാണ്ടിൽ മുസ്ലീം അധിനിവേശത്തിൽ കൊടുങ്ങല്ലൂർ പട്ടണം നശിപ്പിക്കപ്പെട്ടപ്പോൾ തങ്ങളുടെ പെൺമക്കളുടെ ചാരിത്ര്യം സംരക്ഷിക്കാനാണ് ഈ നോമ്പാചരണം തുടങ്ങിയത്. പിന്നീടു ടിപ്പുവിന്റെ പടയോട്ടകാലത്തും മാർതോമാക്രിസ്ത്യാനികൾ ഈ നോമ്പാചരണം തുടർന്നു. അമ്മമാർ തങ്ങളുടെ കുടുംബത്തിന്റെ ഐക്യത്തിനും ഐശ്വര്യത്തിനുംവേണ്ടി നടത്തുന്ന തപസെന്നാണ് എട്ടുനോമ്പിനെ സീറോമലബാർസഭാ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ വിശേഷിപ്പിക്കുന്നത്. ഇടം കൊടുത്താൽ ഇടപെടുന്നവളാണു പരി. മറിയമെന്നതു വി. ഗ്രന്ഥം, വ്യക്തിജീവിതാനുഭവങ്ങൾ എന്നിവയിൽനിന്നു വ്യക്തമാണ്. ഏറ്റവും ഒരുക്കത്തോടെ പരി. അമ്മയുടെ ജന്മദിനം ആഘോഷിക്കുകയെന്നതു മക്കളായ നമ്മുടെ അവകാശവും ഉത്തരവാദിത്വവുമാണ്.

മനുഷ്യനെ നിയന്ത്രിക്കുന്ന നിർമിതബുദ്ധിപോലുള്ള സാങ്കേതികവിദ്യകളുടെയും വളരുന്ന തലമുറയെ ഏതുവിധേനയും നശിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ലഹരിമാഫിയകളുടെയും പ്രണയക്കെണികളുടെയും തിരുസഭക്കെതിരെയുള്ള സംഘടിതപ്രവർത്തനങ്ങളുടെയും ലോകത്തു വിശുദ്ധരായി ജീവിക്കാനും വിശ്വാസത്തിൽ വളരാനുമുള്ള കൃപയും കരുത്തും നമ്മുടെ കുഞ്ഞുങ്ങൾക്കു ലഭിക്കാനുമുള്ള പ്രത്യേകനിയോഗത്തോടെ എട്ടുനോമ്പു ദിവസങ്ങളിൽ പ്രാർത്ഥിക്കാം.

കരുണയെന്ന ദൈവസ്വഭാവത്തെ ഏറ്റവും ശക്തമായി വെളിപ്പെടുത്തുകയും സമാനതകളില്ലാത്ത ജീവകാരുണ്യ-സഭാനവീകരണപ്രവർത്തനങ്ങളിലൂടെ ലോകത്തെ അദ്ഭുതപ്പെടുത്തുകയും ചെയ്ത വ്യക്തിയാണു വി. വിൻസെന്റ് ഡി പോൾ. ''ലോകത്തോടുള്ള മൈത്രി ദൈവത്തോടുള്ള ശത്രുത'' *(യാക്കോ. 4:4)* എന്നതിരിച്ചറിവിൽ ജീവിതയാത്രയിൽ വരുത്തിയ വ്യത്യാസം തിരുസഭയിലെ വിശുദ്ധരിൽ ഒരാളും പരസ്നേഹപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥനുമാകാൻ അദ്ദേഹത്തെ സഹായിച്ചു. ഉപവി സ്വായത്തമാക്കാനുള്ള തീവ്രമായ ആഗ്രഹത്തിൽ അതിനു തടസമായിനിന്നതെല്ലാം പരിത്യജിക്കാൻ അദ്ദേഹം

തയ്യാറായി. താൻ നേതൃത്വം നൽകിയ സംഘടനകളുടെ അടിസ്ഥാനപ്രമാണം ഉപവിയായിരിക്കണമെന്ന് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. ആവശ്യക്കാരുടെ ഇടയിലേക്കിറങ്ങിച്ചെന്ന് അവർക്കുവേണ്ട ശുശ്രൂഷകൾ ചെയ്യുകയെന്ന വിശുദ്ധന്റെ സ്വഭാവത്തെ സ്വന്തമാക്കാൻ നമുക്കു സാധിക്കണം.

തിരുസഭ ഏറെ വിമർശിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്ത അവസരത്തിൽ ദൈവസ്നേഹം പ്രസംഗിക്കപ്പെടുന്നതോടൊപ്പം പ്രാവർത്തികമാക്കുകയും ചെയ്യേണ്ടതാണെന്ന തിരിച്ചറിവിലാണു ഫ്രെഡറിക് ഓസാനാമും ആറു യുവാക്കളും അതിനുള്ള മാർഗനിർദേശത്തിനായി സി. റോസലി റെണ്ടുവിനെ സമീപിക്കുന്നത്. ദൈവഹിതം തിരിച്ചറിയാനായി നമ്മുടെ ചിന്തകളും തീരുമാനങ്ങളും പ്രവൃത്തികളും ദൈവകൃപയിൽ മികച്ചുനിൽക്കുന്ന വ്യക്തികളുമായി പങ്കുവെക്കാനുള്ള മനസു നമുക്കുണ്ടാകണമെന്ന വലിയൊരാശയമാണ് ഉന്നതവിദ്യാഭ്യാസവും ഉയർന്നജോലികളുമൊക്കെ ഉണ്ടായിരുന്ന നമ്മുടെ സ്ഥാപകർ നൽകുന്നത്. വചനാധിഷ്ഠിതമായി, കർത്താവിന്റെ ഹൃദയമിടിപ്പു മനസിലാക്കി, സഭാപ്രബോധനങ്ങൾക്കനുസരിച്ച് ഉപവിപ്രവർത്തനങ്ങൾ നടത്താൻ പ്രത്യേകം വിളിക്കപ്പെട്ടവരാണെന്ന ബോധ്യം നമുക്കുണ്ടാകണം.

**സെപ്റ്റംബർ 9, 27** തീയതികളിൽ യഥാക്രമം പാവങ്ങൾ, അംഗങ്ങൾ എന്നിവർക്കുവേണ്ടി നിയോഗങ്ങൾവെച്ചു പരിശുദ്ധ കുർബാനയിൽ പങ്കെടുക്കാൻ ഏവരെയും ഓർമിപ്പിക്കുന്നു. സെൻട്രൽ കൗൺസിൽ അംഗം, എടത്വാ, ആലപ്പുഴ സോണൽ ഓഫീസർ, ആലപ്പുഴ മുൻ ഏരിയ കൗൺസിൽ പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ച ബ്രദർ സാം എം. എക്സ്, ബ്രദർ കെ. ഒ. ജോസഫ് (മുണ്ടത്താനം മുൻ പ്രസിഡന്റ്), സിസ്റ്റർ കുഞ്ഞമ്മ ജോസ് (ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ), ബ്രദർ ജോസഫ് മാത്യു (പുന്നമട) എന്നിവരുടെ വേർപാടുകൾ അനുസ്മരിച്ച് അവരുടെ ആത്മശാന്തിക്കായി പ്രാർഥിക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ബ്രദർ തോമസ് ടി. മൂലയിൽ**
*(സെൻട്രൽ കൗൺസിൽ പ്രസിഡന്റ്)*

# കരിസ്മാറ്റിക് നവീകരണം

*മനുഷ്യനു വേണ്ടിയല്ല, കർത്താവിനുവേണ്ടി എന്നപോലെ സന്മനസോടെ ശുശ്രൂഷ ചെയ്യണം* (എഫേ. 6:7).

ജൂബിലിസഹസ്രദിനപ്രാർഥന വടക്കേക്കര സെന്റ് മേരീസ് പള്ളിയിൽ നടത്തപ്പെട്ടു. ആനിമേറ്റർ തോമസ് പ്ലാപ്പറമ്പിൽ അച്ചൻ വചനപ്രഘോഷണം, പരിശുദ്ധ കുർബാനയുടെ ആരാധന എന്നിവയ്ക്കു നേതൃത്വം നൽകി. അമ്പതിലധികംപേർ ഇതിൽ പങ്കെടുത്തു. എമ്മാവൂസിൽനിന്നുള്ള ഫാ. ജോസഫ് താമരവേളി, ഫാ. തോമസ് പ്ലാപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 13നു ചങ്ങനാശ്ശേരി കരിസ്മാറ്റിക് സോണൽ സർവീസ് ടീം പുനഃസംഘടിപ്പിക്കപ്പെട്ടു. നൂറ്റിയിരുപതോളം പേർ ഇതിൽ പങ്കാളികളായി. ഓഗസ്റ്റ് 28, 29 തീയതികളിൽ കളമശ്ശേരി എമ്മാവൂസിൽ നടത്തപ്പെട്ട ഫോർമേഷൻ ക്ലാസ്സിനുശേഷം പുതിയ സർവീസ് ടീം ചുമതലയേറ്റു.

**ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോൺ**

ലോഡ്സ് കപ്പിൾസ് മിനിസ്ട്രി ചങ്ങനാശ്ശേരി സോണിന്റെ 66-ാമതു മീറ്റിങ് ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഓഗസ്റ്റ് ആറിനു ജപമാലയോടുകൂടി ആരംഭിച്ചു. ലൂയിസ് വെള്ളാനിക്കൽ അച്ചൻ വായിച്ച തിരുവചനഭാഗം (മത്താ. 17:1-8) സി. തെരസിന എഫ്.ഡി.എസ്.എച്ച്.ജെ. വിചിന്തനം നടത്തി. കോഡിനേറ്റർ എല്ലാവരെയും സ്വാഗതം ചെയ്തു. ഇടവകയിലെ സെല്ലുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവരും പങ്കുവെച്ചു. സെല്ലുകളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ പോകുന്നു. കൂത്രപ്പള്ളിയിൽ ഏഴു ദമ്പതികളുടെ പുതിയ സെൽ രൂപീകരിച്ചു. പത്തുവർഷത്തിനുള്ളിൽ വിവാഹിതരായവർക്കുവേണ്ടി ഒരു സെൽ രൂപീകരിക്കാൻ ലൂയിസ് അച്ചൻ തീരുമാനിച്ചിട്ടുണ്ട്. ഇടവകയിലെ വികാരിയച്ചനുമായി ചർച്ച ചെയ്തശേഷം പുതിയ സെൽ തുടങ്ങാവുന്നതാണ്. എട്ടു ദമ്പതികൾ മീറ്റിങ്ങിൽ പങ്കെടുത്തു. അടുത്ത മീറ്റിങ് **സെപ്റ്റംബർ 10നു** ചങ്ങനാശ്ശേരി പാസ്റ്ററൽ സെന്ററിൽ ഉച്ചകഴിഞ്ഞു മൂന്നിനു നടത്തപ്പെടുന്നതാണ്. ഇതുവരെ ദമ്പതീ സെല്ലുകളില്ലാത്ത ഇടവകയിൽ അവിടത്തെ അച്ചന്റെ സമ്മതം വാങ്ങാൻ ഓരോരുത്തർക്കും ലൂയിസ് അച്ചൻ നിർദേശം നൽകി. സന്ദേശഗീതം, പ്രാർഥന എന്നിവയ്ക്കുശേഷം ലൂയിസ് വെള്ളാനിക്കൽ അച്ചന്റെ സമാപനാശീർവാദത്തോടെ മീറ്റിങ് അവസാനിച്ചു.

സ്നേഹപൂർവം,

**മോൻ ചെത്തിമറ്റം**
*(കോഡിനേറ്റർ)*

**ഫാ. തോമസ് പ്ലാപ്പറമ്പിൽ**
*(ആനിമേറ്റർ)*

204

## പൗരോഹിത്യ ആധ്യാത്മികത: വചനവിചിന്തനങ്ങൾ

മൽപാൻ ഫാ. മാത്യു വെള്ളാനിക്കൽ



# നിർദേശങ്ങളും അഭിവാദനങ്ങളും

(തിരുവചനഭാഗം: 1 കോറിന്തോസ് 16,1–24)

കോറിന്തോസുകാർ എഴുതിച്ചോദിച്ച കാര്യങ്ങൾക്കെല്ലാം മറുപടി നൽകിയ ശേഷം തുടർയാത്രയെക്കുറിച്ച് അവരെ അറിയിക്കുകയും അവർക്ക് അഭിവാദനങ്ങളർപ്പിക്കുകയും ചെയ്യുന്നു. ഈ വചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ധർമശേഖരണം (16,1–4)
2. യാത്രാപദ്ധതികൾ (16,5–9)
3. തിമോത്തേയോസും അപ്പോളോസും (16,10–12)
4. അഭ്യർഥന (16,13–18)
5. അഭിവാദനം (16,19–24)

**1. ധർമശേഖരണം**

*''ഇനി വിശുദ്ധർക്കുവേണ്ടിയുള്ള സംഭാവനയെപ്പറ്റി പ്രതിപാദിക്കാം. ഗലാത്തിയായിലെ സഭകളോടു ഞാൻ നിർദേശിച്ചതുപോലെ നിങ്ങളും ചെയ്യുവിൻ. ഞാൻ വരുമ്പോൾ പിരിവൊന്നും നടത്താതിരിക്കുന്നതിനു നിങ്ങൾ ഓരോരുത്തരും കഴിവനുസരിച്ചുള്ള തുക ആഴ്ചയിലെ ആദ്യദിവസം നീക്കിവെക്കണം. ഞാൻ വരുമ്പോൾ, നിങ്ങളുടെ സംഭാവന കൊണ്ടുപോകുന്നതിനുവേണ്ടി നിങ്ങൾ അംഗീകരിക്കുന്ന വ്യക്തികളെ എഴുത്തുമായി ജറുസലെമിലേക്കയച്ചുകൊള്ളാം. ഞാൻ കൂടെ പോകേണ്ട ആവശ്യമുണ്ടെങ്കിൽ അവർ എന്നോടൊപ്പം പോരട്ടെ'' (16,1–4).*

പൗലോസിൽനിന്നു തീരുമാനം അറിയാൻവേണ്ടി എഴുതിച്ചോദിച്ച കാര്യങ്ങളിലൊന്നു ജറുസലെംസഭയിലെ വിശ്വാസികൾക്കുവേണ്ടിയുള്ള സഹായശേഖരണമാണ്. പൗലോസ്ശ്ലീഹാ ജറുസലെം സന്ദർശിച്ചു വിജാതീയരുടെയിടയിലുള്ള തന്റെ പ്രേഷിതത്വത്തെക്കുറിച്ചു ശ്ലീഹന്മാരെ പരിചയപ്പെടുത്തിയ അവസരത്തിൽ രൂപംകൊണ്ട ഒരു പദ്ധതിയായിരിക്കാമിത്. സഹായശേഖരണം സംബന്ധിച്ചു കോറിന്തോസുകാർ എന്താണു ചോദിച്ചതെന്നു വ്യക്തമല്ല. ജറുസലെമിലുണ്ടായ കൊടിയക്ഷാമത്തിന്റെ ഫലമായി (ശ്ലീഹ. നടപടി 11,28–30) അവിടെയുള്ള വിശ്വാസികൾ വലിയസാമ്പത്തികഞെരുക്കത്തിലായിരുന്നിരിക്കണം. ക്രിസ്ത്യാനികൾക്കെതിരായുള്ള പീഡനങ്ങളും ആദിമകാലത്തെ പൊതുവായ ജീവിതരീതിയുമെല്ലാം ഇതിന്റെ ആക്കം വർധിപ്പിച്ചിരുന്നിരിക്കാം. വിജാതീയരുടെ

യിടയിലുള്ള പൗലോസിന്റെ പ്രേഷിതപ്രവർത്തനങ്ങളെ ജറുസലെമിലെ ക്രിസ്ത്യാനികൾ സംശയത്തോടെയാണു വീക്ഷിച്ചിരുന്നത്. ഈ പശ്ചാത്തലത്തിൽ ഇരുസഭകളും തമ്മിലുള്ള ഐക്യവും സ്നേഹവും വളർത്താൻ ഇതു സഹായിക്കുമെന്നു പൗലോസ്ശ്ലീഹാ കരുതിയിരിക്കാം.

യൂദയായിലായിരുന്ന സമയത്തു സാധുക്കളായ ജറുസലെംസഹോദരങ്ങളെ സഹായിക്കാൻ ഏഷ്യയിലെയും ഗ്രീസിലെയും സഭകളിൽനിന്നു പണം സ്വരൂപിക്കാമെന്നു പൗലോസ്ശ്ലീഹാ സമ്മതിച്ചിരുന്നു. കോറിന്തോസുകാർക്കുള്ള തന്റെ ആദ്യകത്തിൽ ഇത്തരമൊരു പണസമാഹരണത്തിന്റെ കാര്യം കോറിന്തോസുകാരെ അറിയിച്ചിരുന്നിരിക്കണം (5,9). ഇതിന്റെയടിസ്ഥാനത്തിൽ തങ്ങൾ എങ്ങനെയാണ് ഇതു നടത്തേണ്ടതെന്നും കോറിന്തോസുകാർക്കു വ്യക്തതയില്ലായിരുന്നിരിക്കാം. മറ്റുസഭകളും ഇപ്രകാരം ചെയ്യുന്നുണ്ടെന്നും ഇവിടെ സൂചനയുണ്ട് (16,2). ഞായറാഴ്ചകളിൽ സഭാംഗങ്ങളോരോരുത്തരും കഴിയുന്ന ഒരു തുക ഇതിനായി നീക്കിവെക്കണം. എപ്രകാരം അതു ജറുസലെമിലെത്തിക്കാമെന്ന നിർദേശങ്ങളൊക്കെ നൽകുന്നു. ഞായറാഴ്ചകളിലെ സ്തോത്രക്കാഴ്ചയെക്കുറിച്ചു ശരിയായ കാഴ്ചപ്പാടുകൾ അജഗണങ്ങൾക്കു നൽകാൻ അജപാലകർ ശ്രദ്ധിക്കേണ്ടതാണെന്ന് ഇതിൽനിന്നു വ്യക്തമാണ്.

**2. യാത്രാപദ്ധതികൾ**

*''ഞാൻ മക്കെദോനിയായിൽ പോയിട്ടു നിങ്ങളെ സന്ദർശിക്കുന്നതാണ്. എനിക്ക് അവിടെ പോകേണ്ടതുണ്ട്. ഞാൻ നിങ്ങളുടെകൂടെ കുറെനാൾ, ഒരുപക്ഷേ ശീതകാലം മുഴുവൻ, ചെലവഴിച്ചെന്നുവരാം. തദവസരത്തിൽ, എന്റെ തുടർന്നുള്ള എല്ലാ യാത്രകൾക്കും വേണ്ട സഹായം ചെയ്തുതരാൻ നിങ്ങൾക്കു കഴിഞ്ഞേക്കും. നിങ്ങളെ തിടുക്കത്തിൽ സന്ദർശിച്ചുപോരാൻ ഞാൻ ഇഷ്ടപ്പെടുന്നില്ല. കർത്താവ് അനുവദിക്കുമെങ്കിൽ കുറെനാൾ നിങ്ങളോടൊത്തു കഴിയാമെന്നു ഞാൻ ആശിക്കുന്നു. പന്തക്കുസ്താവരെ ഞാൻ എഫേസോസിൽ താമസിക്കും. ഫലപ്രദമായ പ്രവർത്തനത്തിനുള്ള ഒരു വലിയവാതിൽ എനിക്കു തുറന്നുകിട്ടിയിട്ടുണ്ട്. പ്രതിയോഗികളും വളരെയാണ്'' (16,5-9).*

കോറിന്തോസുകാർ ശേഖരിക്കുന്ന തുക ജറുസലെമിലേക്കു കൊണ്ടുപോകാനാവശ്യമെങ്കിൽ താനും പോകാമെന്നു പറയുന്നതുകൊണ്ടാകാം തന്റെ യാത്രയുടെ കാര്യങ്ങളും പൗലോസ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നത്. താൻ കോറിന്തോസിലേക്കു വരുന്നതിനെക്കുറിച്ചു നേരത്തെ അധികാരത്തിന്റെയും താക്കീതുകളുടെയും സ്വരത്തിലാണു പൗലോസ്ശ്ലീഹാ പറഞ്ഞിട്ടുള്ളത് (4,18-21). എന്നാലിവിടെ വളരെ സൗഹൃദത്തിലാണു തന്റെ വരവിനെക്കുറിച്ചു പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. എന്തുകൊണ്ടാണു തനിക്ക് ഉടനെ വരാൻ സാധിക്കാത്തത് എന്നതും വിശദീകരിക്കുന്നുണ്ട്.

കോറിന്തോസിൽ കുറച്ചേറെക്കാലം താമസിക്കാൻ താൻ ആഗ്രഹിക്കുണ്ടെന്നും അതിനുശേഷം അവർ തന്നെ യാത്രയാക്കണമെന്നും സൂചിപ്പിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. തന്റെ സന്ദർശനം പ്രാധാന്യമുള്ളതാണെന്നു

കോറിന്തോസുകാർ മനസിലാക്കണമെന്നു ശ്ലീഹാ ആഗ്രഹിക്കുന്നു. ''എന്റെ തുടർന്നുള്ള എല്ലാ യാത്രകൾക്കും വേണ്ട സഹായം ചെയ്തുതരാൻ നിങ്ങൾക്കു കഴിഞ്ഞേക്കും'' (16,6) എന്നതിന്റെ ധ്വനി തന്റെ യാത്രാച്ചെലവുകൾക്കൂടി അവർ വഹിക്കണം എന്നതാണ്. ഇത് എല്ലാ സുവിശേഷപ്രഘോഷകരെയും സംബന്ധിച്ചു സാധാരണ പ്രതീക്ഷിക്കുന്ന കാര്യമായിരിക്കണം. അതിന്റെ സൂചന 1 കോറി. 9,14ൽ കാണുന്നുണ്ട്. അവിടെ പൗലോസ് ഇങ്ങനെ പറയുന്നു: ''സുവിശേഷ പ്രഘോഷകർ സുവിശേഷംകൊണ്ടുതന്നെ ഉപജീവനം കഴിക്കണമെന്നു കർത്താവു കല്പിച്ചിരിക്കുന്നു''. ഇപ്രകാരമുള്ള പ്രായോഗികകാര്യങ്ങൾ അജപാലകർ അജഗണങ്ങൾക്കു മനസിലാക്കിക്കൊടുക്കണം.

### 3. തിമോത്തേയോസും അപ്പോളോസും

*''തിമോത്തേയോസ് നിങ്ങളുടെ അടുത്തുവരുമ്പോൾ നിങ്ങളുടെയിടയിൽ നിർഭയനായി കഴിയാൻ അവനു സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കണം. അവനും എന്നെപ്പോലെ കർത്താവിന്റെ ജോലിയിൽ വ്യാപൃതനാണല്ലോ. ആകയാൽ, ആരും അവനെ നിന്ദിക്കാനിടയാകരുത്. എന്റെയടുത്തു വേഗം മടങ്ങിവരേണ്ടതിനു സമാധാനത്തിൽ അവനെ യാത്രയാക്കണം. സഹോദരരോടൊപ്പം അവനെ ഞാൻ പ്രതീക്ഷിക്കുന്നു. മറ്റുസഹോദരരോടൊത്തു നിങ്ങളെ സന്ദർശിക്കണമെന്നു ഞാൻ നമ്മുടെ സഹോദരൻ അപ്പോളോസിനെ വളരെ നിർബന്ധിച്ചതാണ്. എന്നാൽ, ഈയവസരത്തിൽ നിങ്ങളുടെ അടുത്തുവരാൻ അവന് ഒട്ടും മനസില്ലായിരുന്നു; സൗകര്യപ്പെടുമ്പോൾ വന്നുകൊള്ളും'' (16,10-12).*

തിമോത്തേയോസിനെ കോറിന്തോസിലേക്കു പറഞ്ഞയയ്ക്കുന്നുണ്ടെന്നു പൗലോസ്ശ്ലീഹാ മുമ്പ് എഴുതിയിരുന്നു (4,17). തന്റെ ഒരു ഔദ്യോഗിക പ്രതിനിധിയായി അദ്ദേഹത്തെ സ്വീകരിക്കണമെന്നും അദ്ദേഹം കോറിന്തോസിലെ യഥാർഥവിവരങ്ങൾ തന്നെ വന്നു ധരിപ്പിക്കുമെന്നും ശ്ലീഹാ അവരെ അനുസ്മരിപ്പിക്കുന്നു. തിമോത്തേയോസിനെ കോറിന്തോസുകാർ എപ്രകാരം സ്വീകരിക്കും എന്നതിനെപ്പറ്റി പൗലോസ്ശ്ലീഹായ്ക്ക് ആശങ്കയുണ്ടെന്ന് ഇതു സൂചിപ്പിക്കുന്നു. പൗലോസിന്റെ പ്രതിനിധിയായി കോറിന്തോസുകാർ സ്വീകരിക്കാൻ ആഗ്രഹിച്ചത് അപ്പോളോസിനെയാണ്. അതിനാലാണ് അദ്ദേഹത്തിന്റെ സന്ദർശനത്തെപ്പറ്റി അവർ പൗലോസിനോട് ആരാഞ്ഞത് (16,12). കോറിന്തോസിലേക്കു പോകാൻ പൗലോസ്ശ്ലീഹാ അയാളെ നിർബന്ധിക്കുകയും ചെയ്തു. എങ്കിലും സാഹചര്യങ്ങൾ പരിഗണിച്ച് അയാൾ അതിനു വഴങ്ങാതെ തന്റെ യാത്ര പിന്നീടൊരിക്കലേക്കു മാറ്റിവെക്കുകയായിരുന്നു.

തിമോത്തേയോസിന്റെയും അപ്പോളോസിന്റെയും യാത്രാപദ്ധതികളെക്കുറിച്ചുള്ള പരാമർശങ്ങൾ ചില പ്രധാനപ്പെട്ട വസ്തുതകൾ സൂചിപ്പിക്കുന്നുണ്ട്. തിമോത്തേയോസ് പൗലോസിന്റെ വിശ്വസ്തശിഷ്യനാണ്. അയാളെക്കുറിച്ചു ശ്ലീഹാ പറയുന്ന വിശേഷണം ശ്രദ്ധേയമാണ്: ''അവനും എന്നെപ്പോലെ കർത്താവിന്റെ ജോലിയിൽ വ്യാപൃതനാണല്ലോ''. സുവിശേഷശുശ്രൂഷ ആരുടെയും സ്വന്തം ജോലിയല്ല. അതു കർത്താവിന്റെ ജോലിയാണ്. കോറിന്തോസുകാരുടെ

യിടയിൽ നിർഭയനായി കഴിയാൻ സാഹചര്യം സൃഷ്ടിക്കണമെന്ന പരാമർശം ആ സഭയിലെ സാഹചര്യം മോശമായിരുന്നു എന്നതിന്റെ സൂചനയാണ്. സഭയിലെ അനൈക്യവും കക്ഷിവഴക്കും നേതാക്കളുടെ പക്ഷം പിടിച്ചുള്ള നിലപാടുകളുമായിരിക്കാം ഇപ്രകാരം പറയാൻ പൗലോസിനെ പ്രേരിപ്പിച്ചത്. സഭയുടെ കൂട്ടായ്മാസ്വഭാവത്തിനു വിരുദ്ധമായ അനൈക്യവും കക്ഷിവഴക്കുകളും ഉണ്ടാകാതിരിക്കാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

**4. അഭ്യർഥന**

*''നിങ്ങൾ ജാഗരൂകരായിരിക്കുവിൻ. വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ; പൗരുഷവും കരുത്തും ഉള്ളവരായിരിക്കുവിൻ. നിങ്ങളുടെ സകലകാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ. സഹോദരരേ, സ്തേഫാനാസിന്റെ കുടുംബാംഗങ്ങളാണ് അക്കായിയായിലെ ആദ്യഫലങ്ങളെന്നും അവർ വിശുദ്ധരുടെ ശുശ്രൂഷയ്ക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു എന്നും നിങ്ങൾ അറിഞ്ഞിരിക്കണമെന്നു ഞാൻ അഭ്യർഥിക്കുന്നു. ഇപ്രകാരമുള്ളവരെയും എന്നോടു സഹകരിച്ച് അധ്വാനിക്കുന്ന എല്ലാവരെയും നിങ്ങൾ അനുസരിക്കണമെന്നു ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു. സ്തേഫാനാസും ഫൊർത്തുനാത്തൂസും ആകായിക്കോസും വന്നതിൽ ഞാൻ ആഹ്ലാദിക്കുന്നു. എന്തെന്നാൽ, നിങ്ങളുടെ അസാന്നിധ്യം അവർ പരിഹരിച്ചു. അവർ എന്റെയും നിങ്ങളുടെയും ആത്മാവിനെ ഉന്മേഷപ്പെടുത്തി. ഇങ്ങനെയുള്ളവരെ നിങ്ങൾ അംഗീകരിക്കണം'' (16,13-18).*

കോറിന്തോസുകാരോടു നടത്തുന്ന അവസാനയഭ്യർഥന ശ്രദ്ധേയമാണ്. പ്രധാനമായും നാലുകാര്യങ്ങളാണ് എടുത്തുപറയുന്നത്. ഒന്നാമത്തേത് ''ജാഗരൂകരായിരിക്കുവിൻ'' എന്നാണ്. ഇതു ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാന സ്വഭാവമായി കാണാം. കർത്താവിന്റെ രണ്ടാമത്തെ ആഗമനം പ്രതീക്ഷിച്ചുള്ള ക്രിസ്തീയജീവിതത്തെ സൂചിപ്പിക്കുന്നതാകാമത്. അതോടൊപ്പം തെറ്റായ പഠനങ്ങൾ നൽകുന്നവർക്കെതിരെ ജാഗ്രത പുലർത്തണമെന്നും അതു സൂചിപ്പിക്കുന്നുണ്ടാകും. ''വിശ്വാസത്തിൽ ഉറച്ചുനിൽക്കുവിൻ'' എന്നതു മ്ശിഹായിലധിഷ്ഠിതമായ ജീവിതശൈലിയാണ്. മ്ശിഹായിലുള്ള വിശ്വാസമാണു ക്രിസ്തീയ ജീവിതത്തിന്റെ അടിസ്ഥാനം. മ്ശിഹായുടെ സുവിശേഷത്തിനനുസൃതമായ ജീവിതം നയിച്ചുകൊണ്ടാണു മ്ശിഹായിലുള്ള വിശ്വാസത്തിൽ നാം നിലനിൽക്കേണ്ടത്. ക്രിസ്തീയവിശ്വാസത്തിന്റെ ഉള്ളടക്കവും അതിനനുസൃതമായ ജീവിതവും അതു സൂചിപ്പിക്കുന്നുണ്ട്.

''പൗരുഷവും കരുത്തും ഉള്ളവരാകുവിൻ'' എന്നതു ബാലിശമായ വാഗ്ദാനങ്ങളിലും തർക്കങ്ങളിലും വിഭാഗീയതകളിലുംനിന്നു മാറാനുള്ള ആഹ്വാനമാണ്. അവർ ഇനിയും വളരേണ്ടതുപോലെ വളർന്നിട്ടില്ല എന്നതിന്റെ സൂചനയാണു ഭിന്നതകൾ. ധൈര്യത്തോടെ പെരുമാറുക, യാതൊന്നിനെയും ഭയപ്പെടാതിരിക്കുക എന്നതു വിശ്വാസത്തിനായുള്ള പോരാട്ടത്തിൽ പ്രധാനമാണ്. ദൈവത്തിൽനിന്നാണു ക്രിസ്തീയസാക്ഷ്യത്തിനാവശ്യമായ കരുത്തു ലഭി

ക്കുന്നത്. അവസാനം പറഞ്ഞിരിക്കുന്ന കാര്യം കോറിന്തോസിലെ പ്രത്യേക സാഹചര്യത്തിൽ ഏറ്റം പ്രാധാന്യമർഹിക്കുന്ന ഒന്നാണ്: ''നിങ്ങളുടെ സകല കാര്യങ്ങളും സ്നേഹത്തോടെ നിർവഹിക്കുവിൻ'' (16,14). ഇവിടെ 'സ്നേഹത്തോടെ' എന്നു തർജമ ചെയ്തിരിക്കുന്നതിന്റെ ഗ്രീക്കുമൂലം 'സ്നേഹത്തിൽ' എന്നതാണ്. 'സ്നേഹത്തോടെ' എന്നതിനെക്കാൾ 'സ്നേഹത്തിൽ' എന്നു പറഞ്ഞിരിക്കുന്നത് അർഥവത്താണ്. സ്നേഹം ക്രിസ്തീയജീവിതത്തിൽ വേണ്ട ഒരു കാര്യമല്ല. ക്രിസ്ത്യാനി ജീവിക്കുകയും പ്രവർത്തിക്കുകയും ആയിരിക്കുകയും ചെയ്യുന്ന സ്ഥായീഭാവം തന്നെയാണത്. എല്ലാ അജപാലകരും അജഗണങ്ങൾക്കു നൽകേണ്ട അഭ്യർഥനയായി ഇവയെ കാണാവുന്നതാണ്.

**5. അഭിവാദനം**

*''ഏഷ്യയിലെ സഭകൾ നിങ്ങളെ അഭിവാദനം ചെയ്യുന്നു. അക്വീലായും പ്രിസ്ക്കായും അവരുടെ വീട്ടിലുള്ള സഭയും കർത്താവിൽ നിങ്ങളെ ഹൃദയപൂർവം അഭിവാദനം ചെയ്യുന്നു. സകല സഹോദരരും നിങ്ങളെ അഭിവാദനം ചെയ്യുന്നു. നിങ്ങൾ വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ. പൗലോസായ ഞാൻ സ്വന്തം കൈപ്പടയിൽ അഭിവാദനം രേഖപ്പെടുത്തുന്നു. ആരെങ്കിലും കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ! ഞങ്ങളുടെ കർത്താവേ, വന്നാലും! കർത്താവായ മ്ശിഹായുടെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ! ഈശോമ്ശിഹായിൽ എന്റെ സ്നേഹം നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!'' (16,19-24).*

പരസ്പരം ആശംസകൾ നേർന്നുകൊണ്ടു കത്തുകൾ അവസാനിപ്പിക്കുക സ്വാഭാവികമാണ്. ''ഏഷ്യയിലെ സഭകൾ'' (16,19) ''സകല സഹോദരരും'' (16,20) എന്നിവ സഭകൾ തമ്മിലുള്ള സാഹോദര്യത്തെയും ഒരുമയെയും വ്യക്തമാക്കുന്നു. ഒരുപ്രദേശത്തെ സഭകളെല്ലാം ആശംസകൾ അയയ്ക്കുന്നു എന്നത് ഈ ലേഖനഭാഗത്തുമാത്രമേ കാണുന്നുള്ളൂ. കോറിന്തോസിലെ സഭ ഒരു വലിയസഭാകൂട്ടായ്മയുടെ, ആഗോളസഭയുടെ ഭാഗമാണെന്ന ഓർമപ്പെടുത്തലാകാമത്. അക്വീലായും പ്രിസ്ക്കായും പൗലോസ്ശ്ലീഹായുടെ പഴയകാല സുഹൃത്തുക്കളാണ്. സഭയുടെ ആരംഭകാലത്തു ശ്ലീഹായോടൊപ്പം അവരുമുണ്ടായിരുന്നു (ശ്ലീഹ. നടപടി 18,1-3). എഫേസോസിൽ തങ്ങളുടെ ഭവനത്തിൽ ഒരു സഭയ്ക്ക് ആതിഥ്യം കൊടുക്കാൻ കഴിയുംവിധം സ്വാധീനവും സൗകര്യവും അവർക്കുണ്ടായിരുന്നിരിക്കണം.

''വിശുദ്ധ ചുംബനത്താൽ അന്യോന്യം അഭിവാദനം ചെയ്യുവിൻ'' എന്നത് ഒരാഹ്വാനം എന്നതിനെക്കാൾ സാംസ്കാരികമായ ഒരു പതിവു സൂചിപ്പിക്കുന്നതാകാം. സമാധാനചുംബനം എന്നനിലയിൽ ആരാധനാസമ്മേളനങ്ങളുടെ ഭാഗമായി വിശ്വാസികൾ പരസ്പരം ആശംസകളർപ്പിക്കുന്ന പതിവു പിന്നീടും സഭകളിൽ കാണുന്നുണ്ട്. ഇതു പരസ്പരാനുരഞ്ജനത്തിന്റെ ആശംസയുമാണ്. കുടുംബബന്ധത്തെയും സൂചിപ്പിക്കുന്ന ഈ വിശുദ്ധ ചുംബനം, വിശ്വാസികൾ ദൈവപിതാവിന്റെ കുടുംബത്തിലെ അംഗങ്ങളും പരസ്പരം സഹോദരങ്ങളു

മാണെന്ന് ഓർമപ്പെടുത്തുന്നു. തിരുസഭ പിതാവായ ദൈവത്തിന്റെ മക്കളുടെ ഒരു കുടുംബമാണെന്ന് അജഗണങ്ങളെ ബോധവത്കരിക്കാൻ അജപാലകർ ശ്രദ്ധിക്കണം.

## ജീവിതസൂചിക

1. പരിശുദ്ധ കുർബാനമധ്യേയുള്ള സ്തോത്രക്കാഴ്ചയെക്കുറിച്ചു സഭാത്മകമായ കാഴ്ചപ്പാടുകൾ ജനങ്ങൾക്കു കൊടുക്കാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. അജപാലകർക്കു ചെയ്തുകൊടുക്കേണ്ട ഭൗതികസൗകര്യങ്ങളെക്കുറിച്ചു ഞാൻ ജനങ്ങളെ ബോധവത്കരിക്കുന്നുണ്ടോ?
3. സഭയുടെ കൂട്ടായ്മാസ്വഭാവത്തിനു വിരുദ്ധമായ നിലപാടുകൾ ഇടവകയിൽ ഉണ്ടാകാതിരിക്കാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
4. പരസ്പരസ്നേഹം ക്രിസ്തീയജീവിതത്തിന്റെ സ്ഥായീഭാവമാണെന്നു ഞാൻ ജനങ്ങൾക്കു മനസിലാക്കിക്കൊടുക്കുന്നുണ്ടോ?
5. തിരുസഭ ദൈവമക്കളുടെ കുടുംബമാണെന്ന ബോധവത്കരണം ഞാൻ സഭാംഗങ്ങൾക്കു നൽകുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജൂലൈ**

20 രാവിലെ: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകാംഗം കല്ലുകളം അന്നമ്മ തോമസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. വെരൂർ സെന്റ് ജോസഫ്സ് പള്ളിയിൽ അറയ്ക്കപ്പറമ്പിൽ അലക്സ് തോമസ്-അലയ്ക സണ്ണി ദമ്പതികളുടെ മകൾ റോസിനു പ്രവേശക കൂദാശകൾ നൽകി.

21 കോയിൽമുക്ക് സെന്റ് ജോസഫ്സ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

വൈകുന്നേരം: എടത്വാ സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെട്ട എടത്വാ ഫൊറോനയിലെ കൈക്കാരന്മാരുടെയും കണക്കന്മാരുടെയും സമ്മേളനത്തിൽ പങ്കെടുത്തു സന്ദേശം നൽകി.

22-23 അതിരൂപതാകേന്ദ്രത്തിൽ റീജൻസി ബ്രദേഴ്സിനോടൊപ്പം വർത്തമാനപ്പുസ്തകത്തിന്റെ സെമിനാർ അവതരണത്തിൽ പങ്കെടുത്തു.

24 രാവിലെ: മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ സീനിയർ വൈദികനും എഴുത്തുകാരനുമായിരുന്ന ഫാ. ടി. ജെ. ജോഷ്വായുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

25 വൈകുന്നേരം: ചങ്ങനാശ്ശേരി പണ്ടകശാലക്കടവ് സെന്റ് ജയിംസ് ചാപ്പലിൽ മാർ യാക്കോബ് ശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

26 വൈകുന്നേരം: പോങ്ങുമൂട് സെന്റ് അൽഫോൻസാ പള്ളിയിൽ മാർത്ത് അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

27 രാവിലെ: തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ ചൂളപ്പറമ്പിൽ മറിയം, ആഗ്നസ് എന്നിവരുടെ ആഘോഷമായ പരിശുദ്ധ കുർബാനസ്വീകരണത്തിനു കാർമികത്വംവഹിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട 'നൂറുമേനി സീസൺ 2' മഹാസംഗമത്തിൽ അധ്യക്ഷപ്രസംഗം നടത്തി; സമ്മാനദാനം നിർവഹിച്ചു.

വൈകുന്നേരം: കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നേതൃത്വപഠനപരിശീലനശില്പശാല 'ദർശൻ '24' ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

28 രാവിലെ: വെളിയനാട് നോർത്ത് സെന്റ് ഗ്രിഗറീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

വൈകുന്നേരം: മുണ്ടത്താനം സെന്റ് ആന്റണീസ് ഇടവകാംഗം വഴീപ്പറമ്പിൽ കെ. ഒ. ജോസഫിന്റെ മൃതസംസ്കാരത്തിനു പള്ളിയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ വത്തിക്കാൻ എക്യുമെനിക്കൽ സമിതിയംഗങ്ങളെ സ്വാഗതം ചെയ്തു സ്നേഹവിരുന്നിൽ പങ്കെടുത്തു.

29 രാവിലെ: വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം: പായിപ്പാട് കോടിക്കൽ അഡ്വ. ജോർജ് വർഗീസിന്റെ ഭവനത്തിൽ നടത്തപ്പെട്ട മാർതോമാ വിദ്യാനികേതൻ ഒന്നാംവർഷബാച്ചിന്റെ സംഗമത്തിൽ പങ്കെടുത്തു.

30 രാവിലെ: ഇത്തിത്താനം ജോസഫൈൻ സിസ്റ്റേഴ്സിന്റെ കോൺവെന്റ് ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം: കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ വൈദികാർഥികൾക്കു ക്ലാസ്സ് നയിച്ചു.

31 വൈകുന്നേരം: അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ ട്രസ്റ്റ് ബോർഡ് മീറ്റിങ്ങിൽ പങ്കെടുത്തു.

**ഓഗസ്റ്റ്**

01 രാവിലെ: ചെത്തിപ്പുഴ എസ്.ഡി. സെന്റ് ജോസഫ് പ്രൊവിൻഷ്യൽ ഹൗസിൽ സി. റോസിറ്റ എസ്.ഡി.യുടെ മൃതസംസ്കാരത്തിന്റെ ഒന്നാംഘട്ട ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കിടങ്ങൂർ സെന്റ് മേരീസ് ക്നാനായ ഫൊറോനാപ്പള്ളിയിൽ ഒഴുകയിൽ മാത്യു, നെടിയപാലയ്ക്കൽ മരിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു. അമയന്നൂർ ആശ്രയ ചാരിറ്റബിൾ സൊസൈറ്റിയുടെ 7-ാമതു യൂണിറ്റ് ആശ്രയ സ്നേഹഭവനത്തിന്റെ കല്ലിടൽകർമം നിർവഹിച്ചു.

ഉച്ചകഴിഞ്ഞ്: പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്സ് ഇടവകാംഗവും താന്നിയത്ത് ബഹു. മാത്യു അച്ചന്റെ മാതാവുമായ ത്രേസ്യാമ്മ തോമസിന്റെ മൃതസംസ്കാരത്തിന്റെ സമാപനശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

വൈകുന്നേരം: അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

02 മുറിഞ്ഞപുഴ നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ സംഘടിപ്പിക്കപ്പെട്ട WINGS 2.0 എന്ന സംരംഭകത്വപരിപാടിയിൽ അധ്യക്ഷപ്രസംഗം നടത്തി.

03 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട WINGS 2.0 എന്ന സംരംഭകത്വപരിപാടിയിൽ പങ്കെടുത്തു.

ഉച്ചയ്ക്ക്: പച്ച-ചെക്കിടിക്കാട് ലൂർദ് മാതാ ഇടവകാംഗവും പുരയ്ക്കൽ ബഹു. ജോസഫ് അച്ചന്റെ മാതാവുമായ സെലീനാമ്മ ബനഡിക്റ്റിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

04 രാവിലെ: ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ വിയാനി ദിനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; വൈദികരെ സന്ദർശിച്ചു. വെരൂർ സെന്റ് ജോസഫ്സ് ഇടവകാംഗം കുട്ടംപേരൂർ ചക്കാലയ്ക്കൽ കെ. ജെ. സിറിയക്കിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട WINGS 2.0 എന്ന സംരംഭകത്വപരിപാടിയിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ മേഴ്സി ഹോമിന്റെ സുവർണജൂബിലിസമാപന സമ്മേളനത്തിൽ പങ്കെടുത്തു; സ്മരണികപ്രകാശനം ചെയ്തു.

05 രാവിലെ: ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളിയിൽ പാറേൽ സെന്റ് മേരീസ് ഇടവകാംഗം പുതുക്കാട്ടിൽ അഗസ്റ്റിൻ, പോട്ട ലിറ്റിൽ ഫ്ളവർ ഇടവകാംഗം മരിയ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

ഉച്ചകഴിഞ്ഞ്: ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ നവീകരിച്ച ഗൈനക്കോളജി ഡിപ്പാർട്ടുമെന്റിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

05–09 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ കെ.സി.ബി.സി. ധ്യാനത്തിൽ പങ്കെടുത്തു.

10 രാവിലെ: കാക്കനാട് സെന്റ് മൈക്കിൾസ് ലത്തീൻ പള്ളിയിൽ മുഹമ്മ സെന്റ് ജോർജ് ഫൊറോനാ ഇടവകാംഗം പട്ടാറ തോമസ്, പാലാരിവട്ടം സെന്റ് മാർട്ടിൻ ഡീ പോറസ് ഇടവകാംഗം മുളയ്ക്കൽ ട്രീസ എന്നിവരുടെ വിവാഹം ആശീർവദിച്ചു.

വൈകുന്നേരം: ചങ്ങനാശ്ശേരി സി.എം.സി. ഹോളി ക്യൂൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

11 രാവിലെ: അതിരൂപതാകേന്ദ്രത്തിലെ മാർ ജയിംസ് കാളാശ്ശേരി മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെട്ട 'രക്ഷാകർതൃപ്രതിനിധി & സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്' ഉദ്ഘാടനം ചെയ്തു പ്രസംഗം നടത്തി. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയുടെ ഹാളിൽ നടത്തപ്പെട്ട നെടുങ്കുന്നം, കുറുമ്പനാടം, മണിമല ഫൊറോനകളിലെ കൈക്കാരന്മാരുടെയും കണക്കന്മാരുടെയും സമ്മേളനത്തിൽ സന്ദേശം നൽകി.

ഉച്ചകഴിഞ്ഞ്: കാവാലം സെന്റ് തെരേസാസ് പള്ളിയിൽ ഇടവകപ്രഖ്യാപനത്തിന്റെ ശതോത്തരസുവർണജൂബിലിയാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു; ഇടവകദിനാഘോഷം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി; വിവാഹത്തിന്റെ ജൂബിലി ആഘോഷിക്കുന്നവരെ ആദരിച്ചു.

12 രാവിലെ: കുരിശുമ്മൂട് മീഡിയ വില്ലേജിൽ നടത്തപ്പെട്ട ഇന്റർ–എപ്പാർക്കിയൽ സമ്മേളനത്തിൽ പങ്കെടുത്തു.

വൈകുന്നേരം: കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുടമാളൂർ അൽഫോൻസാ അഭയഭവൻ സന്ദർശിച്ചു.

13 രാവിലെ: പുന്നപ്ര മാർ ഗ്രിഗോറിയോസ് കോളേജിന്റെ ദശവത്സരാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു. പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളിയിൽ

നടത്തപ്പെട്ട ആലപ്പുഴ ഫൊറോനയിലെ വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.

വൈകുന്നേരം: വാഴപ്പള്ളി എസ്.എ.ബി.എസ്. കോൺവെന്റ് ചാപ്പലിൽ സെന്റ് തെരേസാസ് ടീച്ചേഴ്സ് ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർഥികൾ, സ്റ്റാഫംഗങ്ങൾ എന്നിവരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഒരുക്കമായുള്ള ആലോചനായോഗത്തിൽ പങ്കെടുത്തു.

14 രാവിലെ: ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജ് ചാപ്പലിൽ സി.എസ്.എം.ന്റെ ഉദ്ഘാടനം പരിശുദ്ധ കുർബാനയർപ്പിച്ചു നിർവഹിച്ചു; കോളേജിന്റെ ഡയമണ്ട് ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു.

ഉച്ചകഴിഞ്ഞ്: ചങ്ങനാശ്ശേരി സെന്റ് ബർക്ക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട കോളേജ് ടീച്ചേഴ്സ് കോൺഫെറൺസിൽ പങ്കെടുത്തു; പുതുതായി നിർമിക്കുന്ന എം.ബി.എ. ബ്ലോക്കിന്റെ ഫൗണ്ടേഷൻ സ്റ്റോൺ വെഞ്ചരിപ്പുകർമം നിർവഹിച്ചു.

15 രാവിലെ: അതിരൂപതാകേന്ദ്രത്തിൽ സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു ദേശീയപതാക ഉയർത്തി.

വൈകുന്നേരം: നിർമിച്ചുകൊണ്ടിരിക്കുന്ന പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിലെ വലിയപള്ളിയുടെ ആനവാതിലിന്റെ കട്ടള വെഞ്ചരിച്ചു; പരി. കന്യകാമറിയത്തിന്റെ സ്വർഗാരോപണതിരുനാളിടോനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

16 രാവിലെ: കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

വൈകുന്നേരം: വിതുര ഓൾ സെയിന്റ്സ് ഇടവകാംഗം മഠത്തിൽ റ്റി. ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. എക്യുമെനിക്കൽ കൗൺസിലിന്റെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

17 രാവിലെ: തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗം കളത്തിപ്പറമ്പിൽ തോമസുകുട്ടിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പുന്നവേലി എഫ്.ഡി.എസ്.എച്ച്.ജെ. ജനറലേറ്റ് ചാപ്പലിൽ എഫ്.ഡി.എസ്.എച്ച്.ജെ. സന്യാസിനിസമൂഹത്തിന്റെ 'എപ്പാർക്കിയൽ പദവി പ്രഖ്യാപനം' നടത്തി പരിശുദ്ധ കുർബാനയർപ്പിച്ചു; പൊതുസമ്മേളനത്തിൽ പങ്കെടുത്തു നവീകരിച്ച നിയമാവലി പ്രകാശനം ചെയ്തു.

ഉച്ചകഴിഞ്ഞ്: നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാപ്പള്ളിയിൽ പുതിയാപറമ്പിൽ ബഹു. ചാക്കോ അച്ചന്റെ പൗരോഹിത്യസ്വീകരണസുവർണജൂബിലിയാഘോഷങ്ങളുടെ ഭാഗമായുള്ള പരിശുദ്ധ കുർബാനയിൽ വചനസന്ദേശം നൽകി.

വൈകുന്നേരം: കോട്ടയം ഗാന്ധി സ്ക്വയറിൽ ദളിത് കത്തോലിക്കാ മഹാജന സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട നീതിഞായർ ഐക്യദാർഢ്യ

സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടത്തപ്പെട്ട 'ബർക്മൻസ് ഡേ' മീറ്റിങ്ങിൽ പങ്കെടുത്തു സന്ദേശം നൽകി.

18 രാവിലെ: കൈനകരി സെന്റ് മേരീസ് പള്ളിയിൽ ഇടവകതിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ റാസാ അർപ്പിച്ചു.

ഉച്ചകഴിഞ്ഞ്: മാമ്പുഴക്കരി കുട്ടനാട് റിസേർച്ച് ആൻഡ് റിവൈവൽ സൊസൈറ്റിയുടെ (KRRIS) ഓഡിറ്റോറിയത്തിൽ KRRIS-INFARM (ഇൻഡ്യൻ ഫാർമേഴ്സ് മൂവുമെന്റ്)ന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട കർഷകദിനാചരണസമ്മേളനം ഉദ്ഘാടനം ചെയ്തു; മുതിർന്നകർഷകരെ ആദരിച്ചു; ഇൻഫാമിന്റെ അംഗത്വകാർഡുവിതരണം നടത്തി.

വൈകുന്നേരം: അയർക്കുന്നം കോയിപ്പുറത്ത് ജോസിന്റെ ഭവനവെഞ്ചരിപ്പുകർമം നിർവഹിച്ചു.

❍

**ജൂലൈ**

23 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. സന്ദേശനിലയത്തിൽ നടത്തപ്പെട്ട സൺഡേസ്കൂൾ ഫൊറോനാ ഡയറക്ടേഴ്സ് മീറ്റിൽ പങ്കെടുത്തു.

24 മുറിഞ്ഞപുഴ നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ സംഘടിപ്പിക്കുന്ന WINGS 2.0യുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

25 തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളിയിൽ വിവാഹം ആശീർവദിച്ചു. കവടിയാർ നിർമല ഭവൻ ഹയർ സെക്കൻഡറി സ്കൂളിന്റെ ഓഡിറ്റോറിയം വെഞ്ചരിച്ചു; മീറ്റിങ്ങിൽ പങ്കെടുത്തു.

26 മുട്ടാർ ന്യൂ സെന്റ് തോമസ് പള്ളിയിൽ വയോജനദിനാചരണത്തിൽ പങ്കെടുത്തു. ത്രേസ്യാമ്മ പ്ലാവേലി, സി. ട്രീസ മാർട്ടിൻ എഫ്.സി.സി. എന്നിവരുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. മുളങ്കുന്നത്തു മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കലിന്റെ പിതാവു തൊമ്മൻകൊച്ചിന്റെ ശതാബ്ദിയാഘോഷത്തിൽ പങ്കെടുത്തു. പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ 'സ്നേഹസ്പർശം' എന്നപരിപാടിയിൽ പങ്കെടുത്തു കാരുണ്യ പദ്ധതികൾ ഉദ്ഘാടനം ചെയ്തു. പബ്ലിക് അവയർനെസ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു.

27 ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട 'നൂറുമേനി ഗ്രാൻഡ് ഫിനാലെ'ൽ പങ്കെടുത്തു. പ്രവിത്താനം സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. മുണ്ടത്താനം സെന്റ് ആന്റണീസ് ഇടവകാംഗം കെ. ഒ. ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. 'സേഫ്ഗാർഡിങ് മൈനേഴ്സ്' എന്ന ഓൺലൈൻ മീറ്റിങ്ങിൽ പങ്കെടുത്തു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ കത്തോലിക്കാകോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 'ദർശൻ '24'ൽ പങ്കെടുത്തു.

29 ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു.

30 ചങ്ങനാശ്ശേരി സി.എം.സി. ഹോളി ക്വീൻസ് പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് നയിച്ചു.

31 സി. റോസിറ്റ കുഴിക്കാട്ട്മ്യാലിൽ എസ്.ഡി.യുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി.

## ഓഗസ്റ്റ്

01 പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് നയിച്ചു. പുന്നക്കുന്നത്തുശേരി സെന്റ് ജോസഫ്സ് ഇടവകാംഗവും താന്നിയത്ത് ബഹു. മാത്യു അച്ചന്റെ മാതാവുമായ ത്രേസ്യാമ്മ തോമസിന്റെ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു. അതിരൂപതാകേന്ദ്രത്തിൽ ഇന്റർ-ഡിപ്പാർട്ടുമെന്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

02 മുറിഞ്ഞപുഴ നസ്രാണിമാർഗം ട്രസ്റ്റിന്റെ നേതൃത്വത്തിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സഹകരണത്തോടെ ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കാവുകാട്ട് ഹാളിൽ നടത്തപ്പെട്ട WINGS 2.0ൽ പങ്കെടുത്തു.

03 പച്ച-ചെക്കിടിക്കാട് ലൂർദ് മാതാപ്പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ അൽഫോൻസാ തീർഥാടനത്തോടനുബന്ധിച്ച് അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി.

04 പുനലൂർ സേക്രഡ് ഹാർട്ട് ഇടവകയിൽ അജപാലനസന്ദർശനം നടത്തി.

05–09 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടത്തപ്പെട്ട കെ.സി.ബി.സി. ധ്യാനത്തിൽ പങ്കെടുത്തു.

10 കോട്ടയം എസ്.എച്ച്. ജനറലേറ്റിൽ നടത്തപ്പെട്ട യൂണിഫിക്കേഷൻ ജൂബിലിയിലും പുതുക്കരി സെന്റ് സേവ്യേഴ്സ് ഇടവകാംഗം മാന്തുരുത്തിൽ ബഹു. ജോർജ് അച്ചന്റെ മാതാപിതാക്കളുടെ വിവാഹവാർഷികാഘോഷത്തിലും പങ്കെടുത്തു. തിരുവനന്തപുരം ട്രിനിറ്റി മാർതോമാപ്പള്ളിയിൽ നടത്തപ്പെട്ട കൺവെൻഷനിൽ വചനസന്ദേശം നൽകി.

11 നെടുമങ്ങാട് സെന്റ് തോമസ് ഇടവകയിൽ അജപാലനസന്ദർശനം നടത്തി. വിഴിഞ്ഞം സെന്റ് ഫ്രാൻസിസ് സാലസ് സീനിയർ സെക്കൻഡറി സ്കൂളിൽ നടത്തപ്പെട്ട 'നസ്രത്ത് മീറ്റ്'ൽ പങ്കെടുത്തു.

12 ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലേറ്റിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുരിശുമ്മൂട് മീഡിയ വില്ലേജിൽ നടത്തപ്പെട്ട ഇന്റർ-എപ്പാർക്കിയൽ മീറ്റിങ്ങിൽ പങ്കെടുത്തു.

13 പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളിയിൽ പ്രവേശകകൂദാശകൾ പരികർമം ചെയ്തു. പുന്നപ്ര ദനഹാലയയിൽ ക്ലാസ്സ് നയിച്ചു. ആലപ്പുഴ ഫൊറോനയിലെ വൈദികരുടെ മീറ്റിങ്ങിൽ പങ്കെടുത്തു. കൈതവന ഇമ്മാക്കുലേറ്റ് ഹാർട്ട് ഇടവകാംഗം മാന്തറ ബഹു. സേവ്യർ അച്ചന്റെ പിതാവ് എം. എക്സ്. സാമിന്റെ മൃതസംസ്കാരത്തിനു ഭവനത്തിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

14 കുടമാളൂർ അൽഫോൻസാ ജന്മഗൃഹത്തിൽ മാർത്ത് അൽഫോൻസായുടെ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

15 പെരുങ്കാവ് സെന്റ് തോമസ് പള്ളിയിൽ ഗ്രോട്ടോ ആശീർവദിച്ചു; സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ചു ദേശീയപതാക ഉയർത്തി. ചങ്ങനാശ്ശേരി സെന്റ് ബർക്മൻസ് കോളേജിലെ കല്ലറയ്ക്കൽ ഹാളിൽ നടത്തപ്പെട്ട

പാലാത്ര ബഹു. ജോൺ സി.എം.ഐ. അച്ചന്റെ പൗരോഹിത്യസ്വീകരണ രജതജൂബിലിയാഘോഷത്തിൽ പങ്കെടുത്തു. കോട്ടയം നവജീവൻ ട്രസ്റ്റ് സന്ദർശിച്ചു. നിർമിച്ചുകൊണ്ടിരിക്കുന്ന പാറേൽ മരിയൻതീർഥാടനകേന്ദ്ര ത്തിലെ വലിയപള്ളിയുടെ ആനവാതിലിന്റെ കട്ടളവെപ്പിൽ പങ്കെടുത്തു. പടഹാരം സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാന അർപ്പിച്ചു; ഇടവകദിനാഘോഷത്തിൽ പങ്കെടുത്തു.

16 പുന്നക്കുന്നത്തുശേരി സെന്റ് ജോസഫ്സ് പള്ളിയിൽ പ്രവേശകൂദാശകൾ പരികർമം ചെയ്തു. വിതുര ഓൾ സെയിന്റ്സ് ഇടവകാംഗം മഠത്തിൽ റ്റി. ചാക്കോയുടെ മൃതസംസ്കാരശുശ്രൂഷകൾക്കു സഹകാർമികത്വംവഹിച്ചു.

17 പായിപ്പാട്-നാലുകോടി സെന്റ് തോമസ് പള്ളിയിൽ ഇറ്റാലിയൻ യുവാക്ക ളോടൊപ്പം പരിശുദ്ധ കുർബാനർപ്പിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാ ഇടവകാംഗം കളത്തിപ്പറമ്പിൽ തോമസുകുട്ടിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി. കൊല്ലാട് ലിറ്റിൽ ഫ്ളവർ പള്ളിയിൽ വിവാഹവാഗ്ദാനത്തിനു കാർമികത്വംവഹിച്ചു. നെടുങ്കുന്നം സെന്റ് ജോൺ ദ ബാപ്റ്റിസ്റ്റ് ഫൊറോനാ ഇടവകാംഗം പുതിയാപറമ്പിൽ ബഹു. ചാക്കോ അച്ചന്റെ പൗരോഹിത്യസ്വീകരണസുവർണജൂബിലിയാഘോഷത്തിൽ പങ്കെടുത്തു.

18 തിരുവല്ലം-കോവളം സേക്രഡ് ഹാർട്ട് പള്ളിയിൽ അജപാലനസന്ദർശനം നടത്തി. കഴക്കൂട്ടം അപ്പസ്തോലിക് ഒബ്ലേറ്റ്സ് സന്യാസിനിസമൂഹത്തിന്റെ കോൺവെന്റ് വെഞ്ചരിച്ചു; ചാപ്പലിന്റെ കൂദാശ നിർവഹിച്ചു.



# ENGAGEMENTS

## SEPTEMBER 2024

**Mar Joseph Perumthottam**
Archbishop of Changanacherry

| | | |
|---|---|---|
| 01 | 03.00 pm | Annual Meeting- AKCC @ St. Joseph's Church, Laikadu |
| 04 | 05.30 pm | Holy *Qurbana* @ LSDP Convent, Kunnamthanam |
| 05 | 10.30 am | Onam Celebrations @ Lourdes Matha Cancer Care, Thiruvananthapuram |
| 06 | 03.30 pm | Meeting- Volunteers: WINGS 2.0 @ St. Berchmans College, Changanacherry |
| 07 | 05.00 pm | Meeting- Centenary Jubilee Conclusion @ St. Mary's Church, Ithithanam |
| 09 | 06.15 pm | *Ramsa* & Class @ St. Thomas Minor Seminary, Kurichy |
| 10 | 10.00 am | Seminar- WINGS 2.0 @ St. Berchmans College, Changanacherry |
| 11 | 11.00 am | Marriage @ St. Xavier's Forane Church, Thrickodithanam |
| 12 | 04.00 pm | Marriage @ Sacred Heart Church, Rajamattom |
| 13 | 06.15 am | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| 14 | 11.00 am | Marriage @ St. Antony's Church, Anakkal |
| 16 | 06.30 pm | Inauguration- *Sasthrapadham* Inter-Eparchial Camp @ Media Village, Kurisummood |
| 18 | 10.30 am | Meeting- Centenary Jubilee: Bethany Sisters @ Thiruvalla |
| 21 | 03.00 pm | Holy *Qurbana* & Meeting- Golden Jubilee: ASMI Congregation @ Cheeranchira |
| 24 | 11.00 am | Inauguration- Diamond Jubilee Year @ Assumption College, Changanacherry |
| 29 | 07.00 am | Holy *Qurbana* @ Mar Thoma Sleeha Pilgrim Centre, Niranam |

**FR. SECRETARY - 9447507393**



# ENGAGEMENTS

## SEPTEMBER 2024

**Mar Thomas Tharayil**
Archbishop Elect of Changanacherry

| | | |
|---|---|---|
| 01 | 07:30 am | Holy *Qurbana* @ St. Mary's Church, Parel |
| | 03:00 pm | Half Yearly Meeting- AKCC @ St. Joseph's Church, Laikadu |
| 02 | 06:15 am | Holy *Qurbana* @ St. Thomas Minor Seminary, Kurichy |
| | 02:30 pm - 04:00 pm | Visitors |
| 03 | | Holy *Qurbana* @ St. Joseph's Priests' Home, Ithithanam |
| 04 | 07:00 am | Sacraments of Initiation @ Lourdes Matha Church, Mammood |
| 05 | 11:00 am | Marriage @ Christ the King Church, Rajagiri |
| 06 | 02:30 pm | Loan Distribution: CHASS - KSBCDC |
| | 05:00 pm | Holy *Qurbana* @ St. Mary's Church, Ithithanam |
| 07 | 07:00 am | Inauguration- Golden Jubilee @ Alphonsa Bhavan, Kudamaloor |
| | 03:00 pm | Snehatheeram, Kidangara |
| | 05:30 pm | Homily @ St. Mary's Forane Church, Pulincunnoo |
| | 07:00 pm | Blessing- Shrine @ St. George Church, Cheeranchira |
| 08 | 07:00 am | Holy *Qurbana* @ St. Joseph's Church, Chennamkary West |
| 09-13 | | Retreat- Priests @ Eparchy of Bhadravathi |
| 14 | 06:45 am | Sacraments of Initiation @ St. Mary's Church, Pulickalkavala |
| | 11:30 am | Marriage @ St. George Church, Thottackad |
| | 06:00 pm | Gathering- Youth @ St. Athanasius Church, Nedungadappally |
| 15 | 07:00 am | Holy *Qurbana* @ Lourdes Matha Church, Aruvikuzhy |
| | 03:30 pm | Blessing- Presbytery @ Lourdes Matha Church, Charamangalam |
| | 06:00 pm | Popular Mission Retreat @ St. Michael's Church, Thathampally |

| | | |
|---|---|---|
| 16 | 10:00 am | Convention- Senior Citizens @ St. Thomas Marthoma Syrian Church, Pattoor |
| | 11:45 am | Jesus Youth Campus Meet @ All Saints College, Veli |
| 17 | 06:00 am | Sacraments of Initiation @ St. Joseph's Church, Veroor |
| 18 | 08:30 am | Centenary- Bethany Sisters Congregation @ St. John's Cathedral, Thiruvalla |
| | 12:00 noon | *Sasthrapadham* Inter-Eparchial Camp @ Media Village, Kurisummood |
| | 02:30 pm - 04:00 pm | Visitors |
| 19 - 20 | | Ongoing Formation- Priests @ Mount St. Thomas, Kakkanad |
| 21 | 10:00 am | Reunion Anniversary & Ecclesial Get-together @ VPS Malankara Higher Secondary School, Venganoor |
| | 04:00 pm | Jubilee & Final Profession @ LWSH Convent, Kattachira |
| 22 | 10:00 am | Holy *Qurbana* @ Holy Family Church, Pullangady |
| | 03:00 pm | Archeparichal *Mathruvedi Janmavarshika Sammelanam* @ Christ the King Church, Ettumanoor |
| | 05:30 pm | Parish Day @ St. Antony's Church, Chengalam |
| 23 | | Engaged |
| 24 | 10:30 am | Inauguration- Diamond Jubilee Year @ Assumption College, Changanacherry |
| | 06:00 pm | Mar Thoma Sleeha Seminary, Niranam |
| 25 | 02:30 pm - 04:00 pm | Visitors |
| 26 | 04:30 pm | Holy *Qurbana* @ Sanjeevani Rehabilitation Centre, Nedumkunnam |
| 27 | | Engaged |
| 28 | 06:30 am | Jubilee @ Anna Dengal Convent, Ithithanam |
| 29 - 30 | | Engaged |

**FR. SECRETARY - 8078088468**

❍

## ഐക്കൺവിവരണം
(കവർ ബാക്ക്)

# വിശുദ്ധ കുരിശിന്റെ കണ്ടെത്തലിനെയും പുകഴ്ച്ചയെയും കുറിച്ചുള്ള ഐക്കൺ

ഇതൊരു ഗ്രീക്ക്-ഓർത്തഡോക്സ് ബൈസന്റൈൻ ഐക്കണാണ്. എ.ഡി. 306 മുതൽ 337 വരെ റോമാസാമ്രാജ്യത്തിന്റെ ഭരണാധികാരിയും ക്രിസ്തുമതം സ്വീകരിച്ച ആദ്യ റോമൻ ചക്രവർത്തിയുമായിരുന്ന കോൺസ്റ്റ ന്റൈൻ ഒന്നാമന്റെ *(കോൺസ്റ്റന്റൈൻ ദ ഗ്രേറ്റ്)* അമ്മ ഫ്ളാവിയ ജൂലിയ ഹെലേന *(സെന്റ് ഹെലേന)* എ.ഡി. 326ൽ ജറുസലെമിലേക്കു നടത്തിയ തീർഥാടനത്തിനിടെയാണ് ഈശോമ്ശിഹായെ തറച്ച വിശുദ്ധ കുരിശു കണ്ടെത്തിയത്. ജറുസലെമിലെ ആർച്ചുബിഷപ്പായിരുന്ന മക്കാരിയൂസ് I ആണ് (എ.ഡി. 312-335) പരസ്യവണക്കത്തിനായി വി. കുരിശ് ഉയർത്തിയത്. കത്തോലിക്കാ-ഓർത്തഡോക്സ് സഭകളിൽ അദേഹം ഒരു വിശുദ്ധനായി അംഗീകരിക്കപ്പെടുന്നു.

# നിയുക്തമെത്രാപ്പോലീത്തായ്ക്ക് ഔദ്യോഗികസ്വീകരണം

## സെൻ്റ് മേരീസ് മെത്രാപ്പോലീത്തൻപള്ളി, ചങ്ങനാശ്ശേരി

(31 ഓഗസ്റ്റ് 2024)


































**മുൻ മേലധ്യക്ഷന്മാരുടെ കബറിടത്തിൽ പുഷ്പാർച്ചന**

**(മാർത്ത് മറിയം കബറിടപ്പള്ളി)**




# ആശംസകൾ



ഷംഷാബാദ് രൂപതയുടെ നിയുക്തമെത്രാൻ

**അഭി. മാർ ആന്റണി പാണേങ്ങാടൻപിതാവിനു**

ചങ്ങനാശ്ശേരി അതിരൂപതാകുടുംബത്തിന്റെ

പ്രാർത്ഥനാശംസകൾ

**VEDAPRACHARA MADHYASTAN VOL.97 No.03 2024 September**
Date of Publication: 05-09-2024
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment

Rs 25/-

Posted at Changanacherry sorting on the last day of every month




**ജീവൻ ഞങ്ങൾക്കേകീടും**
**മ്ശിഹായെ, നീ സ്ലീവായാൽ,**
**ശ്രേഷ്ഠതയേറും സഹനത്താൽ**
**മരണത്തിന്മേൽ ജയമാർന്നു...**
**(മാർ സ്ലീവായുടെ പുകഴ്ച– ഓനീസാ ദ്വാസർ, റംശാ,**
**ഏലിയാ – സ്ലീവാ – മൂശെക്കാലം)**

Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.

sjopresschry@gmail.com www.archdiocesechanganacherry.org